KNANAYADEEPAM

ക്നാനായദീപം

SINCE 1989

Vol: 28 / Issue: 9 July 2018 ₹ :10/-

കോട്ടയം വലിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ഗീവർഗീസ് മോർ സേവേറിയോസിന്റെ 91 – ാം ശ്രാദ്ധപ്പെരുന്നാളിന് നി. വ. ദി. ശ്രീ. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിൽ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നു.

ക്നാനായ ദീപം

SINCE 1989

2018 ജൂലൈ പുസ്തകം 29 ലക്കം 7

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

Chief Patron
H.E. Mor Severios Kuriakose
Chief Metropolitan

Patrons
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

Editorial Board

Chief Editor
V. Rev. Roy Mathew Mulamoottil

Managing Editor
Fr. John Mathew Moolamkulam

Members
Abraham Kallissery
Abraham K. Mathew Kdaithara
K. T. Abraham Kariyil
Jose A.T. Amakkattu
Jinto K. Abraham Minerva

Press Manager
Rev. Fr. Jiby Joseph

Press Managing Committee
Arun T. C., Thakidiyil
Juby K. Jacob Kollamparambil
Thomaskutty A. Kurian Aphisil
Manish Joy Ozhukuthara
Jacob Kuruvilla Anakkattu
Mathew Kuruvilla Puthiyaparambil

Ex-officio Members
Commander T. O. Elias
(Lay Trustee)
Prof. Abraham Punnoose
(Samudaya Secretary)

Designing
Greeshma Designs
(M) 9447304348
gdesignktm@gmail.com

Address
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
kna.deepam@gmail.com

Visit www. knanayadeepam.com

ഉള്ളടക്കം

എഡിറ്റോറിയൽ	04
വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം	05
ബൈബിൾ : ഒരു ആമുഖ പഠനം ഫാ. ജിനു കുരുവിള	06
ഘോഷയാത്രകൾ ക്രിസ്തീയ ആരാധനയിൽ റെജി കൊണ്ടോടി	08
മലങ്കരസഭ പ്രൊഫ. പി. കെ. സ്കറിയ	09
ഭാര്യ / ഭർത്താവ് അത്ര പോരാ... ജെറ്റി റെജി	15
വചനാമൃതം ഫാ. റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ	18
പ്രാചീന കേരളത്തിലെ ശിക്ഷകളും അനുബന്ധ നടപടിക്രമങ്ങളും സമ്റോനോ സിബി തോമസ്	20
ചേരമൻ പെരുമാളും ക്നാനായക്കാരും തോമസ് കുട്ടി	22
കാല്പാടുകൾ എബി	26
കർത്താവിന്റെ മലർവാടി	28
യേശുവിന്റെ കൂടെ നടന്ന സ്ത്രീകൾ ആരെല്ലാം ലീലാമ്മ ഏബ്രഹാം	33
കുടുംബചിന്തകൾ ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ	37
ബാലദീപം	38
മാട്രിമോണിയൽ	39

ക്നാനായദീപം വരിസംഖ്യ കുടിശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

ക്നാനായദീപം മൊബൈൽ ആപ്ലിക്കേഷൻ **Android / IOS** ഉടൻ **Launch** ചെയ്യുന്നു

editorial

എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

വർത്തമാനപ്പത്രങ്ങളിലൂടെയും, പലവിധ വാർത്താ മാധ്യമങ്ങളിലൂടെയും ദിനം പ്രതി കണ്ണോടിച്ചാൽ ഭൂമിയിലെങ്ങും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അസ്വസ്ഥതകൾ വർദ്ധിച്ചു വരുന്നതായി കാണാം. സാമ്പത്തിക പ്രതിസന്ധി മിക്ക രാജ്യങ്ങളേയും ഗ്രസിച്ചിരിക്കുന്നു. യുദ്ധത്തിന്റെയും യുദ്ധസന്നാഹത്തിന്റെയും പടഹധ്വനി പല സ്ഥലത്തും മുഴങ്ങുന്നു. ഏതു സമയത്തും സംജാതമായേക്കാവുന്ന ഒരു യുദ്ധത്തെ നേരിടുവാനെന്നോണം ലോകരാഷ്ട്രങ്ങൾ ആയുധസംഭരണം മുറയ്ക്കു നടത്തുന്നു. പുതിയ പുതിയ ആയുധങ്ങൾ കണ്ടു പിടിക്കുന്നതോടെ മനുഷ്യന്റെ നശീകരണശക്തി അനേക മടങ്ങുകളായി വർദ്ധിക്കുകയാണ്. ഏറ്റവും ഒടുവിലായി പ്രകൃതിയുടെ നിയതവ്യവസ്ഥയിൽ സംഭവിച്ചിരിക്കുന്ന മാറ്റം മൂലം ലോകവ്യാപകമായി തന്നെ ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം നിമിത്തം വില വർദ്ധന നേരിടേണ്ടിയിരിക്കുന്നു. ഇതൊക്കെ ലൗകീകരംഗത്തെ പ്രതിഭാസമാണ്. പക്ഷേ ആത്മീയഗോളത്തിലെ സ്ഥിതി എന്ത്? ചേരിപ്പോരും, കേസുകളും വഴക്കുകളും ചാക്കിട്ടു പിടുത്തവും പള്ളിപിടുത്തവും, കാലുമാറ്റവും മറ്റും രാഷ്ട്രീയത്തിലെ തന്നെ മൂന്നാംതരം മുറകളായി ഗണിക്കപ്പെട്ടിരിക്കെ വിശ്വാസികളുടെ ഇടയിൽ ഇത് മാന്യമോ . ഏതു വിധേനയും ദൈവനാമം മഹത്വപ്പെടുത്തുകയും നശിച്ചുപോകുന്ന ആത്മാക്കൾ രക്ഷിക്കപ്പെടുകയും ചെയ്യണമെന്ന ഭാരത്തോടെ ആരംഭിച്ച പ്രസ്ഥാനങ്ങൾ പലതും "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്നതിന് സമാനമായ അവസ്ഥയിലാണ്. ദൈവനാമം ദുഷിക്കപ്പെടുന്നതും സാക്ഷ്യം നഷ്ടപ്പെട്ടതുമായ ഒരു സഭയായി മലങ്കരയിലെ സഭ പരിണമിച്ചതിന്റെ ഫലമായി ആത്മീക മരണത്തിന്റെ വക്കിലെത്തിയ ആളുകളുടെ ഒരു കൂട്ടം മാത്രമായി മാറിയിരിക്കുന്നതിലേറെ കഷ്ടം വേറെ എന്തുണ്ട്. കക്ഷി വഴക്കുകൾകൊണ്ട് രണ്ടു കൂട്ടരുടെയും ആത്മീയ നിലവാരം ഒന്നിച്ചു നിന്നപ്പോഴുണ്ടായതിനേക്കാൾ കുറയുകയല്ലേ ചെയ്തിട്ടുള്ളത്. ഇതിനെല്ലാം കാരണക്കാർ ആര്? ചിന്തിച്ചു നോക്കുക. ഒറ്റവാക്കിൽ പറഞ്ഞാൽ മലങ്കരയിലുള്ള സത്യവിശ്വാസികളുടെ സഭയ്ക്ക് ഉണ്ടായിരുന്ന ദർശനം നഷ്ടപ്പെട്ടിരിക്കുന്നു. നഷ്ടപ്പെട്ടതല്ല നഷ്ടപ്പെടുത്തിയതാണെന്നു തന്നെ പറയാം. ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയും ഇല്ലാത്ത മേലദ്ധ്യക്ഷന്മാർ വർദ്ധിച്ചിരിക്കുന്നു. ഇവരിൽ ചിലർ നേതൃത്വസ്ഥാനത്തു തന്നെയാണെന്നതുകൊണ്ട് ശുദ്ധീകരണവും വളരെ പ്രയാസമുള്ള കാര്യമാണ്. ഈ പ്രശ്നങ്ങൾക്കെല്ലാം തന്നെ ഏകപോംവഴി മാത്രമേയുള്ളൂ. തുറന്ന ഹൃദയത്തോടെ ഒരു സ്വയപരിശോധനയ്ക്ക് തയ്യാറായി ഒരു മേശയ്ക്ക് ചുറ്റും ഇരുന്ന് ദൈവത്തെ മുൻനിർത്തി ചർച്ച നടത്തി പരിഹാരം കാണണം. സഭാമക്കൾ സാമ്പത്തികമായി ഉയർന്നു എന്നത് ഒരു യഥാർത്ഥ്യമാണ്. പക്ഷേ ആത്മീകമായി അനേക പടികൾ പുറകോട്ടു പോയിട്ടില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരേ വിശ്വാസത്തിന്റെയും ആരാധനയുടെയും മേശയുടെയും അംശികളായ സഭാംഗങ്ങൾ ഇരുചേരികളായി തിരിഞ്ഞ് നിന്നുകൊണ്ട് പടപൊരുതുവാൻ തുടങ്ങിയിട്ട് 100 ൽ പരം വർഷങ്ങൾ പിന്നിട്ടു. അടുത്ത തലമുറയെ എങ്കിലും ഓർത്തുകൊണ്ട് ഈ പള്ളി വഴക്കുകൾ തലമുറതലമുറ കൈമാറാതെ സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ പിൻതുടരണമേ. 2018 ജൂൺ മാസം 12 ന് സിംഗപ്പൂരിലെ സെന്റോസ ദീപിലുള്ള കാപെല്ല ഹോട്ടലിൽ യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും ഉത്തരകൊറിയൻ ഭരണത്തലവൻ കിംജോങ്ങ്നും സമാധാനത്തിനുവേണ്ടിയുള്ള സംയുക്ത പ്രസ്താവനയിൽ ഒപ്പുവച്ചപ്പോൾ ലോകം ആശ്വാസത്തോടെ കൺപാർത്തു നിന്നു. ചരിത്രവും, നാലു യു.എസ്. പ്രസിഡന്റുമാർ കിണഞ്ഞു പരിശ്രമിച്ചിട്ടും നടക്കാത്ത കാര്യം നേടിയെടുത്ത അഭിമാനത്തോടെ ഇനി ട്രംപിനു പെരുമവർദ്ധിക്കും. ലൗകീക നേതാക്കന്മാർ ഒരുമിച്ചപ്പോൾ സമാധാനം ഉണ്ടായെങ്കിൽ ആത്മീയ പിതാക്കന്മാരായ പരിശുദ്ധ പാത്രിയർക്കീസും കാതോലിക്കാമാരും മെത്രാന്മാരും ഒരുമിച്ചുകൂടി സത്യസന്ധമായി ദൈവനാമ മഹത്വത്തിനുവേണ്ടി സഭയ്ക്ക് ശാശ്വത സമാധാന ഉടമ്പടിക്ക് ഒപ്പുവയ്ക്കുന്നില്ലാ എങ്കിൽ ലോകജനതയുടെ മുമ്പിൽ അപമാനിതരായി തീരുമെന്നുമാത്രമല്ല. ഈ ലോകത്തിലും പരലോകത്തിലും നിങ്ങൾക്ക് സ്വസ്ഥത ലഭിക്കയില്ല എന്ന സത്യം മറന്നുപോകരുത്.

ക്രൈസ്തവസഭ ഇന്നു നേരിടുന്ന വെല്ലുവിളികൾ പലതാണ്. അദ്ധ്യാത്മിക മൂല്യങ്ങളേയും, ദൈവവിശ്വാസത്തെയും തുടച്ചുനീക്കുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ഭൗതീകതയുടെയും സെക്കുലറിസത്തിന്റെയും കാറ്റ് ശക്തിയായി നമ്മുടെ ചുറ്റുപാടുകളിൽ ആഞ്ഞടിക്കുന്നുണ്ട്. ദൈവവും മതവിശ്വാസവുമെല്ലാം ശാസ്ത്രീയ ചിന്തയ്ക്ക് നിരക്കാത്തതാണെന്നും അന്ധവിശ്വാസമാണെന്നുമുള്ള ചിന്ത യുവ മനസ്സുകളെ കീഴടക്കിക്കൊണ്ടിരിക്കുകയാണ്. മതവിശ്വാസത്തിന് ഒന്നും ഈ കാലത്ത് പ്രസക്തിയില്ല. മതമേതായാലും മനുഷ്യൻ നന്നായാൽ മതി. നല്ല ജീവിതമാണ് ആവശ്യം എന്നൊക്കെ പഠിപ്പിച്ച് പലരേയും വഴിതെറ്റിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഏക മാനവീകതയിലേക്കുള്ള പ്രയാണമാണിതെന്നുമാണ് അവരുടെ പ്രചരണം. ഈ വെല്ലുവിളികളെ ശക്തമായി നേരിടാൻ സഭ തയ്യാറാകേണ്ട കാലം അതിക്രമിച്ചിരിക്കേ സിംഹാസനത്തിനുവേണ്ടിയും സ്വത്തുക്കൾക്കുവേണ്ടിയുമുള്ള ദുഷ്പ്രവണത ഉപേക്ഷിച്ച് "സകലജാതികളേയും ശിഷ്യരാക്കിക്കൊൾവീൻ" എന്ന നമ്മുടെ കർത്താവിന്റെ കല്പനയേ പ്രമാണിച്ച് വചനഘോഷണത്തിന് മുൻതൂക്കം നൽകി മുൻപോട്ടുപോകുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എന്ന് നിങ്ങളുടെ

റോയിഅച്ചൻ

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം

വേദപണ്ഡിതന്മാരുടെ ഭാഷയിൽ ചെറിയ പ്രവാചകന്മാരിൽ വലിയവനായിരുന്നു ദാനിയേൽ! ലോകത്തുണ്ടായിട്ടുള്ള സാമ്രാജ്യങ്ങളിൽ പ്രഥമ സാമ്രാജ്യമായ ബാബേൽ മുതൽ പിന്നീടുണ്ടായ മേദ്യ-പേർഷ്യാ, ഗ്രീക്ക്, റോമാ തുടങ്ങിയ സാമ്രാജ്യങ്ങളെക്കുറിച്ചും, ഇന്നു നിലവിലിരിക്കുന്ന ജനാധിപത്യ സംവിധാനങ്ങളെക്കുറിച്ചും, പ്രവചിച്ച പ്രവാചകശ്രേഷ്ഠനാണ് ദാനിയേൽ (ദാനി. 2:31-44) ലോകരക്ഷിതാവായ മശിഹാ തമ്പുരാന്റെ ജനനത്തിനു 500 വർഷങ്ങൾക്ക് മുമ്പ് ആകാശ മേഘങ്ങളെ വാഹനമാക്കി വരുന്ന നമ്മുടെ കർത്താവിനെക്കുറിച്ചും നിത്യരാജ്യ സ്ഥാപനത്തെക്കുറിച്ചും മാനവരാശിക്ക് അറിവു നൽകിയ ദീർഘദർശിയാണ് ദാനിയേൽ (ദാനി. 7:13-19) നമ്മുടെ കർത്താവും, ജാതികളുടെ അപ്പസ്തോലനുമായ പൗലോസ്ശ്ലീഹായും പഠിപ്പിച്ചതുപോലെ നമ്മുടെ കർത്താവിന്റെ രണ്ടാം വരവിങ്കൽ നന്മ ചെയ്തവർ ജീവനുവേണ്ടിയും, തിന്മ ചെയ്തവർ ദണ്ഡ വിധിക്കുവേണ്ടിയുമുള്ള പുനരുത്ഥാനത്തെക്കുറിച്ചു ലോകത്തോടു പ്രവചിച്ച പ്രവാചകനാണ് ദാനിയേൽ. (ദാനി. 12:1-3) പുതിയനിയമ പുസ്തകങ്ങളിൽ യോഹന്നാനുണ്ടായ വെളിപ്പാടിനു സമാനമായ ദർശനങ്ങൾ ദൈവത്തിൽ നിന്നു പ്രാപിച്ചു ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്ത പഴയനിയമകാല താപസ്സ ശ്രേഷ്ഠനായിരുന്നു ദാനിയേൽ.

ക്രിസ്തുവിനു മുമ്പു 530ൽ, യഹോവയുടെ വഴികളിൽ നടക്കാതെ തന്നിഷ്ടവഴികളിൽ നടന്ന യഹൂദാ രാജാവായ യഹോയാക്കീമിന്റെ കാലത്ത് യറുശലേം നഗരത്തെയും, അതിലെ ദേവാലയത്തെയും യഹോവ ബാബേൽ രാജാവായ നെബൂക്കദ്നേസ്സറിന്റെ കയ്യിൽ ഏല്പിച്ചു. ദേവാലയത്തെ നശിപ്പിച്ചു കളഞ്ഞു എന്നു മാത്രമല്ല ചുറ്റുമതിലുകൾ ഇടിക്കയും ദേവാലയത്തിലെ പൂജാപാത്രങ്ങൾ കൊള്ള ചെയ്തു ബാബേലിലേക്ക് കൊണ്ടുപോകുകയും ചെയ്തു. രാജാവായ യഹോയാക്കീമിനെയും അനേകം യഹൂദാ നിവാസികളെയും ബന്ദികളാക്കിപ്പിടിച്ചു ബാബേലിലേക്ക് കൊണ്ടുപോകുകയും ചെയ്തു. അങ്ങനെ കൊണ്ടുപോകപ്പെട്ട യുവാക്കളിൽനിന്നും കല്ദയരുടെ വിദ്യയും ഭാഷയും മൂന്നു വർഷം അഭ്യസിപ്പിച്ചു രാജസന്നിധിയിൽ ശുശ്രൂഷയ്ക്കായി ഒരുക്കപ്പെട്ട ബാലന്മാരിൽ പ്രധാനിയായിരുന്നു ദാനിയേൽ. അവൻ ബാബേൽ സംസ്ഥാനത്തിനൊക്കെയും അധിപതിയായി (ദാനി 2:43) അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം, തന്റെ കൂട്ടുകാരായ ശദ്രക്ക്, മേശെക്ക് അബേദനഗോവ് എന്നിവരെ ബാബേൽ സംസ്ഥാനത്തിലെ കാര്യാദികൾക്ക് മേൽ വിചാരകന്മാരായി നിയമിക്കപ്പെടുകയും ചെയ്തു.

ദാനിയേലോ, ബാബേൽ രാജാവായ നെബൂക്കദ്നേസറിന്റെ കാലത്തും അദ്ദേഹത്തിന്റെ പുത്രനായ ബേൽശസ്സറിന്റെ കാലത്തും, തങ്കംകൊണ്ടുള്ള തലയ്ക്ക് സമാനമായ ബാബേൽ സാമ്രാജ്യത്തിന്റെ പതനത്തിന്റെശേഷം നിലവിൽ വന്ന മേദ്യ-പേർഷ്യാ സാമ്രാജ്യത്തിലെ മേദ്യനായ ദാര്യാവേശിന്റെ കാലത്തും പാർസിരാജാവായ കോരെശിന്റെ കാലത്തും ശുഭമായിരുന്നു എന്നത്രേ വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നത് (ദാനി 6:28) സാമ്രാജ്യങ്ങളും രാജാക്കന്മാരും മാറി മറിഞ്ഞിട്ടും മുഖപ്രസന്നതയോടെ തന്റെ ജോലിയിൽ തുടരാൻ എങ്ങനെ സാധിച്ചു എന്ന് ദാനിയേൽപ്രവചന പുസ്തകത്തിലെ വരികൾക്കിടയിലൂടെ നമുക്ക് വായിച്ചറിയാൻ സാധിക്കും. പ്രതിസന്ധികളുടെ നടുവിൽ തളരാതെ ദൈവമുഖത്തേക്കും, ദേവാലയദിക്കിലേക്കും, ദൃഷ്ടി പതിച്ചു യഹൂദൻ ചെയ്യുന്നതുപോലെ മുട്ടുകുത്തിയുള്ള അവന്റെ പ്രാർത്ഥന. രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ദൈവത്തിലുള്ള ആശ്രയം. തന്റെ കൂട്ടുകാരെക്കുറിച്ചുള്ള കരുതൽ, സത്യസന്ധത, ഉൽകൃഷ്ടമാനസ്സൻ, വിശ്വസ്തൻ തുടങ്ങിയ വിശേഷ ഗുണങ്ങളുടെ ഉടമയായിരുന്നു അദ്ദേഹം.

നിഷ്കളങ്കനായി നടന്നു നീതി പ്രവർത്തിക്കുന്നവനും ഹൃദയപൂർവ്വം സത്യം സംസാരിക്കുന്നവനും, നാവുകൊണ്ടു കുരള പറയാത്തവനും തന്റെ കൂട്ടുകാരനോടു ദോഷം ചെയ്യാത്തവനും, കൂട്ടുകാരനു അപമാനം വരുത്താത്തവനും, വഷളനെ നിന്ദ്യനായി എണ്ണുന്നവനും യഹോവാ ഭക്തന്മാരെ ബഹുമാനിക്കുന്നവനും, സത്യം ചെയ്തിട്ടും ചേതം വന്നാലും മാറാത്തവനും തന്റെ ദ്രവ്യം പലിശയ്ക്കു കൊടുക്കാത്തവനും, കുറ്റമില്ലാത്തവനു വിരോധമായി കൈക്കൂലി വാങ്ങാത്തവനും ആയവന്നു മാത്രമേ കർത്തൃകൂടാരത്തിലും അവന്റെ വിശുദ്ധ പർവ്വതത്തിലും വസിപ്പാൻ സാധിക്കു എന്നത്രേ സങ്കീർത്തനക്കാരൻ പറയുന്നത്. ഈ ഗുണവിശേഷങ്ങൾ തിങ്ങി നിറഞ്ഞവനായിരുന്നു ദാനിയേൽ. നാമും അങ്ങനെ തന്നെ ആയിരിപ്പാൻ ഇടവരട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്
വലിയ മെത്രാപ്പോലീത്താ

ബൈബിൾപഠനം 27

ബൈബിൾ: ഒരു ആമുഖ പഠനം

ഫാ. ജിനു കുരുവിള, കിഴക്കേമുട്ടത്തിൽ

നാഹും

അസീറിയൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ നിനവേയുടെ പതനത്തിന് (BC 612) തൊട്ടു മുമ്പായിരിക്കണം. നാഹൂമിന്റെ പ്രവചനങ്ങൾ നടന്നത്. നിനവേയുടെ നാശമാണ് ഗ്രന്ഥത്തിന്റെ പ്രധാന പ്രമേയം. മൂന്ന് അദ്ധ്യായങ്ങൾ മാത്രമുള്ള ഒരു ചെറിയ പുസ്തകമാണ് ഇത്. അസീറിയായിൽ നിന്ന് അനുഭവിക്കേണ്ടി വന്ന ക്രൂരതയുടേയും അടിമത്വത്തിന്റെയും പശ്ചാത്തലത്തിൽ വേണം ഈ പുസ്തകം മനസിലാക്കുവാൻ.

ശത്രുക്കളോടു പ്രതികാരം ചെയ്യുകയും തന്നിൽ ആശ്രയിക്കുന്നവരെ രക്ഷിക്കുകയും ചെയ്യുന്ന കർത്താവിന്റെ ശക്തി വൈഭവത്തെ പ്രകീർത്തിക്കുന്ന ഗീതമാണ് ആദ്യത്തേത് (1:1-15). നിനവേയുടെ പതനം പടിപടിയായി വർണ്ണിച്ചുകൊണ്ടുള്ള പ്രവചനങ്ങളാണ് ബാക്കി ഭാഗം (2:13:39). ലോകരക്ഷിതാവായ ദൈവം യൂദായെ രക്ഷിക്കുവാനായി അസീറിയായെ ശിക്ഷിക്കും (1:2) ചരിത്രത്തിൽ അസീറിയായെ നശിപ്പിച്ചതു മേദിയാക്കാരും ബാബിലോണ്യക്കാരുമാണെങ്കിലും കർത്താവാണ് അതു ചെയ്തതെന്ന് പ്രവാചകൻ പറയുന്നു (1:3-14).

രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ പ്രസംഗിക്കാറുണ്ടായിരുന്ന കർത്താവിന്റെ ദിനത്തെക്കുറിച്ചുള്ള ആശയങ്ങൾ കാണാം. കർത്താവിന്റെ ദിനമെന്നത് പ്രവാചകന്മാരുടെ വീക്ഷണത്തിൽ ദൈവം തന്റെ ശത്രുക്കളുടെ മേൽ തന്റെ ശക്തി തെളിയിക്കുകയും അവരുടെമേൽ നീതി നടത്തുകയും ചെയ്യുന്ന ദിനമാണ്. ലോകത്തിലുള്ള എല്ലാ രാജ്യങ്ങളും ദൈവത്തിന്റെ അധികാരത്തിൻ കീഴിലാണെന്ന സന്ദേശമാണ് നാഹും വികസിപ്പിക്കുന്നത്. ദൈവം അനീതിയെ ശിക്ഷിക്കും (നാഹും 3:1-3). ദൈവത്തിന്റെ ന്യായവിധിയുടെ ആ ദിനം ദൈവജനത്തിന് ആനന്ദകരമായിരിക്കും. കാരണം, അന്നു ദൈവം കുറ്റക്കാരായ എല്ലാവരെയും ശിക്ഷിക്കുകയും നശിപ്പിക്കുകയും ചെയ്യും.

കർത്താവ് തന്റെ ദിനത്തിൽ ആഗതനാകുമ്പോൾ മിന്നൽ പിണർ, കൊടുങ്കാറ്റ്, മേഘം, അഗ്നി എന്നീ ദൂതന്മാരുടെ അകമ്പടിയോടുകൂടി വരും. (1:3-6) ബാബിലോൺ ശത്രുവായ നിനവയെ കീഴ്പ്പെത്തുന്നത് രണ്ടാം അദ്ധ്യായത്തിൽ വിവരിക്കുന്നു.

ഗ്രന്ഥത്തിന്റെ സന്ദേശം

1). യുദ്ധത്തിന്റെ മാർഗം ഏറ്റവും ഒടുവിൽ പരാജയമായിരിക്കും. വാളെടുക്കുന്നവൻ വാളാൽ എന്നു പറഞ്ഞ കർത്താവിന്റെ വാക്കുകൾ അക്ഷരം പ്രതി ചരിത്രത്തിൽ നിറവേറുന്നതാണ് നാഹൂമിന്റെ വിഷയം. വാളാൽ സ്ഥാപിതമാകുന്ന സാമ്രാജ്യം വാളാൽ നശിപ്പിക്കപ്പെടും.

2). ദൈവം ചരിത്രത്തിന്റെ കർത്താവാകുന്നു. ശക്തിയും ക്രൂരതയും പീഡനവും പ്രയോഗിച്ചവർ ശിക്ഷിക്കപ്പെടും.

3). ദൈവരാജ്യത്തിന്റെ ശത്രുക്കൾ പരാജയപ്പെടുമെന്ന പ്രത്യാശ ഈ പുസ്തകത്തിൽ പ്രതിഫലിക്കുന്നു.

ആരംഭം മുതൽ തിന്മയുടെ പ്രതീകമായിരുന്നു നിനവെ. നിനവേക്കാർ ദൈവജനമായ യുദായെ തിന്മ ചെയ്യുവാൻ പ്രേരിപ്പിച്ചതിനാൽ ദൈവജനത്തിന്റെ രക്ഷക്കുവേണ്ടി ആ ദുഷ്ടർ നശിക്കണമെന്ന് പ്രവാചകൻ ആഗ്രഹിച്ചു. ദൈവജനത്തിന്റെ രക്ഷയെക്കുറിച്ച് ആകുലനാവുക എന്നത് പ്രവാചക ധർമ്മമാണ്.

ഹബക്കൂക്ക്

ഹബക്കൂക്ക് യിരമ്യായുടെ സമകാലികനും നാഹൂമിന്റെ പിൻഗാമിയുമായിരുന്നു. BC 605-598 കാലത്ത് അദ്ദേഹം പ്രവാചക ശുശ്രൂഷ നിർവ്വഹിച്ചു. യിസ്രായേലിനെ ഞെരുക്കിയിരുന്ന ശക്തനായ ഒരു ഭരണാധികാരിയുടെ നാശമാണ് ഗ്രന്ഥത്തിലെ പ്രമേയം. പ്രവാചകനെ അലട്ടിയിരുന്ന, നീതിയെ സംബന്ധിക്കുന്ന രണ്ട് ചോദ്യങ്ങളും അവയ്ക്ക് ദൈവം നൽകിയ ഉത്തരങ്ങളുമാണ് ഗ്രന്ഥത്തിന്റെ ആദ്യഭാഗത്തെ പ്രതിപാദനം വിഷയം. നീതിമാനായ ദൈവം എന്തിന് ലോകത്തിൽ അനീതി നടമാടാനനുവദിക്കുന്നു എന്നതായിരുന്നു പ്രവാചകന്റെ ആദ്യ പ്രശ്നം (1:1-4) അനീതി അനുവദിക്കുമ്പോൾ എങ്ങനെ നീതിമാനാകും? നീതി നടപ്പാക്കുന്നതിനാണ് താൻ ബാബിലോണിനെ യൂദായിലേക്ക് കൊണ്ടുവന്നിരിക്കുന്നത് എന്നതായിരുന്നു പ്രവാചകന്റെ ചോദ്യത്തിനു ദൈവത്തിന്റെ ഉത്തരം (1:5-11). ഈ മറുപടിയിൽ അദ്ദേഹം സംതൃപ്തനായില്ല. കാരണം യൂദായെ ശിക്ഷിക്കുന്നതിനുവേണ്ടി എന്തുകൊണ്ടാണ് ദുഷ്ടരായ ബാബിലോൺകാരെ ഉയർത്തുന്നത്. എന്നതായിരുന്നു അടുത്ത പ്രശ്നം (1:12-17). ബാബിലോണിനാൽ ശിക്ഷിക്കപ്പെടുന്ന യൂദാ അവരെക്കാൾ മെച്ചമാണ്. (1:12-13).

ഉള്ളടക്കം

1:1-17 ദൈവവുമായുള്ള സംവാദം

2:1-20 നീതിമാൻ വിശ്വാസ്ഥതയിൽ ജീവിക്കും.

3:1-15 സ്തോത്ര സങ്കീർത്തനം.

പ്രധാന ചിന്തകൾ

1) നീതിമാന്റ കഷ്ടതയുടേയും ദുഷ്ടന്റെ അഭിവൃദ്ധിയുടേയും കാരണം.

2). ദുഷ്ടത സ്വന്ത നാശത്തിന്റെ വിത്ത് വിതയ്ക്കുന്നു.

3). നീതിമാൻ വിശ്വാസത്താൽ ജീവിക്കും

സർവ്വ ലോകത്തിലും ദുഷ്ടതയുടെ നടുവിൽ ദൈവം ഉണ്ട്. അതുകൊണ്ട് ദൈവത്തിൽ വിശ്വാസമുള്ളവർ അവനുമായി കൂട്ടായ്മ ആചരിക്കുക തന്നെ ചെയ്യും

4). എതിർപ്പുകളുടെ മദ്ധ്യത്തിൽ ദൈവത്തിൽ ആനന്ദിക്കണം.

ആനുകാലിക പ്രശ്നങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാണുവാനും വ്യാഖ്യാനിക്കുവാനുമുള്ള പരിശ്രമം പ്രവാചക ധർമ്മമാണ്. ദുഃഖത്തിലും സന്തോഷത്തിലും പ്രാർത്ഥനയുടെ ചൈതന്യം അനുഗ്രഹമാണ്. പരിമിതനായ മനുഷ്യന് അപരിമിതനായ ദൈവത്തിന്റെ എല്ലാം പ്രവർത്തികളും ഗ്രഹിക്കാനാവില്ല.

സെഫന്യാവ്

സെഫന്യാവ് യെരുശലേമിൽ പാർത്തിരുന്ന രാജവംശജനായ ഒരു പ്രവാചകൻ ആയിരുന്നു (1:1). 'ദൈവം എന്നെ മറച്ചുവച്ചു' എന്നാണ് സെഫന്യാവ് എന്ന പേരിന്റെ അർത്ഥം. യോശിയായുടെ മതനവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് അല്പം മുമ്പായിരിക്കണം ഇദ്ദേഹം തന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അസീറിയൻ സ്വാധീനത്തിൽപ്പെട്ട് ഏകദൈവ വിശ്വാസത്തിന് നിരക്കാതെ മ്ലേഛമായ പല കാര്യങ്ങളും അവരുടെ ആരാധന ജീവിതത്തിൽ കടന്നു കൂടുകയും ചെയ്തു.

ഞാൻ ഈമുഖത്തുനിന്ന് എല്ലാറ്റിനെയും തുടച്ചു മാറ്റുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് പ്രവാചകൻ യൂദായുടേയും യെരുശലേമിന്റേയും അവിശ്വസ്ഥതയ്ക്കും അകൃത്യങ്ങൾക്കുമുള്ള ശിക്ഷയുടെ സമയം അടുത്തിരിക്കുന്നു എന്ന് മുന്നറിയിപ്പ് നൽകി. ഈ ശിക്ഷയുടെ സമയത്തെ അല്ലെങ്കിൽ യഹോവയുടെ ന്യായവിധിയെ യഹോവയുടെ ദിവസം എന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

കർത്താവിന്റെ ദിനം ദൈവം മനുഷ്യരെയും മറ്റു ജീവജാലങ്ങളേയും വിധിക്കുന്ന ദിനമാണ്. (1:2-3). അന്ന് സൃഷ്ടജാലങ്ങളെല്ലാം നശിപ്പിക്കപ്പെടും. മറ്റുള്ളവരോടൊപ്പം യൂദായും യെരുശലേമും നശിക്കും. കാരണം അവർ വിഗ്രഹാരാധകരായി മാറിയിരിക്കുന്നു. നാട്ടിൽ അക്രമവും വഞ്ചനയും നടമാടുന്നു (1:9). അവരുടെ ആശ്രയം സമ്പത്ത് മാത്രമാണ്. അനീതിയും പീഡനവും (3:1, 3-4) അഴിമതിയും (3:5) ചതിയും വഞ്ചനയും മറ്റ് തിന്മകളും വർദ്ധിച്ചതുകൊണ്ടാണ് ദൈവം വിധി കർത്താവായി വരുന്നത്. അവരുടെ തിന്മയ്ക്ക് യൂദായെ ശിക്ഷിച്ചശേഷം അസീറിയ ഉൾപ്പെടെ അവരുടെ ചുറ്റുമുള്ള രാജ്യങ്ങളേയും ദൈവം ശിക്ഷിക്കും (2:4-3:8). ദൈവസന്നിധിയിൽ വിനയപ്പെട്ടെങ്കിൽ മാത്രമേ ഈ ന്യായവിധിയിൽനിന്ന് രക്ഷപ്പെടുവാൻ സാധിക്കുകയുള്ളൂ.

ഉള്ളടക്കം

അദ്ധ്യായം 1- യഹൂദയ്ക്കും സകല ലോകത്തിലും സംഭവിപ്പാനിരിക്കുന്ന യഹോവയുടെ ശിക്ഷാവിധി ദിവസം.

അദ്ധ്യായം 2- ഫെലിസ്ത്യ നഗരങ്ങൾ, മോവാബ്, അർമ്മോൻ, എത്യോപ്യ, അസീറിയ തുടങ്ങിയ സ്ഥലങ്ങളുടെ മേൽ ന്യായവിധി വരുന്നു.

അദ്ധ്യായം 3- യെരുശലേമിനെതിരായി കഷ്ടതകൾ വരുന്നുണ്ട്. വിജാതീയരുടെ മേലും രാഷ്ട്രങ്ങളുടെ ഭാഷ ശുദ്ധീകരിക്കുന്നു. എല്ലാവരും യഹോവയെ അംഗീകരിച്ച് ആരാധിക്കും. ശത്രുക്കളിൽനിന്ന് വിടുവിക്കപ്പെട്ട യിസ്രായേലിന്റെ മഹത്വം വിവരിച്ചിരിക്കുന്നു.

ദൈവം യൂദായെയും മറ്റു രാജ്യങ്ങളേയും ശിക്ഷിച്ചാലും ഒരു ശിഷ്ടഭാഗം അവശേഷിക്കും. എന്ന് പ്രവാചകൻ വെളിപ്പെടുത്തുന്നു. ഇത് രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ്. കർത്താവ് ശിക്ഷിക്കുന്നത് രക്ഷിക്കുന്നതിനുവേണ്ടിയാണ് (3:9-20).

ഹഗ്ഗായി

B.C. 586 ൽ തെക്കേ രാജ്യമായ യൂദയാ ബാബേൽ അടിമത്വത്തിലേക്ക് വീണു. യെരുശലേം നഗരവും ദൈവാലയവും നശിപ്പിക്കപ്പെട്ടു. യഹൂദർ ബാബിലോണിന്റെ അടിമകളും പ്രവാസികളുമായിതീർന്നു. B.C. 538 ൽ പേർഷ്യൻ രാജാവായ കോരശ് (cyrus) ബാബിലോണിന്റെ മേൽ വിജയം നേടിപ്പോൾ പ്രവാസത്തിൽ കഴിഞ്ഞിരുന്നവർക്ക് സ്വാതന്ത്ര്യം നൽകി. യെരുശലേമിൽ കർത്താവിന് ഒരു ആലയം നിർമ്മിക്കാനുള്ള ആഹ്വാനവുമായി കോരശ് പുറപ്പെടുവിച്ച കല്പന ഏറെ നാൾ നിറവേറ്റപ്പെടാതെ കിടന്നു. അതായത് BC. 520 ൽ മടങ്ങിവന്ന ദൈവജനം BC. 516 ആയിട്ടും ദൈവാലയം പണിയുന്നതിനുള്ള സമയമായിട്ടില്ല എന്നു പറഞ്ഞുകൊണ്ട് ഓരോരുത്തരും സ്വന്ത താല്പര്യം മാത്രം സംരക്ഷിച്ചു. ഈ സന്ദർഭത്തിലാണ് തകർന്നു കിടക്കുന്ന ദൈവാലയത്തെ പുനരുദ്ധരിക്കുക എന്ന സന്ദേശവുമായി ഹഗ്ഗായി പ്രവാചകൻ കടന്നു വരുന്നത്.

യഹോവയുടെ ആലയം പണിയുവാനുള്ള കാലം വന്നിട്ടില്ല എന്ന് ഹഗ്ഗായി 1:2 ൽ പറയുന്നു. ഇത് ജനത്തിന്റെ അനാസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ഇതിൽനിന്നും ജനത്തെ തട്ടിയുണർത്തുക എന്നത് ഒരു ചെറു കാര്യമല്ല. അവരുടെ ദുരിത പൂർണ്ണമായ അവസ്ഥയ്ക്ക് കാരണം തുടർന്ന് പറയുന്നു "ഈ ആലയം തകർന്നു കിടക്കുന്ന ഈ സമയം നിങ്ങൾക്ക് മച്ചിട്ട ഭവനങ്ങളിൽ വസിക്കുവാനുള്ളതാണോ? അതുകൊണ്ട് സൈന്യങ്ങളുടെ കർത്താവ് അരുളി ചെയ്യുന്നു. നിങ്ങളുടെ സ്ഥിതിയെപ്പറ്റി ചിന്തിക്കുവീൻ! നിങ്ങൾ ഏറെ വിതച്ചു. കുറച്ചുമാത്രം കൊയ്തു. നിങ്ങൾ ഭക്ഷിക്കുന്നു. ഒരിക്കലും തൃപ്തി വരുന്നില്ല. നിങ്ങൾ വസ്ത്രം ധരിക്കുന്നു; ആർക്കും കുളിര് മാറുന്നില്ല. കൂലി ലഭിക്കുന്നവന് അത് ലഭിക്കുന്നത് ഓട്ട സഞ്ചിയിൽ ഇടാൻ മാത്രം". ഈ അവസ്ഥയ്ക്ക് കാരണം ദൈവത്തിന്റെ ആലയം നശിച്ചു കിടക്കുന്നതാണെന്ന് പ്രവാചകൻ പറയുന്നു. യഹോവയുടെ ആലയം പൂർത്തിയായാൽ അവിടെ യഹോവയുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കും. അതുകൊണ്ട് മുമ്പേ ദൈവത്തിന്റെ കാര്യമാണ് അന്വേഷിക്കേണ്ടത്. അപ്പോൾ അഭിവൃദ്ധിയും സമൃദ്ധിയും കൈവരുമെന്ന് ഹഗ്ഗായി പ്രവാചകൻ പ്രബോധിപ്പിച്ചു.

ദൈവാലയത്തിന്റെ പുനർ നിർമ്മാണമായിരുന്നു പ്രവാചകന്റെ ദൗത്യം. ദൈവാലയം രാഷ്ട്രീയവും സാമ്പത്തികവുമായ ഐശ്വര്യം അവർക്ക് പ്രദാനം ചെയ്യുമെന്ന് പ്രവാചകൻ പറഞ്ഞു (2:9) ദൈവാലയം പൂർത്തിയായാൽ യിസ്രായേലിനു അനുഗ്രഹം ലഭിക്കുമെന്ന് മാത്രമല്ല, ഈ ആലയത്തിലെ കർത്താവിനെ അംഗീകരിക്കുന്ന ഏതൊരു രാജ്യത്തിനും ഐശ്വര്യമുണ്ടാകും. കാരണം കർത്താവ് ലോകത്തിന്റെ മുഴുവൻ ഭരണ കർത്താവാണ്. ഈ ഭരണ കർത്താവ് ചൂഷകനല്ല; മറിച്ച് എല്ലാവർക്കും ഐശ്വര്യം നൽകുന്നവനാണ്. ദൈവത്തിന്റെ രാജത്വത്തിന്റെ അടയാളമായ ദൈവാലയം പണി തീർന്നാൽ മാത്രമേ ആ രാജത്വം ലോകത്തിൽ അംഗീകരിക്കപ്പെടുകയുള്ളൂ. അത് അംഗീകരിക്കപ്പെട്ടാൽ മാത്രമേ അനുഗ്രഹവും ഐശ്വര്യവും ഉണ്ടാ

കുകയുള്ളു.

സ്വാർത്ഥ താല്പര്യത്തിൽ നിന്നു മാറി ദൈവത്തിനും ദൈവീക കാര്യങ്ങൾക്കും സമയം ചെലവഴിക്കുമ്പോൾ ദൈവം സമൃദ്ധിയായി അനുഗ്രഹിക്കും. തട്ടിട്ട വീടുകൾ എന്നത് ആഡംബരത്തെ സൂചിപ്പിക്കുന്നു. ദൈവീക കാര്യങ്ങൾക്ക് സമയം നൽകാതെയുള്ള അദ്ധ്വാനം വ്യഥാവാണ്. മനുഷ്യരുടെ അദ്ധ്വാനം ഫലശൂന്യം. കൂലിക്കാരൻ കൂലിയിടുന്നത് ഓട്ട സഞ്ചിയിൽ. കാരണം വീട്ടിലെത്തുമ്പോൾ അതിന് വിലയില്ല. ജീവിതം ക്രമപ്പെടുത്താതെ ജനത്തിന് അവർ കാംക്ഷിക്കുന്ന ക്ഷേമം കൈവരുകയില്ല. ഇപ്പോഴത്തെ യാതനയിൽനിന്ന് അവർ പാഠം പഠിക്കണം. ദൈവത്തെ ഉപേക്ഷിച്ചുകൊണ്ട് അനുഗ്രങ്ങൾ നേടുവാൻ സാധ്യമല്ല.

മനുഷ്യർ ദൈവത്തിലേക്ക് തിരിയുമ്പോൾ സമൃദ്ധിയായ അനുഗ്രഹം ഉണ്ടാകും. അതിന്റെ തെളിവായിട്ട് പറയുന്നു. മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളവും ഒലിവും ഇനിയും ഫലം നൽകുന്നില്ല? (2:19). ഈ നാലു ചെടികൾ മുന്തിരി, അത്തി, മാതളം, ഒലിവ് ഇവ യിസ്രായേലിന്റെ സമൃദ്ധിയുടെ അടയാളമാണ്.

ഇരുപത് വർഷക്കാലം പലവിധ കാരണങ്ങളാൽ അവഗണിക്കപ്പെട്ട് കിടന്ന ദൈവാലയ പുനർ നിർമ്മാണം മുന്നുമാസത്തെ പ്രസംഗംകൊണ്ട് പുനർജ്ജീവിപ്പിച്ചവനാണ് ഹഗ്ഗായി. ബലി സ്വീകാര്യമായ സ്ഥലത്ത് സ്വീകാര്യമായ രീതിയിൽ സ്വീകാര്യമായ ത്യാഗ സമർപ്പണങ്ങളിലൂടെ അർപ്പിച്ചാൽ മാത്രമേ ദൈവം അത് സ്വീകരിക്കുകയുള്ളു. ദൈവത്തെ ഉപേക്ഷിച്ച് ലോകത്തിന്റെ വഴികളിലൂടെ യാത്ര ചെയ്ത് എത്ര അദ്ധ്വാനിച്ചാലും ഐശ്വര്യമുണ്ടാവുകയില്ല. എന്നാൽ ജീവിതത്തിൽ ദൈവത്തെ അന്വേഷിക്കുന്നവർക്ക് സമൃദ്ധിയുണ്ടാകുമെന്ന് ഹഗ്ഗായി പ്രവാചകന്റെ പുസ്തകം നമ്മെ പഠിപ്പിക്കുന്നു.

(തുടരും)

ഘോഷയാത്രകൾ ക്രിസ്തീയ ആരാധനയിൽ

റെജി കൊണ്ടോടി

പുതിയ നിയമ കാലത്തുതന്നെ ഏഷ്യാ മൈനറിലെ സഭയുടെ ആരാധനയിൽ ഘോഷയാത്രകൾക്കു സ്ഥാനം ഉണ്ടായിരുന്നു എന്ന് വെളിപാടു പുസ്തകത്തിൽ സൂചനയുണ്ട്. കുരുത്തോലകൾ ഏന്തിയ പുരുഷാരം (വെളി.7:9) ദൈവതേജസ്സോടെ ദൈവസന്നിധിയിൽ നിന്നിറങ്ങി വരുന്ന ക്രിസ്തുവിന്റെ മണവാട്ടിയായ സഭ (വെളി. 21:9-10) തുടങ്ങിയ വിവരണങ്ങൾ ഈ അർത്ഥത്തിൽ വേണം മനസ്സിലാക്കുവാൻ.

എന്നാൽ ഘോഷയാത്രകൾ ആരാധനകളുടെ ഭാഗമായിത്തീരുന്നത് കുസ്തന്തീനോസ് ചക്രവർത്തിയുടെ മാനസാന്തരത്തിനു ശേഷമാണ്. അതുവരെ രഹസ്യമായി നടത്തിയിരുന്ന ക്രിസ്തീയ ആരാധന, സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതത്തിന്റെ ഭാഗമായിത്തീർന്നു. ക്രിസ്തു മതത്തിന്റെ പരസ്യവും ഔദ്യോഗികമായ സ്വഭാവത്തിന്റെ അടയാളമായി ഘോഷയാത്രകൾ കണക്കാക്കപ്പെട്ടു. നാലാം നൂറ്റാണ്ടിൽ യെരുശലേമിലെ ആരാധനയിൽ അവയ്ക്കുണ്ടായിരുന്ന സ്ഥാനത്തെപ്പറ്റി എഗേറിയായുടെ വിവരണങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

ഘോഷയാത്ര ആരാധനയുടെ ചലനാത്മകതയുടെ പ്രതീകമാണ്. ഒരു സ്ഥലത്തു നിശ്ചലമായി നിന്ന് അരാധിക്കുന്നത് മാത്രമല്ല ക്രിസ്തീയ ആരാധനയുടെ പ്രത്യേകത. സഭ ദൈവരാജ്യത്തിലേക്ക് നീങ്ങുന്നുവെന്നതിന്റെ സൂചനയാണ് ആഘോഷമായ പ്രദക്ഷിണങ്ങൾ. പഴയനിയമത്തിൽ മോശയുടെ നേതൃത്വത്തിൽ ആരംഭിച്ച പുറപ്പാട് പുതിയനിയമത്തിൽ പുതിയ മോശയായ ക്രിസ്തുവിലൂടെ തുടരുന്നു.

യുദ്ധത്തിന്റെ ഭാഗമാണ് ഘോഷയാത്ര. സൈന്യത്തിന്റെ ശക്തിയുടെ പ്രകടനമായി ഘോഷയാത്രകൾ നടത്താറുണ്ട്. അതേ രീതിയിൽ തിന്മയുടെ ശക്തികളുമായി സഭ നിരന്തരം പോരാടുന്നു എന്നതിന്റെ പ്രതീകമാണ് ആരാധനയോടനുബന്ധിച്ചുള്ള പ്രദക്ഷിണങ്ങൾ. ആത്മീയ ഐക്യത്തിന്റേയും ശക്തിയുടേയും പ്രകടനമായി ഇവയെ കണക്കാക്കാം. ഇതുകൊണ്ടാണ് 'കുരിശിന് നമ്മുടെ ഘോഷയാത്രകളിൽ പ്രധാനസ്ഥാനം നൽകിയിരിക്കുന്നത്. ക്രിസ്ത്യാനികൾ ലോകമരുഭൂമിയിൽ പ്രവാസികളും ഊടാടി സഞ്ചരിക്കുന്നവരുമാണ് എന്നതിന്റെ അടയാളം കൂടിയാണ് ഘോഷയാത്രകൾ."മനുഷ്യപുത്രൻ വരുവോളം നിങ്ങൾ ഇസ്രയേൽ പട്ടണങ്ങളെ സഞ്ചരിച്ചു തീരുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു" (മത്തായി 10:23). കർത്താവിന്റെ രണ്ടാമത്തെ വരവുവരെ പ്രവാസികൾ ആയി ജീവിക്കുവാൻ ആണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത്. "സകല ജാതികളേയും ശിഷ്യന്മാരാക്കുവാൻ ഉള്ള (മത്തായി 28:20) അനസ്യൂത യാത്രയാണ് സഭയുടെ ദൗത്യം. സ്ഥാപനങ്ങൾ ആയി വളർന്നു ഒരിടത്ത് കൂടിയിരിക്കുകയല്ല ആത്മീയ തീർത്ഥാടകർ ആയി ദൈവരാജ്യത്തിലേക്ക് ആഘോഷമായി നീങ്ങുകയാണ് സഭയുടെ ദൗത്യം എന്ന് അനുസ്മരിക്കേണ്ട അവസരമാണ് ഘോഷയാത്രകൾ.

സമസ്ത ലോകത്തിന്റേയും ശുദ്ധീകരണവും സഭയുടെ ദൗത്യം ആണ്. ലോകത്തെ ദൈവസാന്നിദ്ധ്യമുള്ള ദൈവാലയം ആക്കി തീർക്കുവാനുള്ള സഭയുടെ ദൗത്യത്തിന്റെ ഭാഗമാണ് ഘോഷയാത്രകൾ.

ഘോഷയാത്രകൾ (പ്രദക്ഷിണങ്ങൾ) അഞ്ചുരീതിയിൽ

1. വി. കുർബ്ബാനയിലോ മറ്റു കൂദാശാനുഷ്ഠാനങ്ങളിലോ ഉള്ള ആഘോഷമായ നീക്കങ്ങൾ
2. മാറാനായ പെരുന്നാളുകളിൽ സ്ലീബാ ആഘോഷത്തോടെ അവസാനിക്കുന്ന പ്രദക്ഷിണങ്ങൾ (ജനനപ്പെരുന്നാൾ, ദനഹാ, പാതിനോമ്പ്, ഓശാന, ദുഃഖവെള്ളിയാഴ്ച, ഈസ്റ്റർ, സ്വർഗ്ഗാരോഹണം)
3. പെരുന്നാളുകളിൽ മേല്പട്ടക്കാരെ ആഘോഷമായി സ്വീകരിക്കുന്നത്.
4. ഇടവകകളിലെ പെരുന്നാളുകളിൽ നടത്തുന്ന പ്രദക്ഷിണം.
5. തീർത്ഥാടനങ്ങൾ

മലങ്കരസഭ

പ്രൊഫ. പി.കെ. സ്കറിയാ, കുന്നത്തിൽ

യാക്കോബായ സഭയിൽ അഭിപ്രായഭിന്നത- പിളർപ്പ്

1909 ൽ മാർ ദിവന്നാസ്യോസ് 6-ാ മൻ മലങ്കര മെത്രാപ്പോലീത്താ ആയി സ്ഥാനമേറ്റ് അധികം താമസിയാതെ മാർ അബ്ദുള്ള (അബ്ദേദ് ആലോഹോ) പാത്രിയർക്കീസ് ബാവ മലങ്കരയിൽ എത്തി. തന്നെ ദിവന്നാസ്യോസ് 5-ാ മന്റെ പിൻഗാമിയായി പ്രഖ്യാപിക്കുന്നതിന് ആദ്യം തടസ്സങ്ങൾ പറഞ്ഞ പാത്രിയർക്കീസ് ബാവായോട് ദിവന്നാസ്യോസ് 6-ാമന് (വട്ടശ്ശേരി) അല്പം നീരസം ഉണ്ടായിരുന്നു. ഏതായാലും പാത്രിയർക്കീസ് ബാവാ ഇവിടെ എത്തി അധികം കഴിയുന്നതിനുമുൻപ് പാത്രിയർക്കീസും വട്ടശ്ശേരിയും തമ്മിൽ അന്ത്യോഖ്യാ സിംഹാസനത്തിന് മലങ്കര സഭയിലുള്ള അധികാര വ്യാപ്തിയെക്കുറിച്ച് തർക്കം ആയി. (a) മലങ്കര സഭയിലെ ആത്മീകവും ലൗകീകവുമായ എല്ലാ അധികാരങ്ങളും പാത്രിയർക്കീസിൽ നിക്ഷിപ്തമാണെന്നു കല്പിക്കുന്നു എന്നും മലങ്കര സഭയുടെ ഉൾഭരണ സ്വാതന്ത്ര്യം ഹനിക്കാൻ എല്ലാ ലൗകികാധികാരവും പള്ളി സ്വത്തുക്കളും കൈക്കലാക്കാൻ പാത്രിയർക്കീസ് ശ്രമിക്കുന്നു എന്നും എതിർക്കുന്നവരെ അമർച്ചചെയ്യുകയാണ് ലക്ഷ്യം എന്നും മാർ ദിവന്നാസ്യോസും (വട്ടശ്ശേരി) കൂടെയുള്ളവരും ആരോപിച്ചു. (b) എന്നാൽ പാത്രിയർക്കീസിനുള്ള അധികാരം സംബന്ധിച്ച് 1876 ലെ മുളംതുരുത്തി സുന്നഹദോസിനുശേഷം മലങ്കരയിലെ വിശ്വാസികൾ സ്വമനസ്സാലെ എഴുതികൊടുത്ത 'പടിയോല'യിൽ പറഞ്ഞിരിക്കുന്നതിൽ കൂടുതലൊന്നും ഇപ്പോൾ പരി.പിതാവ് (മാർ അബ്ദുള്ള) ആഗ്രഹിക്കയോ ആവശ്യപ്പെടുകയോ ചെയ്യുന്നില്ലാ എന്നും ഇടവക ജനങ്ങൾ ഏക വിശ്വാസത്തിലും ഭരണത്തിൻ കീഴിലും നിൽക്കുന്നതിനുവേണ്ടിയാണ് പരി. പത്രോസ് ത്രിതിയൻ പാത്രിയർക്കീസ് ബാവ പള്ളികൾ ഉടമ്പടി എഴുതാൻ ആവശ്യപ്പെട്ടതെന്നും ആയതു തുടരാൻ മാത്രം ആഗ്രഹിച്ച അബ്ദുള്ളാ പാത്രിയർക്കീസ് ബാവായെ ലൗകികാധികാര മോഹി എന്നു മുദ്രകുത്തുന്നത് സ്വന്തകൂട്ടു ട്രസ്റ്റികൾക്കുള്ള അവകാശം പോലും നിഷേധിക്കുന്ന ഒരു ഏകാധിപതിയുടെ മനസ്സുള്ള ദിവന്നാസ്യോസ് 6-ാമൻ (വട്ടശ്ശേരി) ആണെന്നും എതിർ പക്ഷം വാദിച്ചു. (നേരത്തെ തന്നെ വട്ടശ്ശേരിയും അദ്ദേഹത്തിന്റെ കൂട്ടു ട്രസ്റ്റികൾ ആയിരുന്ന കോനാട്ട് മാത്തൻകത്തനാരും (പിന്നീട് കോർ എപ്പിസ്കോപ്പാ) സി. ജെ. കുര്യനും തമ്മിൽ പഴയസെമിനാരിയിലെ ഖജനാവ് മുറിയുടെ താക്കോലുകൾ കൈവശം വയ്ക്കുന്നതിനെ സംബന്ധിച്ച് തർക്കം ഉണ്ടായിരുന്നു. മൂന്നു താക്കോലുകളിൽ ഓരോന്ന് മൂന്നു ട്രസ്റ്റിമാരുടെ കൈവശം ഇരിക്കുന്നതായിരുന്നു കീഴ്വഴക്കം. എന്നാൽ താക്കോലുകൾ എല്ലാം സ്വന്തമായി കൈവശം വയ്ക്കാൻ തനിക്കധികാരമുണ്ടെന്ന് മെത്രാപ്പോലീത്താ (വട്ടശ്ശേരി) വാദിക്കുകയും ആയത് മലങ്കര മാനേജിംഗ് കമ്മറ്റി അനുകൂലിക്കയും ചെയ്തിരുന്നു) പാത്രിയർക്കീസും മെത്രാപ്പോലീത്തായും തമ്മിൽ പിണങ്ങിയപ്പോൾ മേൽപറഞ്ഞ കൂട്ടു ട്രസ്റ്റികൾ പാത്രിയർക്കിസ് പക്ഷം ചേർന്നു.

ഈ വിഷയത്തിൽ സഭയിലെ ജനങ്ങളുടെ താൽപര്യം അറിയുന്നതിവേണ്ടി 1909 നവംബർ 25-ാം തീയതി കോട്ടയം പഴയ സെമിനാരിയിൽ പള്ളിപ്രതിപുരുഷന്മാരുടെ ഒരു യോഗം പരി.പാത്രിയർക്കീസ് ബാവാ വിളിച്ചു ചേർത്തു. എന്നാൽ പ്രസ്തുത യോഗം തർക്കത്തിലും കലഹത്തിലും അവസാനിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരസഭമേലുള്ള അധികാരത്തെ സംബന്ധിച്ച് ബാവായും വടക്കൻപള്ളിക്കാരും ഒരു ഭാഗമായും കൊച്ചു ദിവന്നാസ്യോസും (വട്ടശ്ശേരി) പ്രധാനമായി തെക്കൻ പള്ളിക്കാരും എതിർഭാഗമായും കക്ഷി പിരിഞ്ഞ് അന്യോന്യം ആക്ഷേപിച്ച് ലഘുലേഖകൾ ഇറക്കാൻ തുടങ്ങി. സമുദായകാര്യങ്ങൾ ഈ വിധത്തിൽ കുഴപ്പത്തിൽ ആയപ്പോൾ തർക്കത്തിൽ കക്ഷിപിടിക്കാൻ താൽപര്യം ഇല്ലാതിരുന്നതുകൊണ്ട് "സ്വരം നല്ലപ്പോഴെ പാട്ടു നിർത്തണം" എന്ന പഴമൊഴി അനുസരിച്ച് 1910 മേടത്തിൽ ശ്രീ. ഇം.എം. ഫിലിപ്പ് മലങ്കര അസ്സോസിയേഷൻ സെക്രട്ടറി സ്ഥാനം രാജിവച്ചു. പിന്നിട് കോട്ടയത്തു ദിവന്നാസ്യോസ് മെത്രാപ്പോലീത്ത (വട്ടശ്ശേരി) വിളിച്ചു ചേർത്ത പൊതുയോഗം മല്ലപ്പള്ളിൽ കെ.വി.ചാക്കോയെയും പാത്രിയർക്കീസ് ബാവാ ആലുവായിൽ വിളിച്ചു കൂട്ടിയ യോഗം കോട്ടയത്തു ചേരിക്കൽ വർക്കിയെയും അസ്സോസിയേഷൻ സെക്രട്ടറിമാരായി തെരഞ്ഞെടുത്തു.

തുടർന്ന് സഭാസ്ഥാപനങ്ങളും പള്ളികളും കൈവശപ്പെടുത്താൻ ഇരുകൂട്ടരും ശ്രമം ആരംഭിച്ചു. ചിലപള്ളികളിൽ പോയി പാത്രിയർക്കീസ് ബാവാ ഉടമ്പടി എഴുതി വാങ്ങി. വട്ടശ്ശേരിയോടു പിണങ്ങിയ കൂട്ടു ട്രസ്റ്റികളായ കോനാട്ടു മല്പാൻ, സി.ജെ.കുര്യൻ എന്നിവരുടെ സഹായത്തോടുകൂടി പാത്രിയർക്കീസ് ബാവാ പള്ളികളും സഭാസ്ഥാപനങ്ങളും കൈവശപ്പെടുത്താൻ ശ്രമിച്ചു. 1911 ഇടവം 20 ന് പഴയസെമിനാരിയിലെ ചുരുക്കം ചില മുറികൾ ഒഴിച്ച് ബാക്കിയെല്ലാം പാത്രിയർക്കീസും അനുയായികളും കൈവശപ്പെടുത്തി. തുടർന്ന് കേസ് ആരംഭിച്ചു.

1911 മെയ് 31-ാം തീയതി, കീഴ്വഴക്കം ഇല്ലാതിരിക്കുക, ജനങ്ങളുടെ ഇടയിൽ കലഹം ഉണ്ടാക്കുക. സമുദായ സ്വത്തുക്കൾ ദുർഭരണം നടത്തുക മുതലായ കുറ്റങ്ങൾ ആരോപിച്ച് അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ വട്ടശ്ശേരി ദിവന്നാസ്യോസിനെ മുടക്കി.

1911 ഓഗസ്റ്റ് 30-ാം തീയതി, പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ ആലുവായിൽ കൂടിയ പള്ളിപ്രതിപുരുഷയോഗത്തിൽവച്ച് മാർ കൂറിലോസിനെ (കൊച്ചുപറമ്പിൽ - മാർ വട്ടശ്ശേരിയോടൊപ്പം പട്ടമേറ്റ) മലങ്കരമെത്രാനായി തെരഞ്ഞെടുത്തു നിയമിച്ചു.

അടുത്തമാസം 17-ാം തീയതി (1911 സെപ്തംബർ) മാർ ദിവന്നാസ്യോസിന്റെ (വട്ടശ്ശേരി) അദ്ധ്യക്ഷതയിൽ കോട്ടയത്തു കൂടിയ എതിർയോഗം പാത്രിയർക്കീസിന്റെ മുടക്കു കല്പനയെ അവഗണിച്ച് നിഷേധിക്കുന്നതായും മെത്രാപ്പോ

ലീത്തായെ അനുകൂലിക്കുന്നതായും പാത്രിയർക്കീസിന്റെ അധികാരത്തെ ഉപേക്ഷിക്കുന്നതായും ആലുവാ യോഗതീരുമാനങ്ങളെ നിരസിക്കുന്നതായും തീരുമാനിച്ചു.

ആ വർഷം തന്നെ ഒക്ടോബർ 22-ാം തീയതി മുടക്കുകല്പന ലംഘിച്ചുകൊണ്ട് മാർ ദിവന്നാസ്യോസ് 6-ാമൻ (വട്ടശ്ശേരി) തന്റെ ആദ്യ കുർബ്ബാന ചൊല്ലി.

അങ്ങനെ പാത്രിയർക്കീസിനെ അനുകൂലിക്കുന്നവർ എന്ന അർത്ഥത്തിൽ ബാവാ കക്ഷി മലങ്കരമെത്രാന്റെ കക്ഷി എന്നർത്ഥത്തിൽ 'മെത്രാൻ കക്ഷി' എന്നിങ്ങനെ മലങ്കര യാക്കോബായ സമുദായം രണ്ടായി പിളർന്നു.

1911 ഒക്ടോബർ 14-ാം തീയതി അബ്ദുള്ളാ പാത്രിയർക്കീസ് ബാവാ മലങ്കര എന്നേക്കുമായി വിട്ടുപോയി.

അബ്ദേദ് മ്ശ്ഹായുടെ വരവ്

വട്ടശ്ശേരി മെത്രാനും അബ്ദുള്ള പാത്രിയർക്കീസ് ബാവായുമായി പിണങ്ങിയപ്പോൾ വട്ടശ്ശേരിയുടെ ശിഷ്യനും സ്നേഹിതനുമായിരുന്ന ഫ. പി.റ്റി. ഗീവർഗീസ് (പിന്നീട് മലങ്കര കത്തോലിക്കാ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്) തുറബ്ദിനിൻ (ടർക്കി) ആയിരുന്ന സ്ഥാനഭ്രക്കനാക്കപ്പെട്ട പാത്രിയർക്കീസ്, അബ്ദേദ് മ്ശ്ഹായുമായി ബന്ധപ്പെടുകയും മാർ ദിവന്നാസ്യോസ് (വട്ടശ്ശേരി) മുടക്കപ്പെട്ടാൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ആലോചിക്കയും ചെയ്തിരുന്നു. വട്ടശ്ശേരിയെ പാത്രിയർക്കീസ് ബാവാ (മാർ അബ്ദുള്ള) മുടക്കിയ വിവരം അറിഞ്ഞ അബ്ദേദ് മ്ശ്ഹാ 1912 ൽ മലങ്കരയിൽ എത്തി. താമസിയാതെ അബ്ദുള്ളാ പാത്രിയർക്കിസിനോടൊപ്പം നിന്നിരുന്ന മുറിമറ്റം മാർ ഈവാനിയോസ്, കക്ഷിമാറി വട്ടശ്ശേരി ദിവന്നാസ്യസിനോടൊപ്പം ചേർന്നു. 1912 സെപ്തംബർ 10-ാം തീയതി പരുമല സെമിനാരി മാനേജരായിരുന്ന കല്ലാശ്ശേരി പുന്നൂസ് റമ്പാനെ മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാനായി മാർ അബ്ദേദ് മ്ശ്ഹാ വാഴിച്ചു. അഞ്ചുദിവസങ്ങൾക്കുശേഷം (1912 സെപ്തംബർ 15-ാം തീയതി) നിരണം പള്ളിയിൽവച്ച് മലങ്കരയിലെ ഒന്നാമത്തെ കാതോലിക്കാ ആയി മുറിമുറ്റത്തു മാർ ഈവാനിയോസിനെ 'ബസേലിയോസ് പൗലോസ് ഒന്നാമൻ' എന്ന പേരിൽ വാഴിച്ചു. 1913 ഫെബ്രുവരി 19-ാം തീയതി മാർ പീലക്സിനോസ് മാർ ഈവാനിയോസ് എന്നീ രണ്ടു മെത്രാന്മാരെകൂടി വാഴിച്ചു. 1913 മാർച്ച് 3-ാം തീയതി കാതോലിക്കാ സിംഹാസനം എന്നേക്കും മലങ്കരയിൽ നിലനിൽക്കത്തക്ക രീതിയിൽ പരുമല സെമിനാരിയിൽ നിന്നും കല്പന ഇറക്കിയ അബ്ദേദ് മ്ശ്ഹാ ആ വർഷം തന്നെ തിരികെ പോയി.

അനുബന്ധം: 1909 ൽ ആരംഭിച്ച് 1912 ൽ പരിസമാപ്തിയിൽ എത്തിയ മലങ്കര യാക്കോബായ സഭയിലെ പിളർപ്പ് എന്തിനുവേണ്ടിയായിരുന്നു? ഒഴിവാക്കാമായിരുന്നില്ലേ? എന്ന് ഇരുവിഭാഗങ്ങളിലെയും നിസ്വാർത്ഥരായ നിക്ഷ്പക്ഷമതികൾ മനസ്സിലെങ്കിലും ഉരുവിടുന്നുണ്ടാവും.

അധികാരത്തിനുവേണ്ടി ആരംഭിച്ച തർക്കം സഭയെ പിളർത്തി. സമൂഹത്തിൽ പൊതുവെയും സമുദായങ്ങളിലും സഭകളിലും കാണുന്ന കാതലായ പ്രശ്നം ആരാണ് വലിയവൻ? എന്നതാണെന്നും തോന്നുന്നു. 1909 ൽ മലങ്കര സഭയിൽ സംഭവിച്ചതും അതുതന്നെയാണ്. നിർഭാഗ്യവശാൽ ശ്രീമാൻ ഇ.എം. ഫിലിപ്പിനെപ്പോലെയുള്ള നിസ്വാർത്ഥരായ സമുദായ സ്നേഹികൾ അന്നും ഇന്നും തുലോം വിരളമാണ്. അല്പം വിട്ടുവീഴ്ചയും പരസ്പര സ്നേഹവും നിസ്വാർത്ഥതയും ഇരുപക്ഷത്തും ഉണ്ടായിരുന്നെങ്കിൽ അടിസ്ഥാന വിശ്വാസങ്ങളിലോ ആരാധനാക്രമങ്ങളിലോ പ്രാർത്ഥനകളിലോ അണുവിട വ്യത്യാസമില്ലാത്ത സിറിയൻ/ഓർത്തഡോക്സ് എന്നി വാക്കുകൾ സ്ഥാനമാറ്റം നടത്തി വേർതിരിഞ്ഞ് നിന്ന് പരസ്പരം പോരടിക്കേണ്ടി വരില്ലായിരുന്നു. ഇങ്ങനെയുള്ള അധികാര തർക്കങ്ങൾ സഭകളെയും സമുദായങ്ങളെയും ബലഹീനമാക്കി അവഹേളനാ പാത്രങ്ങൾ ആക്കുന്നു എന്ന ബോദ്ധ്യം നേതൃനിരകളിൽ ഉണ്ടാവേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

"ഉള്ള അധികാരം ദൈവാശ്രയത്തോടെ ഉപയോഗിച്ചാൽ ഐശ്വര്യം: അധികാരമോഹത്തോടെയുള്ള ഏതു പ്രവർത്തനവും ആഭ്യന്തരകലഹത്തിനു കാരണമായിത്തീരുന്നു".

ബാംഗ്ലൂരിൽ താമസ സൗകര്യം

Bangalore, Hennur St. Mary's Knanaya Syrian പള്ളിയോട് ചേർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയ **Guest Room** മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതാണ്. **Bangalore** ൽ വിവിധ ആവശ്യങ്ങൾക്കായി വരുന്നവർക്ക് ഇത് ഏറെ പ്രയോജനം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

Vicar: + 918762592382
Trustee: +919538577355
Secretary: +919844082280
Vicar Fr. Jinu Mathew

വിവാഹ ഒരുക്ക സെമിനാർ

2018 ആഗസ്റ്റ് മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 9, 10, 11 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പുതന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലിഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

Fr. Thomas Abraham, Malayasseril
(Director)
Ph: 0469-2608155, 9447411554

Fr. Shaji Jacob, Puthenpurackal
(Secretary)
Ph: 9446986780

Congratulations Lexiah Merin Jacob!

For winning both "Beauty With a Purpose" and " First Runner Up" at the Miss Malayalee USA Pageant

&

For graduating from the University Of Houston in only TWO years with a Bachelor's degree and the highest academic honors possible (Summa Cum Laude).

Lexiah
is the daughter of
Roney and Jancy Jacob Puthenchirayil (Eara), and Sister of Jerosh Jacob.
She is a member of St. James Knanaya Church, Houston, Texas.

We are so proud of you!!!

By
Family & Friends

Advt - R

Congratulations

Dr. Aleesha Chacko

for graduating MBBS with First Class from Kerala University. She is a daughter of Mr. K. M. Chackochan & Mrs. Laizy K. Chacko (Kangazha House). She is a member of St. Mary's Knanaya Church, Mazhukeer.

Best Wishes,
AKINSHA CHACKO (Sister)

Advt - O

45th Wedding Anniversary

T.C. Joseph & V. K. Kunjoonjamma

Puthenpurackal House,
Thottamon, Ranni

With love,
Jojee, Swapna, Joshua, Jeremy, Sarah
Jeby, Ansu, Johana, Sara, Susan
Thomas, Preetha, Joseph

Advt - O

60th Happy Birthday of our daddy 11-06-2018

35th Wedding Anniversary

09 – 07 – 2018

Ponnamma Joseph **Joseph Kuriakose (Sabu)**

Valuparampil, Kuttoor, Thiruvalla

Best Compliments,
Joseph Kutty, Sanosh, Alex, Neethu

Advt - O

1st Wedding Anniversary

15 – 07 – 2018

ANNU **ABRU**

ആശംസകളോടെ

അച്ചാച്ചൻ, അമ്മ

കൊന്നയ്ക്കൽ, ചിങ്ങവനം

Advt - O

പ്രശസ്ത വിജയം

Advt - O

Delhi Public School, Bangalore ൽ നിന്നും 2018 CBSE, 12th Standard പരീക്ഷയിൽ 95% Marks കരസ്ഥമാക്കിയ **JOSEPH K. THOMAS** കല്ലിശ്ശേരി സെന്റ് മേരീസ് വലിയ പള്ളി ഇടവകയിൽ കൊച്ചുപുരയ്ക്കൽ Sunil J. Thomas ന്റെയും (S/o Mr. Joseph Thomas & Mrs Jolly Joseph, Kochupurackal, Kottayam) Sarah Thomas ന്റെയും (D/o Mr. M.C. Zacharia & Mrs. Salma Zacharia, Mulakkanchira, Kottayam) മകൻ ആണ്.

അഭിനന്ദനങ്ങൾ

GERMANY –ൽ Technical University,CHEMNITZ –ൽ M.Sc ബിരുദം (MIcro and Nano System) കരസ്ഥമാക്കിയ തെങ്ങേലി കണിയാംമാലിൽ Sri. Mathews Kuriakose ന്റെയും (Roy), Smt. Leena Mathews ന്റെയും മകൻ **ANU MATHEW** തെങ്ങേലി സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകാംഗമാണ്.
ഏക സഹോദരൻ MANU MATHEW.

With best compliments from: Family Members

Advt - O

" Twin Achievement of Twins in CBSE 10th Board Exams 2018"



Melwyn Mathew Abraham
Scored 92%

Merwyn Philip Abraham
Scored 96%

Sons of Colonel Sunil Abraham & Dr. Ajisha (Anju), Venpalaveetil House, Thengely, Thiruvalla. They are Students of Army Public School, Secunderabad.

Advt - R

വിവാഹിതരായി

മുളക്കാംതുരുത്തി സെന്റ് ജോർജ് പള്ളി ഇടവകയിൽ ചിറയിൽ ജേക്കബ് ചെറിയാന്റെയും സാലമ്മ ചെറിയാന്റെയും മകൻ **അഖിൽ ജേക്കബ് ചെറിയാനും** ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ കളപ്പുരത്തട്ടേൽ മാത്യു കുറിയാക്കോസിന്റെയും തങ്കമ്മ മാത്യുവിന്റെയും മകൾ **സ്നേഹ മാത്യുവും** തമ്മിലുള്ള വിവാഹം 2017 ഡിസംബർ 30–ാം തീയതി ചിങ്ങവനം പുത്തൻ പള്ളിയിൽ വച്ച് അഭിവന്ദ്യ ഐസക് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O

വിവാഹിതരായി

Advt - R

Bangalore Hennur St. Mary's Knanaya പള്ളി ഇടവകയിൽപ്പെട്ട വാണിയപ്പുരയ്ക്കൽ **V. K. Mathewkutty** യുടെയും **Jayamma Mathew** വിന്റെയും മകൻ **Bittu Abraham Mathew** വും **Kottayam St. Mary's** വലിയ പള്ളി ഇടവകയിൽപ്പെട്ട കുന്നശ്ശേരിൽ **Abey Thomas** ന്റെയും **Tessy Abey** യുടെയും മകൾ **Sandra Abraham** മും തമ്മിലുള്ള വിവാഹം 24-05-2018 ൽ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നീലംപേരൂർ സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

വിവാഹിതരായി

Advt - R

നീലംപേരൂർ St. George വലിയപള്ളി ഇടവകയിൽ വാണിയപ്പുരയ്ക്കൽ മാത്യു ചാക്കോയുടെയും മോളി ചാക്കോയുടെയും മകൻ **ELDHO JACOB** ഉം ചിങ്ങവനം St. Johns ദയറാപ്പള്ളി ഇടവകയിൽ മൂലംകുളം തോമസ് മാത്യുവിന്റെയും സലിനി തോമസിന്റെയും മകൾ **TILY THOMAS** ഉം തമ്മിലുള്ള വിവാഹം 2018 ഏപ്രിൽ 26 നു നീലംപേരൂർ St. George വലിയ പള്ളിയിൽ നടത്തപ്പെട്ടു.

ഭാര്യ/ഭർത്താവ് അത്ര പോരാ...

ജെറ്റി റെജി, കൈപ്പള്ളിൽ,റാന്നി (ഹുബ്ളി)

ഇന്ന് പല ദമ്പതിമാർക്കിടയിലും കാണുന്ന ഒരു ചിന്ത യാണ് ഭാര്യ/ഭർത്താവ് അത്ര പോരാ എന്നത്. കുറെവർഷം ഒരുമിച്ചു ജീവിച്ചുകഴിയുമ്പോൾ എവിടൊക്കെയോ ഒരു പൊരുത്തക്കേട്. ജീവിതപങ്കാളി അല്പം കൂടെ മെച്ചപ്പെട്ട താകാമായിരുന്നു എന്നൊരു തോന്നൽ. ഒരു ചെറിയ അക്ക രപ്പച്ച. "The other pasture is always green" എന്നു പറയു ന്നപോലെ ഒരു ചേർച്ചക്കുറവ്. അഭിപ്രായവ്യത്യാസം, ആക പ്പാടെ Something is wrong, somewhere - എന്നാ ശരി ക്കൊട്ടു മനസ്സിലാകുന്നും ഇല്ല. പക്ഷേ മധുരിച്ചിട്ട് തുപ്പാനും വയ്യാ കയ്ച്ചിട്ട് ഇറക്കാനും വയ്യ. നമ്മുടെ കുടുംബജീവിതം നമുക്ക് എങ്ങനെ മെച്ചപ്പെടുത്താൻ കഴിയും. നമ്മുടെ കുടും ബ ജീവിതത്തിന്റെ ഗതിമാറ്റി വിടുന്ന അല്ലെങ്കിൽ അതിനെ പ്രതികൂലമായി ബാധിക്കുന്ന പല കാര്യങ്ങളും നമുക്കു ചുറ്റും ഉണ്ട്. നമ്മൾ വിചാരിച്ചാൽ കറെയൊക്കെ പ്രശ്നങ്ങൾ ഇല്ലാ താക്കാൻ നമുക്ക് സാധിക്കും. വീടിന്റെ വിളക്കായ സ്ത്രീക ളിൽ നിന്നും തുടങ്ങാം. സ്ത്രീകളേയും അതുവഴി കുടുംബ ത്തേയും പൊതുവെ ബാധിക്കുന്ന ചില പ്രധാന കാര്യങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

1. ടിവി/സീരിയൽ

ഇന്ന് പല വീടുകളിലും ഒരു ഒഴിയാബാധയായി മാറിയി രിക്കയാണ് സീരിയലുകൾ. ടിവി നമുക്ക് വളരെ നല്ല Entertaintment ആണെങ്കിലും സന്ധ്യയ്ക്ക് ആറുമുതൽ പത്തരവരെ ടിവി സീരിയലുകളുടെ മുന്നിൽ സ്വയം മറന്നി രിക്കുന്ന ഭാര്യ, വീട്ടിൽ ഒരനുഗ്രഹമല്ല ശാപമാണ്. മറ്റുള്ളവ രുടെ കുടുംബപ്രശ്നങ്ങൾ, അവിഹിത ബന്ധങ്ങൾ, അമ്മാ യിഅമ്മ, മരുമകൾ,നാത്തൂൻ പ്രശ്നങ്ങൾ, അപവാദം,പരദൂ ഷണം ഇതൊക്കെ നിർലോഭം കുത്തിനിറച്ച സീരിയലുകൾ കാണുന്നതുകൊണ്ട് പ്രത്യേകിച്ച് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ഇത്തരം അനാവശ്യങ്ങളെല്ലാം സ്ഥിരം കണ്ടു കൊണ്ടിരിക്കുന്ന ഒരു സ്ത്രീയുടെ മനസ്സിൽ തീർച്ചയായും ഒരു 'negative energy' ആയിരിക്കും ഉണ്ടാകുന്നത്. ഒരി ക്കലും മറ്റുള്ളവരുടെ നല്ലവശം കാണാൻ ഇത്തരക്കാർക്ക് കഴിയില്ല. മറ്റുള്ളവരുടെ ജീവിതത്തിലേക്ക് എത്തിനോക്കാ നുള്ള ഒരു പ്രവണത അതു നൽകുന്നു. ടിവി കാണുന്നതിൽ തെറ്റൊന്നും ഇല്ല. പക്ഷെ ഒരു 'സീരിയൽ അഡിക്റ്റ്' ആക രുത്. ആവശ്യമുള്ള നല്ല പ്രോഗ്രാമുകൾ ഒരു നിശ്ചിത സമ യപരിധിക്കുള്ളിൽ കാണുക. ഏതൊരു സ്ത്രീക്കും സ്വന്ത മായി ഒരു വ്യക്തിത്വം ഉണ്ടായിരിക്കണം. സ്വന്തമായി ഒരു ' hobby' കണ്ടെത്താൻ ശ്രമിച്ചാൽ ധാരാളം സമയം അതി നായി വിനിയോഗിക്കാം.

2. പൊങ്ങച്ചം

പല മനുഷ്യരുടെയും ജീവിതത്തിലെ ഒരു പ്രധാന ലക്ഷ്യം മറ്റുള്ളവരെ 'impress' ചെയ്യാനും അയൽക്കാരെ ക്കാൾ ഒരു പടി മുന്നോട്ടു നിൽക്കുവാനുമാണ്. മറ്റു സംസ്ഥാ നങ്ങളിൽ കൃഷിനാശം വരുത്തിവച്ച സാമ്പത്തിക ബാധ്യത മൂലം കർഷകർ ആത്മഹത്യ ചെയ്യുമ്പോൾ മലയാളികൾ പലപ്പോഴും ആഡംഭരജീവിതം നയിക്കാൻ വേണ്ടി എടുത്ത ലോണുകൾ തിരിച്ചടക്കാനാവാതെ നാണക്കേടുകൊണ്ട് ആത്മഹത്യയ്ക്കുപോലും ശ്രമിക്കുന്നു. ആരെ കാണി ക്കാൻവേണ്ടി നാം ലോണുകൾ എടുത്ത് ആഡംഭരം കാണി ക്കുന്നു? കൊക്കിലൊതുങ്ങുന്നത് കൊത്താൻ ശ്രമിക്കുക. നല്ല വസ്ത്രം ധരിക്കുന്നതോ, നല്ല ആഹാരം കഴിക്കുന്നതോ, കുടുംബത്തോടൊപ്പം ടൂർ പോകുന്നതോ ഒന്നും തെറ്റല്ല നമ്മുടെ പരിധിയിൽ നിന്നുകൊണ്ട് നമുക്കിതെല്ലാം ചെയ്യാം. അല്ലാതെ നാം ചെയ്യുന്നതെല്ലാം മറ്റുള്ളവരെ കാണിക്കാനും ഞെട്ടിക്കാനും ആകരുത്.

അതിന് നല്ല ഉദാഹരണമാണ് ഇന്നത്തെ വിവാഹങ്ങൾ. പലരുടെയും ജീവിതത്തിൽ പ്രധാനലക്ഷ്യംതന്നെ മക്കളു ടെ വിവാഹമാണ്. ഒരു പെൺകുട്ടി ജനിക്കുമ്പോൾ മുതൽ പല അമ്മമാരുടെയും സ്വപ്നമാണ് എന്റെ മക്കൾക്ക് 101 പവൻ സ്വർണ്ണം കൊടുത്ത് അന്തസ്സായി കെട്ടിക്കണം എന്ന ത്. പിന്നീട് അതിനുള്ള നെട്ടോട്ടമാണ്. സ്വർണ്ണചിട്ടികളുടെ സുവർണ്ണകാലം. ഭർത്താവിന്റെ പോക്കറ്റടിച്ചും, ആങ്ങളമാ രിൽ നിന്ന് പിടിച്ചുപറിച്ചും എല്ലാം സ്വർണ്ണകടകളിൽ നിക്ഷേ പിക്കുന്നു. ഓരോ വർഷവും സ്വർണ്ണം വാങ്ങി സ്റ്റോക്ക് ചെയ്യു ന്നു. മകൾ ഈ സ്വർണ്ണം എത്രത്തോളം ഉപയോഗിക്കുന്നു എന്ന് അമ്മമാർ ചിന്തിക്കാറില്ല. മകളെ നല്ല വിദ്യാഭ്യാസം കൊടുക്കുന്നതിനോടൊപ്പം ഒരു നല്ല വ്യക്തിയായി ജീവി ക്കാൻ പഠിപ്പിക്കുന്നതിനുപകരം 'നീ ഇത്രേം ഒക്കെ കൊണ്ട് ഒരു വീട്ടിൽ ചെന്നുകേറുമ്പോൾ നിനക്ക് അവിടെ നല്ല അധി കാരം കിട്ടും' എന്ന് ചെറുപ്പത്തിലേ മക്കളെ പറഞ്ഞു പഠിപ്പി ക്കുന്ന സ്വഭാവം പല അമ്മമാർക്കും ഉണ്ട്. എന്നാൽ ഇതേ മനോഭാവത്തോടെയായിരിക്കും നാളെ 150 പവനും കൊണ്ടു വരുന്ന മരുമക്കൾക്കും ഉണ്ടാവുക എന്ന് അമ്മമാർ ചിന്തി ക്കാറില്ല. ഇന്ന് ആഡംഭര വിവാഹങ്ങളോട് മനുഷ്യർക്ക് വല്ലാത്ത ഒരു'craze'ആണ്. ഒരു വിവാഹത്തിൽ സംബന്ധി ച്ചുകഴിഞ്ഞാൽ പിന്നെ പലർക്കും ടെൻഷൻ എന്റെ മകന്റെ/ മകളുടെ വിവാഹം ഇതിനേക്കാൾ അടിപൊളി ആക്കുന്നതെ ങ്ങനെ എന്നായിരിക്കും. ഇത്തരം മനോഭാവം പലപ്പോഴും വലിയ സാമ്പത്തിക ബാധ്യതകൾ വരുത്തിവയ്ക്കുന്നു. മറ്റു ള്ളവരെക്കാൾ ഒരു പടി മുന്നിലായി ജീവിക്കാൻ ശ്രമിക്കു മ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് പലതും ഉണ്ട് എന്നു മന സ്സിലാക്കുക. capacity ക്ക് അപ്പുറത്തേക്ക് ലോൺ എടുത്ത് മക്കളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കയും ആഡംഭരം കാണിക്കുകയും ചെയ്യുക എന്നതല്ല മാതാപിതക്കളുടെ കട മ. ഇതുകണ്ട് ജീവിക്കുന്ന കുട്ടികളും ഈ പാത തന്നെ പിൻതുടരുന്നു. ആഗ്രഹിക്കുന്നതിനും അർഹിക്കുന്നതിനും അപ്പുറം എല്ലാം ലഭിക്കുന്ന കുട്ടികൾ വളരുമ്പോൾ അവർ ഒരിക്കലും സംതൃപ്തരായിരിക്കില്ല. അവരുടെ ആവശ്യങ്ങ ളുടെ പട്ടിക ഒരിക്കലും അവസാനിക്കില്ല എന്ന കാര്യം അമ്മ മാർ മറക്കരുത്.

Social Media

ഇന്ന് പല സ്ത്രീകളെയും നിരാശയിലേക്ക് തള്ളിവിടുന്ന

ഒന്നാണ് സോഷ്യൽ മീഡിയ പ്രത്യേകിച്ച് ഇന്ന് ‘ facebook’ സ്ത്രീകളെ വളരെയേറെ സ്വാധീനിക്കുന്നു. അതുവഴി ‘നിരാശ’ എന്ന രോഗവും, അതുപോര, ഇതുപോര, എന്റെ കൂട്ടുകാരികൾ എല്ലാം എത്ര നല്ലനിലയിൽ ജീവിക്കുന്നു എന്ന ഒരു ചിന്ത പലരുടെയും ജീവിതത്തിലേയ്ക്ക് കടന്നു വരുന്നു; അതുവഴി ഭർത്താവിനെ അല്പം താഴ്ത്തിക്കെട്ടാനുള്ള ഒരു ഒരു പ്രവണതയും പലയിടത്തും കണ്ടുവരുന്നു. facebook ൽകൂടി ആരുടെയും നില മനസ്സിലാക്കാൻ ശ്രമിക്കുന്നത് മണ്ടത്തരമാണ്. എല്ലാവരും എപ്പോഴും ഏറ്റവും ‘presentable’ ആയി മാത്രം facebook ൽ പ്രത്യക്ഷപ്പെടുന്നു. facebook ൽ വർഷങ്ങൾക്കുശേഷം കണ്ടുമുട്ടിയ പഴയ കൂട്ടുകാരിയുമായി താരതമ്യപ്പെടുത്തുമ്പോൾ പലർക്കും അനാവശ്യമായ നിരാശയും ആത്മനിന്ദയും തോന്നുന്നു. എന്നാൽ ആരുടെയും ജീവിതനിലവാരം അളക്കാനുള്ള ഒരു മാധ്യമമല്ല facebook എന്നു മനസ്സിലാക്കുക. Fb ഒരു പ്രാവശ്യം upload ചെയ്ത ഫോട്ടോയിൽ ഉപയോഗിച്ച സാരിയോ ഡ്രസ്സോ മറ്റൊരവസരത്തിൽ ഉപയോഗിക്കാൻ പോലും പലസ്ത്രീകളും മടിക്കുന്നു. ‘എന്റെ facebook friends എല്ലാവരും കണ്ടതാണ് ഈ dress എന്നൊരു കാരണവും പറയാറുണ്ട്. ഒരു വിശേഷ അവസരത്തിൽ ധരിച്ച വസ്ത്രം വീണ്ടും മറ്റൊരവസരത്തിൽ ഉപയോഗിക്കുന്നതുകൊണ്ട് നമ്മുടെ മാന്യതയോ അഭിമാനമോ നഷ്ടപ്പെടുന്നില്ല. നാം പണം മുടക്കി വാങ്ങിയ സാധനം എത്രതവണ ഉപയോഗിക്കണം എന്നത് നമ്മുടെ അവകാശമാണ്. അപകർഷതാബോധവും, ആത്മവിശ്വാസക്കുറവും കൊണ്ടാണ് പലപ്പോഴും സ്ത്രീകളിൽ ഇത്തരം ചിന്തകൾ ഉടലെടുക്കുന്നത്. മറ്റുള്ളവരെ Impress ചെയ്യാൻ വേണ്ടി നാം ബന്ധപ്പെടുമ്പോൾ നമുക്കു നഷ്ടപ്പെടുന്നത് നമ്മുടെ മനസ്സമാധാനമാണ് എന്ന കാര്യം മറക്കരുത്.

4. പരദൂഷണം (Gossip)

മിക്കവാറും സ്ത്രീകളെ ഒരു ‘വൈറസ്’ പോലെ ബാധിക്കുന്ന ഒന്നാണ് പരദൂഷണം (gossip). പലപ്പോഴും സ്ത്രീകൾ കൂടുന്നിടത്തെല്ലാം സംസാരവിഷയം ഏതെങ്കിലും ഒരു സ്ത്രീയായിരിക്കും. ചിലർക്ക് ഇത് ഒരു ‘ഹോബിയാണ്’ ആരെയെങ്കിലുംപറ്റി എന്തെങ്കിലും ഒന്നു പറഞ്ഞു പരത്തിയില്ലെങ്കിൽ ഇക്കൂട്ടർക്ക് ഉറക്കം വരില്ല. അതിന്റെ അടിസ്ഥാനകാര്യം ‘അസൂയ’ ആയിരിക്കും. തന്നെക്കാൾ നന്നായി ആരെങ്കിലും വസ്ത്രം ധരിച്ചാൽ, തന്നെക്കാൾ കഴിവുണ്ടെങ്കിൽ നന്നായി, ജീവിക്കുന്നുണ്ടെങ്കിൽ- പിന്നെ അവരെപ്പറ്റി എന്തെങ്കിലും ഒക്കെ ഒന്നു പറഞ്ഞു പരത്തിയില്ലെങ്കിൽ സമാധാനമുണ്ടാവില്ല. മറ്റുള്ളവരുടെ ജീവിതത്തിലേയ്ക്ക് ഒളിഞ്ഞുനോക്കി കാണുന്ന അവ്യക്തമായ കാര്യങ്ങൾ പൊടിപ്പും തൊങ്ങലും വച്ച് നാലുപേരോടുവിളമ്പാൻ പലസ്ത്രീകൾക്കും ഒരു പ്രത്യേക താല്പര്യം ഉണ്ട്. ഭാര്യയുടെ ഇത്തരം പ്രവൃത്തികൾ മൂലം ഭർത്താവിനുപോലും സമൂഹത്തിൽ മാന്യത നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുന്നു. പല വീടുകളിലും സ്വസ്ഥതയും സമാധാനവും നഷ്ടപ്പെടുന്നത് വീട്ടിലെ ചർച്ചാവിഷയം മുഴുവൻ പരദൂഷണ വിഷയമായതുകൊണ്ടാണ്. പെൺകുട്ടികൾ പലരും ഇക്കാര്യത്തിൽ ‘Role model’ ആയി കാണുന്നത് അമ്മമാരെയാണ്. ഇത്തരം സായാഹ്നപത്രങ്ങളായി മാറുന്ന സ്ത്രീ വീടിനും സമൂഹത്തിനും ഒരു ശാപം തന്നെയാണ്.

ഈയിടെ Pope Franics തന്റെ പ്രസംഗത്തിൽ പറഞ്ഞ മനോഹരവും അർത്ഥവത്തായതുമായ ഒരു ഉപമയാണ് ‘പരദൂഷണം’ ലോകത്തിലെ ഏറ്റവും ഹീനമായ കാര്യമാണ്. Gossip എന്നാൽ ‘Terrorism’ ആണ്. Terrorist കൾ ഗോസിപ്പ് ചെയ്യും എന്നല്ല അതിനർത്ഥം. പരദൂഷണക്കാർ ചെയ്യുന്നത് Terrorist കൾ ചെയ്യുന്ന അതേ പ്രവൃത്തിയാണ്. Terrorist പൊതുസ്ഥലത്ത് ഒരു ബോംബ് ഇട്ടിട്ടുപോകുന്ന അതേ മനോഭാവത്തോടെ പരദൂഷണക്കാർ ഓരാളെ സമീപിക്കുന്നു. സംസാരിക്കുന്നു, പരദൂഷണം എന്ന ബോംബ് പൊട്ടിച്ചിട്ട് സമാധാനത്തോടെ തിരിച്ചുപോകുന്നു. എന്നാൽ അതിന്റെ ഭവിഷ്യത്തുകൾ എന്തൊക്കെയാണ് എന്ന് എടുത്തുപറേയേണ്ട കാര്യം ഇല്ല. അതിനാൽ സ്ത്രീകൾ ഇനിയെങ്കിലും പരദൂഷണം പറയാൻ വായ്തുറക്കുമ്പോൾ ഓർക്കുക-‘നിങ്ങൾ ഒരു ബോംബിടാൻ പോകുന്ന Terrorist ആണ്’.

കഴിവതും പരദൂഷണങ്ങൾ പറയാനും,കേൾക്കാനും, പ്രചരിപ്പിക്കാനും താത്പര്യപ്പെടാതിരിക്കുക.

Husbands

ഈ പറഞ്ഞതെല്ലാം സ്ത്രീകളെ ബാധിക്കുന്ന കാര്യങ്ങൾ. ഇനി നമ്മുടെ വീടുകളുടെ നെടുംതൂണായ ഭർത്താക്കന്മാരുടെ കാര്യം നോക്കാം. ലോകത്തിലെ ആദ്യഭർത്താവായ ആദം മുതൽ തുടർന്നിങ്ങോട്ട് ഭർത്താക്കൻമാരിൽ പറയത്തക്ക വലിയ മാറ്റങ്ങളൊന്നും സംഭവിച്ചതായി പറയാൻ പറ്റില്ല. അല്പം മടി, അശ്രദ്ധ, അലസത ഇതൊക്കെ പൊതുവെ മിക്കവാറും ഭർത്താക്കൻമാരുടെ കൂടെപ്പിറപ്പാണ്. ‘അശ്രദ്ധ’ എടുത്തുപറയാൻ കാരണം, ലോകം മുഴുവൻ വിലക്കപ്പെട്ട കനി ഭക്ഷിച്ച ഹവ്വായെ കുറ്റപ്പെടുത്തുമ്പോൾ ഇതെവിടുന്നാണെന്നുപോലും ചോദിക്കാതെ വാങ്ങിക്കഴിച്ച ആദാമിന്റെ (Careless attitude) നമുക്കു മനസ്സിലാക്കാം. ഇന്നാണെങ്കിൽ എന്റെ ആങ്ങള ദുബായിൽ നിന്നു കൊണ്ടുവന്നതാണെന്നോ, അല്ലെങ്കിൽ എന്റെ അമ്മകൊടുത്തു വിട്ടതാണെന്നോ ഭാര്യ ന്യായം പറഞ്ഞേനേ. എന്നാൽ മനുഷ്യരായി രണ്ടേ രണ്ടുപേർ മാത്രമുള്ള ഏദൻതോട്ടത്തിൽ ഭാര്യ തന്ന കനി. (ഇതിനുമുമ്പ് കഴിച്ചിട്ടില്ലാത്തപഴം) എതാണെന്നുപോലും അന്വേഷിക്കാതെ കഴിച്ച ആദാം, ഭർത്താക്കന്മാരുടെ അശ്രദ്ധയുടെ ഉത്തമ ഉദാഹരണമാണ്. തൊണ്ടവരെ എത്തിക്കഴിഞ്ഞപ്പോഴാണ് അത് വിലക്കപ്പെട്ട കനിയാണെന്ന് ആദമിന് ‘ക്ലിക്ക്’ ആയത്.

മടിയും ഉത്തരവാദിത്വക്കുറവുമുള്ള ഭർത്താക്കന്മാർ ധാരാളം ഉണ്ട്. പ്രത്യേകിച്ചും വീട്ടിലെ കാര്യങ്ങൾ വരുമ്പോൾ ആകെ ഒരു മന്ദത-ഒരുത്സാഹക്കുറവ്. എന്നാൽ സമൂഹത്തിലേക്കിറങ്ങുമ്പോൾ ‘ചുക്കുചേരാത്ത കഷായമില്ല’ എന്നു പറഞ്ഞതുപോലെ ഇവരില്ലാത്ത കാര്യങ്ങൾ ഇല്ല. എല്ലാത്തിനും മുൻപന്തിയിൽ തന്നെ കാണും. ഭാര്യ അല്പം മിടുക്കിയും, ഉത്തരവാദിത്വബോധം ഉള്ളവളുമാണെങ്കിൽ പിന്നെ സകല വീട്ടുകാര്യവും, കുട്ടികളുടെ കാര്യവും ഭാര്യയുടെ തലയിൽ ഇട്ട് ഈ കക്ഷികൾ സമൂഹത്തിലേക്കിറങ്ങും. മുടങ്ങാതെ റ്റി.വി. ചർച്ചകൾ കാണുക. അതിനെപ്പറ്റി ചർച്ചചെയ്യുക, രാഷ്ട്രീയം പറയുക തുടങ്ങിയ വലിയ കാര്യങ്ങളിൽ മുഴുകി നടക്കാനാണ് പലർക്കും താല്പര്യം.

ചില ഭർത്താക്കൻമാരിൽ കണ്ടുവരുന്ന മറ്റൊരു പ്രവണതയാണ് ഭാര്യ എന്തുഭക്ഷണം ഉണ്ടാക്കി കൊടുത്താലും എന്തെങ്കിലും ഒരു കുറ്റം പറഞ്ഞതിനുശേഷമേ അതു കഴിക്കൂ എന്നത്. സ്വന്തമായി ആഹാരം ഉണ്ടാക്കി ശീലമുള്ളവർ അതിന്റെ ബുദ്ധിമുട്ട് അറിയാവുന്നതുകൊണ്ട് അത്ര കുറ്റം പറയാറില്ല. എന്നാൽ നേരെ കൈകഴുകി മേശയിലുണ്ട്. ഇതൊക്കെ ഡൈനിംഗ് ടേബിളിൽ മുളച്ചുവന്നതാണ്

എന്ന മനോഭാവത്തോടെ കഴിക്കുന്നവർ എന്തിനും ഒരു കുറ്റം കണ്ടുപിടിച്ചിട്ട് വയർ നിറയെ കഴിച്ചിട്ടു പോകുന്നു. ഒരു നേരത്തെ ആഹാരം മേശപ്പുറത്തെത്തുന്നതിന്റെ പുറകിലുള്ള അദ്ധ്വാനത്തെപ്പറ്റി ചിന്തിക്കാതെ എന്തിനും ഏതിനും കുറ്റം പറയുന്നത് കുക്ക് ചെയ്യുന്ന ഭാര്യയുടെ cooking നോടുള്ള താല്പര്യവും ആത്മാർത്ഥതയും കുറയ്ക്കുവാൻ മാത്രമേ സഹായിക്കൂ. ഭാര്യ എത്ര നന്നായി ആഹാരം ഉണ്ടാക്കിയാലും വീട് വൃത്തിയായി സൂക്ഷിച്ചാലും പല ഭർത്താക്കൻമാരും ഭാര്യയ്ക്ക് ഒരു compliment കൊടുക്കാറില്ല. ഭാര്യയോട് ഒരു നല്ല വാക്കു പറയുന്നതുകൊണ്ടോ, ഭാര്യയെ ജോലിയിൽ അല്പം സഹായിക്കുന്നതുകൊണ്ടോ ഭാര്യയുടെ മുന്നിൽ ആരും താണുപോകുന്നില്ല. ഇത്തരം ചെറിയ ചെറിയ 'ego' മാറ്റിവച്ചാൽ ജീവിതം അല്പംകൂടെകൂടെ 'smooth' ആയിതീരും. എന്തിനും ഏതിനും ഭാര്യയെ ആശ്രയിക്കാതെ സ്വന്തം കാര്യങ്ങൾ സ്വയം ചെയ്തു ശീലിക്കുക.

പല കുടുംബങ്ങളിലേക്കും മറ്റൊരു 'വില്ലനായി' കടന്നു വരുന്ന ഒന്നാണ് സോഷ്യൽ മീഡിയയുടെ ദുരുപയോഗം. facebook ഉം wattsapp ലും ഒക്കെയായി നല്ല വലിയ ഒരു സുഹൃദ് വലയം ലഭിച്ചു കഴിയുമ്പോൾ പലർക്കും ജീവിതം അടിപൊളിയായി തീരുന്നു. അല്പം 'popularity' കൂടെ ഉണ്ടെങ്കിൽ പിന്നെ പറയണ്ട. 'ഭാര്യ അത്ര പോരാ' എന്നൊരു ഭാവം ഇത്തരം ഭർത്താക്കൻമാരുടെ സംസാരത്തിലും പ്രവൃത്തിയിലും തെളിഞ്ഞുകാണാം. 'Friendship' എന്ന പേരിൽ പലരും ഇന്ന് പഴയ ചില ബന്ധങ്ങൾ പുതുക്കുന്നു. സ്ക്കൂളിലും കോളേജിലും ഒക്കെ ഉണ്ടായിരുന്ന ചെറിയ ചില 'പ്രണയങ്ങൾ' വർഷങ്ങൾക്കുശേഷം മധ്യവയസ്സിൽ വീണ്ടും 'Social Media' യിലൂടെ പൂത്തുതളിർക്കുന്നതായി കാണാം. ഇതിന്റെ ഭവിഷ്യത്ത് ചിലപ്പോൾ രണ്ടു കുടുംബങ്ങളേയും ബാധിക്കുന്നു. ഇന്നുലോകത്തിന്റെ ഏതു കോണിലും ഇരുന്ന് ആർക്കും ആരേയും വിളിക്കാം. സംസാരിക്കാം എന്നത് ഒരു തരത്തിൽ നല്ലതാണ്. പക്ഷേ ഇത്തരം സൗകര്യങ്ങൾ ദുരുപയോഗം ചെയ്ത് പഴയ പ്രണയങ്ങൾ പുതുക്കാൻ ശ്രമിക്കരുത്.

ഭർത്താവിന്റെ ഫോണിൽ പെട്ടെന്നൊരു ദിവസം password/lock ഒക്കെ കാണുമ്പോൾ സ്വഭാവികമായും ഭാര്യയ്ക്ക് ഒരു പന്തികേട് തോന്നും. ഇടയ്ക്കിടെക്കുള്ള ചില ഫോൺ വിളികൾ, ചില സൗഹൃദങ്ങൾ ഒക്കെ പലപ്പോഴും ഭാര്യമാരെ ചൊടിപ്പിക്കാറുണ്ട്.സൗഹൃദങ്ങൾ നല്ലതാണ്. പക്ഷേ അതിന് ഒളിയു മറയും ആവശ്യമില്ല. രഹസ്യമായ സുഹൃദ്ബന്ധങ്ങൾ കുടുംബ ജീവിതത്തിൽ വെറുതെ പ്രശ്നങ്ങൾ സൃഷ്ടിക്കും എന്നല്ലാതെ വേറെ യാതൊരു പ്രയോജനവും ഇല്ല. ഇത്തരം താൽകാലികമായ ബന്ധങ്ങൾ ഒളിക്കാനും മറയ്ക്കാനും കാണിക്കുന്ന സാഹസങ്ങൾ കുടുംബത്തേയും അതിലുപരി ആ വ്യക്തിയെയും മാനസികവും ശാരീരികവുമായി ബാധിക്കും എന്നു മനസ്സിലാക്കുക. ഒരിക്കൽ കുടുംബ ജീവിതത്തിൽ ഒരു വിള്ളൽ വന്നാൽ പിന്നെ അതു പഴയതു പോലെ ആകും എന്ന് യാതൊരു ഗ്യാരണ്ടിയും ഇല്ല. വിശ്വാസവഞ്ചന ആരും സഹിക്കാത്ത കാര്യമാണ് ഒന്നോർക്കുക- ജീവിതസായാഹ്നത്തിൽ എല്ലാത്തിനും അവസാനം നിങ്ങളോടൊപ്പം നിങ്ങളുടെ ഭാര്യമാത്രമേ ഒരു താങ്ങും തണലുമായി ഉണ്ടാകൂ.

ഈ ലോകത്ത് നമ്മൾ ജീവിക്കുന്നതിന്റെ ദൈർഘ്യം വളരെകുറവാണ്. ദൈവം നമുക്കു തന്ന ആയുസ്സിനും ആരോഗ്യത്തിനും ദൈവത്തോട് നന്ദിയുള്ളവരായി സന്തോഷത്തോടെ ജീവിക്കാൻ ശ്രമിക്കുക.പണമുണ്ടാക്കാനുള്ള നെട്ടോട്ടത്തിനിടയിൽ ജീവിക്കാൻ മറന്നുപോകരുത്. ഒരുപാട് പണം സമ്പാദിച്ച് അവസാനം വാർദ്ധക്യത്തിൽ സുഖമായി ജീവിക്കാം എന്നു കരുതരുത്. വാർദ്ധക്യം ഒരിക്കലും അത്ര സുഖകരമായ ഒരവസ്ഥ ആയിരിക്കില്ല. നാം സമ്പാദിച്ചു കൂട്ടുന്ന 'Bank account' ജീവിത സായാഹ്നത്തിൽ നമുക്കുവേണ്ടതെല്ലാം തരില്ല. സ്വന്തം ഇഷ്ടങ്ങൾക്കും സന്തോഷങ്ങൾക്കും കൂടി ജീവിതത്തിൽ പ്രാധാന്യം കൊടുക്കുക. വാർദ്ധക്യത്തിൽ പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ ഓർമ്മിക്കാൻ കുറെ നിമിഷങ്ങൾ ഉണ്ടാവണം ജീവിതത്തിൽ. പശ്ചാത്തപിക്കുവാൻ ഒന്നും ബാക്കിവയ്ക്കാതെ ജീവിക്കാൻ ശ്രമിക്കുക. ചെറിയ ചെറിയ പ്രശ്നങ്ങളും 'ego' യും ഒക്കെ മാറ്റിവച്ച് സന്തോഷമുള്ള നല്ല ഭാര്യാഭർത്താക്കൻമാരായി ജീവിക്കുവാൻ ഓരോ ദമ്പതിമാരേയും ദൈവം അനുഗ്രഹിക്കട്ടെ.

വൃക്ഷത്തൈ വിതരണ ഉത്ഘാടനം

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ വൃക്ഷത്തൈ വിതരണ ഉത്ഘാടനം ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു.

വചനാമൃതം

റോയി മാത്യു കോർ-എപ്പിസ്ക്കോപ്പ

പെന്തിക്കോസ്തിക്കുശേഷം 9-ാം ഞായർ

സമൂഹ സദസ്സുകളിൽ പ്രധാന സ്ഥാനം ലഭിക്കുന്നതിനുവേണ്ടിയുള്ള ആകാംക്ഷയെപ്പറ്റിയും കാണിക്കാറുള്ള തിക്കും തിരക്കും കണ്ട് അതിനേപ്പറ്റി കർത്താവ് വിമർശിക്കുന്നതും, സാമാന്യ മര്യാദ പുലർത്തുന്നതിനെക്കുറിച്ചും പഠിപ്പിക്കുന്നതാണ് ഇന്നത്തെ വിഷയം. സമൂഹ സദസ്സിൽ പോകുമ്പോൾ മുഖ്യാസനത്തിൽ ഇരിക്കരുത്. ഏറ്റവും അവസാനം ഇരിക്കണം അപ്പോൾ ക്ഷണിച്ചവൻ വന്ന് നിങ്ങളെ വിളിച്ച് പ്രധാന സ്ഥലത്ത് ഇരുത്തും അങ്ങനെ നിങ്ങൾക്ക് സമൂഹത്തിൽ ബഹുമാനം ലഭിക്കും.

1). **ചില സാമാന്യ മര്യാദകൾ**

നിങ്ങൾ മേശയിൽ മുഖ്യാതിഥിയാണെങ്കിൽ എല്ലാവർക്കും ആഹാരം കിട്ടിയിട്ടു മാത്രമേ ആഹാരത്തിനായി പ്രാർത്ഥിക്കാവൂ. അതിവേഗത്തിൽ ആഹാരം കഴിക്കരുത്. വായിൽ കൊള്ളുന്നതിലധികം വായിൽ കുത്തിത്തിരുകരുത്. ആഹാരം വായിൽ ഇട്ടുകൊണ്ട് സംസാരിക്കരുത്. ആഹാരത്തിനു നിങ്ങളെ ക്ഷണിച്ചാൽ ആഹാരശേഷം വീട്ടിൽ പോകുമ്പോൾ നന്ദി പറഞ്ഞിട്ടു മാത്രം പോകുക. ആഹാരം നഷ്ടപ്പെടുത്തരുത്. മനുഷ്യരോടും ദൈവത്തോടും ചെയ്യുന്ന വലിയ പാപമാണ്.

2). കൃത്യനിഷ്ഠയും, പരിസര ശുചീകരണവും അത്യാവശ്യമാണ്.

വീട്ടിനകത്തു തുപ്പരുത്, പരിസരങ്ങളിൽ വിസർജ്ജ വസ്തുക്കൾ ഇട്ട് മലിനമാക്കാതെ കുഴിച്ചുമൂടുക. ചെരുപ്പുകൾ, പുസ്തകങ്ങൾ, തുണികൾ, കിടക്കകൾ, പാത്രങ്ങൾ തുടങ്ങിയവ ഇരിക്കേണ്ട സ്ഥാനത്തു ചിട്ടയായി വയ്ക്കണം.

3). രണ്ടു നേരവും കുളിക്കണം, വിയർപ്പ് നാറരുത്, ചിലരുടെ വിയർപ്പിന് വളരെയധികം ദുർഗ്ഗന്ധമുണ്ട്, കക്ഷഭാഗങ്ങളിൽ ദുർഗ്ഗന്ധം വമിക്കുന്ന ഗ്രന്ഥികൾ വളരെയുണ്ട്. വ്യത്തിയായി സൂക്ഷിക്കുവാൻ ഉള്ള പ്രതിവിധികൾ ചെയ്യണം.

4). മുറി വൃത്തിയാക്കുക, പരിസരം വൃത്തിയാക്കുക, നിത്യോപയോഗ സാധനങ്ങൾ വൃത്തിയായി സൂക്ഷിക്കുക.

5). നമ്മുടെ തുണികൾ നാം തന്നെ കഴുകുക., അടിവസ്ത്രങ്ങൽ മറ്റൊരാളെകൊണ്ട് കഴുകിക്കരുത്. (ഭാര്യയെകൊണ്ടുപോലും).

6). ബസ്സിൽ യാത്ര ചെയ്യുമ്പോൾ മറ്റുള്ളവരുടെ ഇരിപ്പിടത്തിൽ ഇരുന്നിട്ട് നിന്ദിക്കപ്പെടാതിരിപ്പാൻ സൂക്ഷിക്കണം. പ്രത്യേകിച്ച് സ്ത്രീകളുടെ സീറ്റിൽ പുരുഷന്മാർ ഇരിക്കരുത്. മറ്റുള്ളവർക്ക് ബഹുമാനം തോന്നത്തക്കവണ്ണം അവരോട് ഇടപെടണം.

ഈ ദിവസത്തിൽ തന്നത്താൻ താഴ്ത്തുന്നവർ ഉയർത്തപ്പെടും എന്നും കർത്താവ് അരുളി ചെയ്തു. നമ്മുടെ കർത്താവ് പറഞ്ഞു ഞാൻ താഴ്ചയും വിനയവും ഉള്ളവനാകയാൽ എന്നോട് പഠിപ്പീൻ. (മത്താ.11:29) യേശുക്രിസ്തു ആണല്ലോ നമ്മുടെ മുമ്പിൽ ഏകവും ശ്രേഷ്ഠവും ആയ ദൃഷ്ടാന്തമായി നിൽക്കുന്നത് അവന്റെ താഴ്മ എവിടെനിന്ന് എന്നോർക്കുക. അവൻ ദാസരൂപം എടുത്തതു മൂലമാണ് മഹത്വം പ്രാപിച്ചത്. സ്വർഗീയവും ദൈവീകവുമായതെല്ലാറ്റിലും മകുടം എല്ലാവരുടെയും ദാസനാകുക എന്നതാണ്. അവൻ നമുക്ക് കാണിച്ചു തന്നത്.

താഴ്മ എന്നു പറയുന്നത്. നമ്മുടെ പാപത്തെപ്പറ്റി അനുതപിക്കുകയും, നുറുക്കപ്പെടുകയും ചെയ്യുന്നതു മാത്രമല്ല. അത് യേശു ക്രിസ്തുവിന്റെ സ്വഭാവത്തോടു പങ്കുള്ളവരാകുക എന്നതാണ്. 'താഴ്മ" എന്ന വേരിൽ നിന്നു മാത്രമേ ആത്മാവിന്റെ ഫലങ്ങൾ വളരുകയുള്ളു. മാത്രമല്ല യേശുക്രിസ്തുവിനോടുള്ള കൂട്ടായ്മ അനുഭവിക്കണമെങ്കിൽ താഴ്മ അതിന്റെ ഒരു വ്യവസ്ഥയാണ്. നിഗളം എന്നു പറയുന്നത് താഴ്മയുടെ അഭാവമാണ് എന്നു മാത്രമല്ല. അത് സകല ദോഷത്തിനും ഹേതുവും ആണല്ലോ. ദൂതന്മാർ, പിശാചുക്കളായിത്തീരുവാൻ കാരണമായത് നിഗളം എന്ന സ്വഭാവം അവരിൽ ഉയർന്നതുകൊണ്ടാണല്ലോ. ദുഷ്ടതമുഴുവൻ നിഗളത്തിൽ നിന്നുണ്ടാകുന്നുവെന്നും നന്മ എല്ലാം താഴ്മയിൽ നിന്നും ഉണ്ടാകുന്നുവെന്നും പഠിപ്പിക്കുന്നവനത്രേ ദൈവം. നമ്മിൽ ഉള്ള പാപം മുഴുവൻ ഇല്ലാതാകണമെങ്കിൽ, ദൈവത്തിന്റെ കുഞ്ഞാടിന്റെ താഴ്മ നമ്മിൽ അടിസ്ഥാനമിടേണ്ടതാണ്.

പെന്തിക്കോസ്തിക്കുശേഷം 10-ാം ഞായർ

നിങ്ങൾ തിരിഞ്ഞു ശിശുക്കളെപോലെ ആയി വരുന്നില്ലെങ്കിൽ സ്വർഗ്ഗ രാജ്യത്തിൽ കടക്കുകയില്ല. ഒരു മാനസാന്തരമത്രേ കർത്താവ് ആവശ്യപ്പെടുന്നത്. നമ്മുടെ പ്രജ്ഞയെ മന്ദീഭവിപ്പിക്കുന്നതും, നമ്മുടെ മനസ്സാക്ഷിയെ നിർജ്ജീവമാക്കുന്നതും, നമ്മുടെ ഇച്ഛാ ശക്തിയെ ക്ഷയിപ്പിക്കുന്നതും, നമ്മേ മൃഗതുല്യമാക്കുന്നതും ആയ പ്രകൃതിയുടെ ഒരു പ്രമാണം നമ്മുടെ ഉള്ളിൽ ഉണ്ട്. അതിനാൽ നമ്മുടെ പ്രവർത്തനം തന്നെ നമ്മേ ന്യായം വിധിക്കുന്നതിന് കാരണമാകുന്നു. ദൈവം വിശുദ്ധനും നീതിമാനും അത്രേ. അവൻ പാപം സഹിക്കുകയില്ല. പാപം ദൈവത്തിൽനിന്നു മനുഷ്യനെ അകറ്റുന്നു. ദൈവത്തിൽ നിന്ന് അകന്നുപോകുന്നതുകൊണ്ട് ദൈവത്തെപ്പറ്റി ധാർമ്മികമായും ബുദ്ധിപരമായും, ആത്മീകമായുള്ള കാഴ്ച മനുഷ്യന് ഇല്ലാതെ പോകുന്നു. ദൈവത്തെ കാണണമെങ്കിൽ ദൈവത്തിങ്കലേക്ക് അടുത്തു വരേണ്ടതാണ്. എന്നാൽ ദൈവത്തിങ്കലേക്ക് അടുക്കുവാൻ ബുദ്ധിപരമായ ശ്രമംകൊണ്ട് സാദ്ധ്യമല്ല. മനുഷ്യന്റെ നിരൂപണങ്ങൽ അല്ലല്ലോ ദൈവത്തിന്റെ നിരൂപണങ്ങൾ ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു. മനുഷ്യന്റെ സ്വഭാവം പാടെ ദുഷിച്ചതാകയാൽ നന്മ ചെയ്തു ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട് ദൈവത്തോടു മനുഷ്യന് അടുക്കാനുള്ള സാദ്ധ്യതയുണ്ട് അങ്ങനെയെങ്കിൽ നാം എന്തു ചെയ്യണം? മാനസാന്തരപ്പെടണം. മാനസാന്തരം എന്ന വാക്കിന്റെ അർത്ഥം തിരിഞ്ഞു നടക്കുക മനസ്സിന് മാറ്റം വരുത്തുക, പുറകോട്ടു തിരിയുക, മടങ്ങി വരിക എന്നാണ്. ആത്മീയമായ അർത്ഥത്തിൽ ഈ വാക്കിന് അനുതപിക്കുക, വീണ്ടും ജനിക്കുക, കൃപ പ്രാപിക്കുക, ആത്മീയ അനുഭവം ഉണ്ടാകുക, നിത്യതയുടെ ഉറപ്പു ലഭിക്കുക എന്നു വിവിധമായി നിർവ്വചിക്കാവുന്നതാണ്. രണ്ടു വിധത്തിലുള്ള മാനസാന്തരമുണ്ടെന്നാണ് ഡോ. Starburk പറയുന്നത്. (1) പാപത്തിന്റെ അഗാധമായ ബോധത്തോടുകൂടെയുള്ള മാനസാന്തരം, (2) ആത്മീയ പ്രകാശത്തിനുവേണ്ടിയും യഥാർത്ഥമായ ജീവിതത്തിനുവേണ്ടിയുള്ള ഒരു വലിയ ആവേശവും, തന്നിൽ തന്നെയുള്ള ശക്തി ഹീനതയുടെ ബോധവും ഉള്ള മാനസാന്തരം. വേദപുസ്തകപരമായ മാനസാന്തരത്തിനും മൂന്ന് അനുഭവങ്ങളാണുള്ളത്. (1) അനുതാപം (2) വിശ്വാസം, (3) വീണ്ടും ജനനം. പഴയ ജീവിതത്തിൽനിന്നുള്ള തിരിവത്രെ അനുതാപം. വിശ്വാസം എന്നത് മാനസാന്തരത്തിന്റെ ലക്ഷ്യമായ ദൈവത്തിങ്കലേക്കുള്ള തിരിവാണ്. അതിന്റെ ഫലമായുണ്ടാകുന്ന വീണ്ടും ജനനമാണ് മൂന്നാമത്തേ പടി. സ്വർഗ്ഗ രാജ്യത്തിൽ കടക്കണമെങ്കിൽ വീണ്ടും ജനിക്കണം എന്നു കർത്താവ് പറഞ്ഞിട്ടുണ്ട്. ഇത് മനുഷ്യന്റെ അഭിപ്രായമല്ല ദൈവത്തിന്റ അഭിപ്രായമത്രെ. നിങ്ങൾ

തിരിഞ്ഞ് ശിശുക്കളെപോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗ രാജ്യത്തിൽ കടക്കുകയില്ല. എന്നാണ് യേശുക്രിസ്തു പറഞ്ഞിട്ടുള്ളത്.

പെന്തിക്കോസ്തിക്കുശേഷം 11 – ാം ഞായർ

12 ശ്ലീഹന്മാരേയും ഈരണ്ടു പേർ വീതം തിരിച്ച് സുവിശേഷഘോഷണാർത്ഥം അയക്കുന്നതാണ് ഇന്നത്തെ ചിന്താവിഷയം.

ദൈവീക പദ്ധതിയെക്കുറിച്ചുള്ള സമ്പൂർണ്ണമായ അറിവ് നമുക്ക് അത്യന്താപേക്ഷിതമാണ്. നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പീൻ എന്ന് എഴുതിയിരിക്കുന്നു. (മർക്കോ.16:15). സകല ജാതികളെയും ശിക്ഷ്യരാക്കുവിൻ (മത്താ.28:19) എന്നുംകൂടി എഴുതിയിരിക്കുന്നു. ഈ രണ്ടു കല്പനകൾ സൂക്ഷ്മമായി ശ്രദ്ധിച്ച് അനുസരിക്കുന്ന പക്ഷം നമ്മുടെ ഈ കാലഘട്ടത്തിൽ ദൈവഹിതം നിറവേറ്റുവാൻ നമുക്ക് സാധിക്കും. ഈ കല്പന ഒറ്റ വിശ്വാസിക്ക് മാത്രമായി നൽകിയിട്ടുള്ളതല്ല. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്ക് ഒന്നാകെ നൽകിയിട്ടുള്ളതാണ്. ഒരു സുവിശേഷകന് ഒരു സാക്ഷിക്കുള്ളതിനേക്കാൾ വിപുലമായ ഒരു പ്രവർത്തന മണ്ഡലമാണുള്ളത്. ഒരു സാക്ഷിക്ക് താൻ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ട് തന്റെ സ്വജനങ്ങൾ, അയൽക്കാർ, സഹപ്രവർത്തകർ, ദിനംപ്രതി താൻ കണ്ടുമുട്ടുന്ന ആളുകൾ എന്നിവരോടെല്ലാം ക്രിസ്തുവിനെപ്പറ്റി അറിയിക്കാനുള്ള കടമയുണ്ട്. എന്നാൽ ക്രിസ്തു സഭയ്ക്ക് സുവിശേഷകന്മാരേ പ്രത്യേകം നൽകിയിട്ടുണ്ട്. സാധാരണ നാം കേൾക്കാറുള്ളതുപോലെ ആത്മാക്കളെ നേടുന്നതിനോ ആളുകളെ ക്രിസ്തുവിങ്കലേക്ക് നടത്തുന്നതിനോ മാത്രമല്ല. പിന്നെയോ എഫേസ്യർ 4:11–13. വാക്യങ്ങൾ വ്യക്തമാക്കുന്നതുപോലെ ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീക വർദ്ധനയ്ക്ക് വേണ്ടിയാണ് അവരെ നൽകിയിട്ടുള്ളത്. ദൗർഭാഗ്യമെന്നു പറയട്ടെ. ഇന്നത്തെ സുവിശേഷ പ്രവർത്തനം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ പണിയുന്നതിലല്ല. പിന്നെയോ ഒറ്റയൊറ്റ വ്യക്തികളെ ആത്മാക്കളെ രക്ഷിക്കുന്നതിലാണ് ശ്രദ്ധ പതിച്ചിട്ടുള്ളത്. രക്ഷ പ്രാപിക്കുന്ന ഈ ആത്മാക്കളെ ഇന്നത്തെ സുവിശേഷകന്മാർ അവരവരുടെതന്നെ നിർജീവമായ സഭാവിഭാഗങ്ങളിലേക്ക് തിരിച്ചയക്കുകയും തന്മൂലം അവർ വീണ്ടും നാശമടയുകയും ചെയ്യുന്നു. യേശു സുവിശേഷകന്മാരെ "മനുഷ്യരെ പിടിക്കുന്നവർ " എന്നാണ് വിളിച്ചിരിക്കുന്നത് യേശു പാപങ്ങളെ ക്ഷമിക്കുന്നു. രോഗികളെ സൗഖ്യമാക്കുന്നു. എന്ന സന്ദേശം പ്രഖ്യാപിക്കുന്നതോടൊപ്പം അത്ഭുതങ്ങളും അടയാളങ്ങളും നടന്നു എന്നു വരാം. എന്നാൽ അത്തരം സുവിശേഷ പ്രവർത്തനത്തിന്റെ ഫലമായി എത്ര പേർ ക്രിസ്തുവിന്റെ ശരീരത്തോട് ചേർക്കപ്പെട്ടു എന്നതാണ് നിർണ്ണായകമായ ചോദ്യം. ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തലന്മാർ ഇത്തരത്തിലുള്ള സുവിശേഷ പ്രവർത്തനത്തിൽ ഒരിക്കലും ഏർപ്പെട്ടിരുന്നില്ല. രക്ഷിക്കപ്പെടുന്നവരെ സഭയോട് ചേർത്തു ശിഷ്യന്മാരെന്ന നിലയിൽ പണിതുറപ്പിക്കുകയായിരുന്നു അവരുടെ പ്രവർത്തന രീതി. ദൗർഭാഗ്യവശാൽ 21–ാം നൂറ്റാണ്ട് രോഗശാന്തി പ്രവർത്തകരായ സുവിശേഷകന്മാരുടെ കാലമായി മാറിയിരിക്കുന്നു. ദൈവ വചനത്തിലെ ഉപദേശത്തിൽനിന്ന് ക്രൈസ്തവ ലോകം എത്രമാത്രം അകന്നു പോയിരിക്കുന്നു. എഫേസ്യർ 4:11ൽ പറയുന്ന 5 ശുശ്രൂഷകൾ, അപ്പോസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ, എന്നിങ്ങനെയാണല്ലോ 1.കോരി 12:28ൽ അവയുടെ പ്രാധാന്യ ക്രമത്തിൽ കൊടുത്തിട്ടുണ്ട്. പാത്രിയർക്കീസന്മാർ, മെത്രാപ്പോലീത്തന്മാർ, കശീശന്മാർ ഇവരുടെ കീഴിലായി സുവിശേഷകൻ തന്റെ ദൈവദത്തമായ ശുശ്രൂഷ ഏറ്റെടുക്കുമ്പോഴാണ് അതിന്റെ ശരിയായ സ്ഥാനം അതിനു ലഭിക്കുന്നത്. അപ്പോൾ മാത്രമേ അയാളുടെ ശുശ്രൂഷ ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീയ വർദ്ധനക്ക് പണിതുയർത്തലിന് ഉപകരിക്കുകയുള്ളു. ഇവിടെയാണ് ഈ നൂറ്റാണ്ടിലെ സുവിശേഷ പ്രവർത്തനം ദൈവ വചനത്തിന്റെ പാതയിൽനിന്ന് ബഹുദൂരം അകന്നുപോയിട്ടുള്ളത്.

കൂടാരപെരുന്നാളിനുശേഷം 1 – ാം ഞായർ

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തു തന്റെ പ്രധാന ശിഷ്യന്മാരുമായി മറുരൂപ മലയിൽ പോയി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ മോശയും ഏലിയാവും അവന് പ്രത്യക്ഷപ്പെട്ടു. കുരിശുമരണത്തെക്കുറിച്ച് കർത്താവിനോട് സംസാരിച്ചു. ഈ സമയം കർത്താവ് പ്രകാശം കൊണ്ട് ശോഭിച്ചിരുന്നു. രൂപാന്തരപ്പെട്ട കർത്താവ് തിരികെ ഇറങ്ങി വരുമ്പോൾ താഴ്വരയിൽ കണ്ട കാഴ്ച അപ്പോസ്തലന്മാരുടെ അല്പവിശ്വാസവും ജനങ്ങളുടെ അവിശ്വാസവും ആയിരുന്നു. കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട് കല്പിച്ചാൽ കടലിൽ പോയി കിടക്കും എന്നു കർത്താവ് പഠിപ്പിച്ചു.

യേശു ക്രിസ്തുവിന്റെ ജീവിതകാലത്ത് അന്നത്തെ യഹൂദ സമൂഹത്തിൽ നിലവിലിരുന്ന ചില ജീവിത മൂല്യങ്ങൾ ഉണ്ടായിരുന്നു. ആ പ്രമാണങ്ങളെ അടിസ്ഥാനപ്പെടത്തിയാണ് ശാസ്ത്രിമാരും പരീശന്മാരും തങ്ങളുടെ ജീവിതത്തെ ക്രമീകരിച്ചിരുന്നത്. യേശുക്രിസ്തു അന്നത്തെ ജീവിത മൂല്യങ്ങൾക്കപ്പുറമായൊരു മൂല്യത്തെ യഹൂദ സമൂഹത്തിന് കാട്ടി കൊടുത്തു. അവ മൂല്യങ്ങളുടെ മൂല്യമായിരുന്നു. അത് സ്വീകരിക്കുമ്പോൾ മറ്റെല്ലാറ്റിനും വിലയുണ്ടാകുന്നു. ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ എല്ലാറ്റിനും അന്തസ്സും, ബഹുമാനവും നല്കുന്ന മൂല്യമാണത്. അപ്പോഴാണ് നമ്മോടു തന്നെയും പ്രകൃതിയോടും മറ്റുള്ളവരോടും ദൈവത്തോടും നിരപ്പുണ്ടാകുന്നത്.

അധികാരത്തിനുവേണ്ടിയുള്ള മത്സരത്തിനു പകരം സേവനം എന്ന പുതിയ വ്യവസ്ഥ കർത്താവ് തന്നു. ശിഷ്യന്മാരുടെ കാലുകൾ കഴുകി ഒരു പുതിയ മൂല്യദർശനം അവൻ നൽകി. നാം അശുദ്ധമെന്നു കണക്കാക്കുന്നതിൽ കർത്താവ് വിശുദ്ധി കാണുന്നു. നാം നിസ്സാരമെന്നു പുഛിച്ചു തള്ളുന്നതിൽ കർത്താവ് മഹത്വം കാണുന്നു. വീടു പണിയുന്നവർ തള്ളികളഞ്ഞ കല്ലു മൂലകല്ലായിത്തീരുന്നു. നീതിമാന്മാരെ അല്ല പാപികളെയത്രെ അവൻ വിളിപ്പാൻ വന്നത്. വിശുദ്ധിയേയും അശുദ്ധിയേയും സംബന്ധിച്ച് കർത്താവിന്റെ സമീപനം യഹൂദ സമൂഹത്തിൽനിന്നും വിഭിന്നമായിരുന്നു. കുടുബബന്ധങ്ങൾപോലും ദൈവ രാജ്യത്തോടുള്ള വിശ്വസ്തതയിൽ രണ്ടാംസ്ഥാനമേ അർഹിക്കുന്നുള്ളു. എന്നേക്കാൾ അധികം മാതാവിനെയോ പിതാവിനെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല. മകനേയോ മകളെയോ സ്വന്തത്തിനെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല.

ഇതിന്റെ ഫലമോ ഈ ജീവിത വീക്ഷണത്തെ അംഗീകരിക്കാത്ത സമൂഹമായുള്ള സംഘർഷവും സംഘടനവും. ഈ പീഡനങ്ങൾ ഒരു പുതിയ സമൂഹത്തിന്റെ അനുഗ്രഹങ്ങളായി രൂപാന്തരപ്പെടും. മൂല്യങ്ങളുടെ മൂല്യത്തെ യേശു ക്രിസ്തുവിൽ ദർശിച്ച് അവനെഅനുഗമിക്കാം.

ക്നായിതോമാ പ്രാർത്ഥനായോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രെയർ ഫെലോഷിപ്പിന്റെ ജൂലൈ മാസത്തെ പ്രാർത്ഥനായോഗം 29–7–2018 ഞായറാഴ്ച വൈകുന്നേരം 5.45 ന് പാക്കിൽ സെന്റ് തോമസ് യാക്കോബായ പള്ളിയുടെ പാരീഷ്ഹാളിൽവച്ച് നടത്തുന്നു. മണർകാട് സെന്റ്മേരീസ് യാക്കോബായ പള്ളി വികാരി ആൻഡ്രൂസ് ചിരവത്തറ കോർ എപ്പിസ്കോപ്പ മുഖ്യ സന്ദേശം നൽന്നതാണ്.

Ph. 9567870856

പ്രാചീന കേരളത്തിലെ ശിക്ഷകളും അനുബന്ധ നടപടി ക്രമങ്ങളും (തുടർച്ച)

സമ്റോനോ സിബി തോമസ് കടയ്ക്കേത്ത്

സി. അച്യുതമേനോൻ എഴുതിയ കൊച്ചിൻ സ്റ്റേറ്റ് മാനുവൽ എന്ന ഗ്രന്ഥത്തിലും പ്രാചീന കേരളത്തിലെ വിശേഷിച്ചും പെരുമ്പടപ്പ് സ്വരൂപം ഭരിച്ചിരുന്ന പ്രദേശങ്ങളിലെ ശിക്ഷകളെ കുറിച്ച് പറയുന്നുണ്ട്.

ധർമ്മശാസ്ത്രം എന്ന വിഷയത്തിൽ അടിസ്ഥാനമാക്കിയിട്ടുള്ളതായിരുന്നു പ്രാചീന കേരളത്തിലെ വിചാരണ ശിക്ഷ നടപടികളെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു. കൊച്ചി രാജ്യത്തിന്റെ പാരമ്പര്യമനുസരിച്ച് രാജാവാണ് പരമോന്നത ന്യായധിപൻ. പക്ഷെ അദ്ദേഹത്തിന്റെ വിധിനിലപാടുകൾ വിവിധ പ്രമാണിമാരുടെ ഉപദേശങ്ങൾക്കു ശേഷമായിരിക്കും. ഇതുകൂടാതെ നാടുവാഴികൾക്കും പ്രഭുക്കന്മാർക്കും അതാതു പ്രദേശങ്ങളിലെ കുറ്റകൃത്യങ്ങൾക്ക് ശിക്ഷ നടപടികൾ സ്വീകരിക്കാനുള്ള അധികാരമുണ്ടായിരുന്നു. ഇത്തരത്തിൽ ഒരാളെ വധശിക്ഷയ്ക്ക് വിധിക്കാൻ പോലും പ്രഭുക്കന്മാർക്ക് കഴിയുമായിരുന്നു. വസ്തുവകകളുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ തീർപ്പു കല്പിക്കുന്നതിനും പ്രഭുക്കന്മാർക്ക് അധികാരങ്ങളുണ്ടായിരുന്നു. എന്നാൽ രാജ്യത്തെ പ്രധാന തർക്കങ്ങളിൽ രാജാവ് ഇടപെടുമായിരുന്നു. എന്നാൽ വ്യക്തമായ തെളിവുകളുടെയും സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിലാണ് രാജാവിന്റെ വിധി നിർണ്ണയം. ഹിന്ദു പാരമ്പര്യ നിയമങ്ങളിൽ പാണ്ഡിത്യമുള്ള ബ്രാഹ്മണർ വിധി നിർണ്ണയം നടത്തുന്ന വേളകളിൽ രാജാവിനോടുകൂടെ ഹാജരായിരിക്കും സ്ത്രീകളുടെയും അടിമകളുടെയും സാക്ഷിമൊഴികൾ ഇവർക്ക് സ്വീകാര്യമായിരുന്നില്ല. തെളിവുകളുടെയും സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ കുറ്റം വിധിച്ചിരുന്നെങ്കിലും പ്രസ്തുതവിചാരണസഭ ആധുനിക കാലത്തെ കോടതികളുടേത്പോലെയാണെന്ന് പറഞ്ഞുകൂടാ ഇന്നത്തെ കോടതികളിൽ ന്യായക്കാരനുവേണ്ടിയും പ്രതിഭാഗത്തിനു വേണ്ടിയും വ്യത്യസ്തരായ അഭിഭാഷകർ ഹാജരാവുകയും തങ്ങളുടെ കക്ഷിയ്ക്കുവേണ്ടി പരസ്പരം വാഗ്വാദങ്ങൾ നടത്തുകയും ചെയ്യും. ഇതുപോലൊരു പതിവ് രാജാവിന്റെ ന്യായാസനങ്ങളിൽ ഉണ്ടായിരുന്നില്ല. തെളിവുകൾ പരിശോധിച്ചു സാക്ഷികളെ വിസ്തരിച്ച ശേഷം നിയമ പണ്ഡിതന്മാരുടെ സഹായത്തോടെ രാജാവ് നീതിപൂർവ്വകമായ നിലപാട് സ്വീകരിക്കുന്നു. ഇരു പക്ഷത്തുനിന്നുമുള്ള വാഗ്വാദങ്ങളില്ലാതെ പ്രതി കുറ്റം സമ്മതിക്കാതെ വന്നാൽ ചിലപ്പോൾ സത്യപരീക്ഷകൾക്ക് വിധേയനാക്കപ്പെടും. വധശിക്ഷ അംഗവിച്ഛേദനം ചമ്മട്ടിപ്രഹരമേല്പിക്കൽ തടവ് പിഴയടവ് അടിമകളെ ഉപയോഗിക്കുന്നതിനു നിയന്ത്രണം എന്നിവയൊക്കെയായിരുന്നു കൊച്ചി രാജ്യത്തെ അംഗീകൃത ശിക്ഷാരീതികൾ. ദൈവനിന്ദ രാജ്യദ്രോഹം, കൊലപാതകം ഗോവധം എന്നിവയ്ക്ക് വധശിക്ഷയായിരുന്നു പ്രതിഫലം. മറ്റുകുറ്റങ്ങൾക്കു ക്രൂരതയുടെ അളവനുസരിച്ചു അംഗവിച്ഛേദനവും. തടവുശിക്ഷ കൊച്ചിരാജ്യത്തു അപൂർവ്വമായിട്ടായിരുന്നു കൊടുത്തിരുന്നത്. ചെറുകുറ്റങ്ങൾക്ക് മുക്കാലിയിൽ ചേർത്ത് കെട്ടിയതല്ല്, പിഴയടവ് എന്നിവയായിരുന്നു ശിക്ഷ. പിഴയടവ് ഇനത്തിൽ രാജ്യത്തിന് വളരെധികം വരുമാനം കിട്ടിയിരുന്നതായി അച്യുത മേനോൻ പറഞ്ഞു വച്ചിരിക്കുന്നു. ആചാര്യമര്യാദകൾ തെറ്റിക്കുന്ന മേൽജാതിക്കാർക്ക് അടിമകളെ ഉപയോഗിക്കുന്നതിനുള്ള വിലക്കായിരുന്നു ശിക്ഷ. കീഴ്ജാതിയിലെ സ്ത്രീകളുമായി അവിഹിതം നടത്തിയാലും ബ്രാഹ്മണരായ പുരുഷന്മാർക്ക് അടിമകളെ ഉപയോഗിക്കുന്നതിലുള്ള വിലക്ക് ശിക്ഷയായി ലഭിക്കുമായിരുന്നു. വാളുകൊണ്ട് വെട്ടിയും കഴുവിലേറ്റിയുമാണ് കൊച്ചി രാജ്യത്ത് പരമ്പരാഗതമായി വധശിക്ഷ നടപ്പിലാക്കിയിരുന്നത്. കൊടുംകുറ്റവാളികളെ ആനയെകൊണ്ട് ചവിട്ടിച്ചുകൊല്ലുക എന്നതായിരുന്നു രീതി. മൂക്ക്, ചെവി, വിരലുകൾ എന്നിവയായിരുന്നു അംഗവിച്ഛേദനത്തിന് വിധേയമാക്കിയിരുന്ന അവയവങ്ങൾ. മറ്റു ചില ക്രൂരകൃത്യങ്ങളിൽ നാവു വെട്ടിയെടുക്കുകയോ കണ്ണ് ചൂഴ്ന്നെടുക്കുകയോ ചെയ്തിരുന്നു. തടവുശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ട കുറ്റവാളികളുടെ കാര്യവും ഏറെ പരിതാപകരമായിരുന്നു. എഴുന്നേറ്റു നിൽക്കാനോ ചലിക്കാൻ പോലുമോ അവർക്കു സാധിക്കുമായിരുന്നില്ല. അത്രമാത്രം ഇടുങ്ങിയ തടവറകൾ പലപ്പോഴും രാജകൊട്ടാരത്തിനോട് അനുബന്ധിച്ചായിരുന്നു. ശിക്ഷ നടപ്പിലാക്കുന്നതിൽ ഏറ്റവും പ്രഗൽഭനായ കൊച്ചിരാജാവായിരുന്നു ശക്തൻ തമ്പുരാൻ എന്ന വിശേഷണത്തിലറിയപ്പെടുന്ന രാജവർമ്മ മഹാരാജാവ്. ഇദ്ദേഹം തനിക്കു കുറ്റവാളികളെന്നു തോന്നുന്നവരെ തൽക്ഷണംതന്നെ തന്റെ വാളിനിരയാക്കിയിരുന്നു. ഒരു ബ്രാഹ്മണനിയമ പണ്ഡിതന്റെയും സഹായം കൂടാതെ തന്നെ ശിക്ഷാപരമായ കാര്യങ്ങളിൽ ഉടനടി തീരുമാനങ്ങളെടുക്കാൻ അദ്ദേഹത്തിന് യാതൊരു ഭയവും ഉണ്ടായിരുന്നില്ല. വികസന വിരോധികളായ പാരമ്പര്യ ചിന്താഗതിക്കാരായിരുന്നു ഇദ്ദേഹത്തിന്റെ പരമ ശത്രുക്കൾ. ഇപ്രകാരം തൃശൂർ നഗരത്തിന്റെ വികസനത്തിന് തടസം പറഞ്ഞ ഒരു വെളിച്ചപ്പാടിനെ അദ്ദേഹം തൽക്ഷണം തന്നെ തന്റെ വാൾ പ്രയോഗംകൊണ്ടു വകവരുത്തുകയുണ്ടായി.

തിരുവിതാംകൂർ രാജ്യത്ത് നിലനിന്നിരുന്ന വിചിത്രമായ ഒരു ശിക്ഷാരീതിയാണ് ചിത്രവധം. രാജ്യദ്രോഹികളെയും രാജ്യവിരോധികളായ ലഹളക്കാരെയുമെല്ലാമാണ് ഇപ്രകാരം ചിത്രവധം രീതിവഴി വധിച്ചിരുന്നത്. പ്രസ്തുത ശിക്ഷാരീതി പ്രകാരം കുറ്റവാളിയുടെ ശരീരത്തിലാകമാനം മൂർച്ചയുള്ള ആയുധങ്ങൾകൊണ്ടുകീറി വരച്ചു മുറിവുകൾ ഉണ്ടാക്കിയ ശേഷം ലോഹപട്ടകൾകൊണ്ട് അദ്ദേഹത്തെ ബന്ധനസ്ഥനാക്കുന്നു. ചിലപ്പോൾ മുറിവുകളിൽ മുളകും മറ്റും തേച്ചെന്നിരിക്കും. ഇതിനുശേഷം കുറ്റക്കാരനെ പൊതുസ്ഥലത്തു ഒരു പീഠത്തിന്മേൽ ഒരു പ്രദർശനവസ്തുവാക്കി നിർത്തും. ചങ്ങലകൾകൊണ്ടും ലോഹപ്പട്ടകൾകൊണ്ടും ബന്ധിച്ചിരിക്കുന്നതിനാൽ അനങ്ങാൻപോലും സാധ്യമല്ലാത്ത കുറ്റക്കാരന് വെയിൽ മൂർച്ചിക്കുന്നതോടെ വേദന കഠിനമാകും. ജലപാനം, ആഹാരം എന്നിവ നിഷേധിക്കപ്പെട്ടിരിക്കുന്നതിനാൽ ദാഹംകൊണ്ടും വിശപ്പുകൊണ്ടും കുറ്റക്കാരൻ ദുരിതമനുഭവിക്കും. തുടർന്ന് കഴുകൻപോലുള്ള പക്ഷികൾവന്നു ശരീരഭാഗങ്ങൾ കൊത്തിത്തിന്നാൻ തുടങ്ങും. ഇതോടെ ദുസ്സഹമായ പീഡാനുഭവങ്ങളിലൂടെയാണ് കുറ്റക്കാരന് കടന്നുപോകേണ്ടിവരിക അങ്ങനെ ഏതാനും ദിവസങ്ങൾകൊണ്ട് അവ

ശതയനുഭവിച്ചു കുറ്റക്കാരൻ മരിച്ചു കഴിഞ്ഞിരിക്കും ലോകത്തുനിലനിന്നതിൽവച്ചു ഏറ്റവും കഠിനമായ ശിക്ഷാരീതികളിലൊന്നായിട്ടാണ് ചിത്രവധം കണക്കാക്കപ്പെടുന്നത്.

ചിത്രവധത്തിനു പുറമെ തൂക്കിക്കൊല്ലലും തിരുവിതാംകൂറിൽ പതിവായിരുന്നു. തൂക്കിക്കൊല്ലാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ആരാച്ചാരന്മാർ പ്രത്യേക പദവികളിലുള്ളവരായിരുന്നു ഇവരെ സംബന്ധിച്ചു കുറെ വിശ്വാസങ്ങളും നിലനിന്നിരുന്നു. ഇതുപ്രകാരം ഭൂമിയിൽ മനുഷ്യർക്കിടയിലുള്ള 'മരണദേവന്റെ' പ്രതിനിധികളായിട്ടായിരുന്നു ഇവർ വിശേഷിക്കപ്പെട്ടിരുന്നത്. നിരവധി ആചാര മര്യാദകൾ പാലിച്ചുകൊണ്ടു വേണം ഇവർക്കു ജീവിക്കാൻ. സ്ത്രീകളുമായും കുട്ടികളുമായും ഇവർക്ക് സംസർഗ്ഗം പാടില്ല എന്നതിനാൽ ഒറ്റപ്പെട്ട നിലയിലായിരുന്നു ഇവരുടെ ജീവിതം. തൂക്കിക്കൊല്ലുന്ന ജോലി നിർവ്വഹിക്കുന്നതിനുമുമ്പ് ദിവസങ്ങൾ നീണ്ടു നിൽക്കുന്ന വൃതങ്ങളിലൂടെ ഇവർക്ക് കടന്നുപോകേണ്ടതുണ്ടായിരുന്നു. നാഗർകോവിലുണ്ടായിരുന്ന ഒരു കുടുംബത്തിൽപ്പെട്ടവരെയാണ് ആരാച്ചാർമാരായി നിയോഗിച്ചിരുന്നതെന്നു പറയപ്പെടുന്നു. "വില്ലുവണ്ടി എന്നൊരു വാഹനത്തിലാണ് ഇവരെ താമസസ്ഥലത്തുനിന്നും ശിക്ഷാനടപ്പിലാക്കേണ്ട സ്ഥലത്തേയ്ക്കു കൊണ്ടുവന്നിരുന്നത്, അകമ്പടിയായി സൈനികരുണ്ടാകും.

1944 ൽ ഒരു ദാർശനികൻ കൂടിയായിരുന്ന ചിത്തിര തിരുന്നാൾ മഹാരാജാവ് തിരുവിതാംകൂറിൽ വധശിക്ഷ നിർത്തലാക്കികൊണ്ടു വിജ്ഞാപനമിറക്കി അന്നത്തെ തിരുവിതാകൂർ ദിവാൻ സി.പി. രാമസ്വാമി അയ്യർ വധശിക്ഷ നിറുത്തലാക്കാൻ വേണ്ടി രാജാവിനെ പ്രേരിപ്പിച്ചതായി ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. വധശിക്ഷ ഒന്നിനും പരിഹാരമല്ല എന്ന കണ്ടെത്തലായിരിക്കാം ഒരു പക്ഷെ രാജാവിന്റെ ഈ തീരുമാനത്തിനു മുമ്പിൽ. വധശിക്ഷ വിരോധികളുടെ കാഴ്ചപ്പാടിൽ വധശിക്ഷ എന്നത് ഒരു പ്രതികാര നടപടി എന്നതിൽ കവിഞ്ഞു യാതൊന്നുമല്ല. മാത്രമല്ല ശിക്ഷയുടെ കാഠിന്യം സമൂഹത്തിലെ കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടാകും എന്ന ധാരണയോട് ഇവർ യോജിക്കുന്നുമില്ല. ഇതിനു നിരവധി ഉദാഹരണങ്ങളും അവർ ചൂണ്ടിക്കാട്ടുന്നു. യാഥാർത്ഥ്യം എന്തു തന്നെ ആണെങ്കിലും വധശിക്ഷ നിരോധിക്കാൻ പിന്നീട് നിരവധി ലോകരാജ്യങ്ങൾ മുമ്പോട്ടുവന്നു എന്നുള്ളത് ശ്രദ്ധേയമായ ഒരു വസ്തുതയാണ്. കൂടാതെ ഐക്യരാഷ്ട്ര സഭയും ആംനെസ്റ്റി ഇന്റർനാഷണൽപോലുള്ള സംഘടനകളും പതിറ്റാണ്ടുകൾക്കുശേഷം കണ്ടെത്തിയിടത്തു വധശിക്ഷ നിറുത്തലാക്കിയ തിരുവിതാംകൂർ രാജാവിന്റെ നിലപാട് അത്യധികം ശരിയാണെന്ന് വരുന്നു.

ബ്രിട്ടീഷുകാരുടെ കടന്നുവരവോടെയാണ് കേരളത്തിലെ പ്രാകൃതമായ ശിക്ഷ നടപടികൾക്ക് മാറ്റം വന്നു തുടങ്ങിയത്. ബ്രിട്ടീഷുകാർ ആവഷ്കരിച്ച നിയമ സംഹിത കോടതി വ്യവസ്ഥയിൽ അതിഷ്ഠിതമായിരുന്നു. പയ്യന്നൂരിനടുത്തുള്ള കവ്വായി ദ്വീപിൽ അവർ കേരളത്തിലെ ആദ്യത്തെ കോടതി സ്ഥാപിച്ചു. കേരളത്തിൽ പോലീസ് സംവിധാനം കൊണ്ടുവന്നതും ബ്രിട്ടീഷുകാർ തന്നെയാണ്. ഇതോടെ ശിക്ഷയുമായി ബന്ധപ്പെട്ട പ്രാചീന കേരളത്തിലെ പരമ്പരാഗത നടപടികൾ ഏറെ കുറെ അസ്തമിച്ചു.

ഉന്നതവിജയം

M.G. Unversity B.A. Economics പരീക്ഷയിൽ എറണാകുളം സെന്റ് തെരേസാസ് കോളേജിൽ നിന്നും Overall A+ നേടിയ **ക്യാരൺ ആൻ സ്കറിയ**. പടിഞ്ഞാറ്റോതറ സെന്റ് മേരീസ്പള്ളി ഇടവകയിൽ കല്ലേമണ്ണിൽ സ്കറിയ ചാക്കോ (Ex.Service) യുടേയും റിജി ഇടിക്കുള (Asst. Proferssor, St.Thomas College, Ranny) യുടേയും മകളാണ്.

ഉന്നതവിജയം

C.B.S.C. പത്താം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A1 നേടിയ **ഐറിൻ ബിജു** റാന്നി ഇടക്കുളം സെന്റ് തോമസ് കുരിശുപള്ളി ഇടവകയിൽ പുന്നുശ്ശേരിൽ ബിജു ഏബ്രഹാമി (Asst. Executive Eng. K.S.E.B) ന്റേയും ഷിജി ഇടിക്കുള (Lecturer, S.T.C.A.S. Edamury) യുടേയും മകളാണ്.

ചേരമാൻ പെരുമാളും ക്നാനായക്കാരും

തോമസുകുട്ടി, പുറത്തയിൽ, എണ്ണിക്കാട്

എ.ഡി. 345 ൽ ക്നായി തൊമ്മന്റെ നേതൃത്വത്തിൽ ഏഴ് ഇല്ലം 72 കുടുംബങ്ങൾ 400 ൽ പരം ആളുകളുമായി ക്രിസ്തുമാർഗ്ഗം അറിയിക്കുവാൻ കൊടുങ്ങല്ലൂർ തുറമുഖത്ത് പല കപ്പലുകളിലായി വന്നിറങ്ങിയപ്പോൾ അവരെ പ്രത്യേകം ആദരിച്ച് സ്വീകരിച്ച് അന്നത്തെ കൊടുങ്ങല്ലൂരിന്റെയും മറ്റു പ്രദേശങ്ങളുടെയും ഭരണാധികാരി ആയിരുന്ന ചേരമാൻ പെരുമാൾ എന്ന മഹാരാജാവിനെ ഓർക്കാത്ത ഒരു ക്നാനായക്കാരനും ഉണ്ടാവില്ല. ചരിത്രം പഠിച്ചാൽ അദ്ദേഹത്തെപ്പോലെ ദയാലുവും, ദാനധർമ്മിയും ആഢ്യനുമായ ഒരു രാജാവിനെ ചരിത്രം ഇതുവരെ കണ്ടെത്തിയിട്ടുണ്ടോ എന്ന് സംശയമാണ്.

നാം എല്ലാം മനസ്സിലാക്കിയിരിക്കുന്നത് ഈ ധർമ്മിഷ്ഠനായ രാജാവ് മക്കയിലേക്ക് പോയി എന്ന് സങ്കല്പത്തിൽ അവസാനിപ്പിക്കുകയാണ്. എന്നാൽ പോയതിന്റെ ഉദ്ദേശം ചരിത്രത്തിൽ പറയുന്നത് ഒരു സ്വപ്നത്തിന്റെ അർത്ഥം തിരിച്ചറിയുന്നതിന് വേണ്ടിയായിരുന്നു അറേബ്യയിലേക്ക് പോയത്. ചേരമാൻ പെരുമാൾ 36 കൊല്ലം സൽഭരണം കാഴ്ചവെച്ചു എന്നു തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആ സ്വപ്നം അദ്ദേഹത്തിന്റെ സൽഭരണം അവസാനിപ്പിച്ചു പോകുകപോലും ആയിത്തീർന്നു.

ചേരമാൻ പെരുമാൾ ഒരു ദിവസം രാത്രി തന്റെ പള്ളിഉറക്കത്തിൽ, പൂർണ്ണചന്ദ്രൻ പൊട്ടിത്തകർന്നതായി സ്വപ്നത്തിൽ ദർശിച്ചു. പിറ്റേന്ന് രാജസദസ്സിൽ പണ്ഡിതന്മാരോട് അതിന്റെ കാരണമെന്തെന്ന് ആരാഞ്ഞു. ആർക്കുംതന്നെ ഒരു മറുപടിയും നൽകാനായില്ല. മാലിക് ദിനാർ എന്നൊരു വിദേശ സന്യാസിയുണ്ടെന്നും അദ്ദേഹത്തോട് ചോദിച്ചുനോക്കാമെന്നും സദസ്സിലുണ്ടായിരുന്ന ഒരാൾ പറഞ്ഞു. പെരുമാൾ അദ്ദേഹത്തെ വിളിച്ചു വരുത്തുകയും ഉത്തരം ആരായുകയും ചെയ്തു. ദൈവത്തോട് സംസാരിക്കാൻ കഴിഞ്ഞ മുഹമ്മദ് നബി മക്കയിലുണ്ടെന്നും അദ്ദേഹത്തോട് ചോദിച്ചാൽ മറുപടി കിട്ടുമെന്നും മാലിക് ദിനാർ ഉറപ്പിച്ചു പറഞ്ഞു. പെരുമാൾ, മാലിക് ദിനാറിന്റെ വാക്ക് വിശ്വസിക്കുകയും മുഹമ്മദ് നബി എന്ന പ്രവാചകനെ കണ്ട് സംശയനിവൃത്തി വരുത്താനായി മക്കയിലേക്ക് അദ്ദേഹവുമൊന്നിച്ച് പോകാൻ തീരുമാനിക്കുകയും ചെയ്തു.

ഭരണം തന്റെ സഹോദരിപുത്രനെ ഏൽപ്പിച്ചു. എന്നാൽ അദ്ദേഹം ബാലനായിരുന്നതുകൊണ്ട് അദ്ദേഹത്തിനുവേണ്ടി ഭരണം നടത്തുവാൻ പിതാവായ പെരുമ്പടപ്പ് നമ്പൂതിരിയെ ചുമതലപ്പെടുത്തി. ഉൾഭരണാധികാരികളായ ക്ഷത്രിയരെയും സമാന്തരെയും സഹായത്തിന് ചട്ടംകെട്ടി. സൈനിക സഹായത്തിന് സ്വന്തം മക്കളായ മണിച്ചനെയും വിക്രമനെയും ഏർപ്പാടാക്കുകയും ചെയ്തു. അതിനുശേഷം മാലിക് ദിനാറുമൊത്ത് അദ്ദേഹം മക്കയിലേക്ക് കപ്പലിൽ യാത്ര പുറപ്പെട്ടു.

എന്നാൽ അവിടെ ചെന്നപ്പോഴേക്കും പ്രവാചകൻ മയ്യാത്തായതായി അറിഞ്ഞ് ഉടൻ തന്നെ മടങ്ങുകയും രാജധാനിയായ മഹോദയപുരത്ത് (കൊടുങ്ങല്ലൂർ) എത്തിച്ചേരുകയും ചെയ്തു. പക്ഷേ, കടൽ കടന്ന ചക്രവർത്തിയെ അംഗീകരിക്കാൻ നമ്പൂതിരിമാർ വിസമ്മതിച്ചു. ആ സാഹചര്യത്തിൽ മക്കയിലേക്ക് പുറപ്പെടുന്ന സമയത്ത് ഭരണചുമതല ഏല്പിച്ചവരെത്തന്നെ അദ്ദേഹം സ്വതന്ത്രഭരണാധികാരികളാക്കി പ്രഖ്യാപിച്ചു. വന്നേരി ചിത്രകൂടത്തിൽ ചെന്ന് കിരീടധാരണം നടത്തിയാൽ കുലശേഖര പെരുമാളാക്കും എന്നും ഏവരും അംഗീകരിക്കുമെന്നും കല്പിച്ച് പെരുമാൾ സ്ഥാനം ഒഴിയുകയും ചെയ്തു. അത്രമാത്രം വിശാലഹൃദയനായിരുന്നു ചേരമാൻ പെരുമാൾ എന്ന മഹാരാജൻ.

ചേരമാൻ പെരുമാളിന്റെ മക്കളായിരുന്ന കോഴിക്കോട് നെടിയിരിപ്പ് ഏറാടി കുടുംബത്തിലെ മണിച്ചനും വിക്രമനും ചേരമാൻ പെരുമാളോട്, അങ്ങയുടെ പുത്രന്മാരായ ഞങ്ങൾക്ക് ഒന്നുമില്ലേ അപ്പാ എന്ന് ചോദിച്ചപ്പോൾ അദ്ദേഹത്തിന് സ്വന്തമായി ഉണ്ടായിരുന്ന ഒഴിഞ്ഞവാളും ഉടഞ്ഞ പള്ളിശംഖും നൽകി, വെട്ടിയും കൊന്നും നേടിക്കൊള്ളൂ എന്ന് പറയുകയും ചെയ്തു. അവർ പോർളാതിരിയെ ജയിച്ച് പോളനാടും കോഴിക്കോടും നേടിയത്രെ.

സൽഭരണത്തിന്റെ ഓർമ്മയ്ക്കായി പ്രജകൾ പടുത്തുയർത്തിയ ജുമാമസ്ജിദ് നിലനിൽക്കുന്നു എന്നത് ഏതൊരു കേരളീയനും അഭിമാനിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ മറ്റു തിരുശേഷിപ്പുകൾ തിരുവഞ്ചിക്കുളം ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച് യഥാർത്ഥ പ്രതിബിംബത്തെ നിലനിർത്തി. നിത്യനിവേദ്യവും ഇവിടെ നടത്തി വരുന്നു. ബി. സി. 113 മുതൽ എ.ഡി. 216 വരെ നമ്പൂതിരി പെരുമാളന്മാരും എ.ഡി. 216 മുതൽ എ.ഡി. 674 വരെ ക്ഷത്രിയ പെരുമാളന്മാരും കേരളത്തിൽ ഭരണം നടത്തിയിരുന്നു. കേരളൻ എന്ന രാജാവിനെ അനുസ്മരിപ്പിക്കുമാറ് എല്ലാ കഴകങ്ങളും അടങ്ങുന്ന പ്രദേശത്തെ കേരളം എന്നു വിളിച്ചു. കേരളനെപ്പറ്റി വംശാവലിയിൽ പറയുന്നുണ്ട്.

അങ്ങനെ ചേരമാൻ പെരുമാൾ കണ്ട സ്വപ്നത്തിന്റെ ഉത്തരം തേടി പോയതുകൊണ്ട് അദ്ദേഹത്തിന്റെ ഭരണം നഷ്ടപ്പെട്ടു. സ്വപ്നത്തിന്റെ അർത്ഥം ഇതായിരുന്നു. സ്വപ്നം കണ്ടാൽ അർത്ഥം അന്വേഷിക്കുന്ന രാജാക്കന്മാരെക്കുറിച്ച് ബൈബിളിൽ പ്രതിപാതിക്കുന്നുണ്ടല്ലോ. ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിന്റെ 2-ാം അദ്ധ്യായം നെബുഖദ്നേസ്സർ ചക്രവർത്തിയോട് സ്വപ്നത്തിന്റെ അർത്ഥം ദാനിയേൽ പ്രവാചകൻ വിവരിക്കുന്നതും മിസ്രേമിലെ ഫറവോനോട് രാജാവ് കണ്ട സ്വപ്നം ജോസഫ് വിവരിക്കുന്നത് ഉല്പത്തി 41 ലും ഒക്കെ വായിക്കുന്നുണ്ടല്ലോ. ചേരമാൻ പെരുമാൾ കണ്ടതായ പൂർണ്ണചന്ദ്രൻ പൊട്ടിത്തകർന്നതായ അവസ്ഥ സ്വന്തം ജീവിതത്തിൽ തന്നെ സംഭവിച്ചു. അതിന് കെണിയായത് ആ കാലത്ത് നിലനിന്നിരുന്ന ചില അന്ധവിശ്വാസങ്ങൾ മുഖാന്തിരമായി. ഒരു ക്നാനായക്കാരനും അദ്ദേഹത്തെ മറക്കരുത്. ക്നായിതൊമ്മനോടൊപ്പം. 72 പദവികൾ ലഭിച്ചില്ലായിരുന്നെങ്കിൽ ആ കാലത്ത് നിലനിന്നിരുന്ന നിയമ വ്യവസ്ഥകളിൽപെട്ട ക്നാനായ സമുദായം തന്നെ അവശേഷിക്കുമായിരുന്നോ എന്ന് സംശയമാണ്.

അവലോകനം

ചേരമാൻ പെരുമാൾ ഇവിടെ ഒരു അധികാര വടംവലിക്കായി തന്റെ വാൾ ഒരു പ്രാവശ്യംപോലും ചുഴറ്റാൻ ഈ അന്ധവിശ്വാസികൾക്ക് എതിരെ തുനിയാതെ അടുത്ത നിമിഷം താൻ ഒരു സാധാരണക്കാരനായി മാറുന്ന രംഗം മുൻപിൽ തെളിഞ്ഞുവന്നിട്ടും ഏവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് സ്വയം നമ്പൂതിരിമാർക്ക് മുൻപിൽ ഉടവാൾ സമർപ്പിച്ച് അടുത്ത തലമുറക്കുപോലും മാതൃകയായി വന്നേരി ചിത്രകൂടത്തിൽ പോയി കിരീടധാരണം നടത്താൻ അനന്തരവനെ ഉപദേശിച്ച ഈ മഹാരഥൻ എല്ലാവരെയും അമ്പരപ്പിച്ചു കാണും. അധികാരത്തിൽ കടിച്ചു തൂങ്ങാൻ ഒരു നിമിഷംപോലും ആലോചിച്ചില്ല. അടുത്ത അത്താഴത്തിന് ഒരു സാധാരണക്കാരനെപ്പോലെ കൊട്ടാരവാസികളുടെ കൂട്ടത്തിൽ തലയിൽ വെക്കാൻ എണ്ണ വാങ്ങാനും ഭക്ഷണം വാങ്ങാൻ വരിവരിയായി ഇലയുടെ മുൻപിൽ നിൽക്കണമല്ലോ എന്നൊന്നും ചിന്തിച്ച് അക്ഷോഭ്യനായില്ല. പള്ളിയറയും പള്ളിഉറക്കവും രാജ്ഞിക്കു നഷ്ടപ്പെടുമെന്ന് ഒന്നും പ്രശ്നമാക്കിയില്ല. സ്വന്തം മക്കൾ, രാജതിരുമനസ്സിനോട് ഞങ്ങൾ മക്കൾക്ക് ഒന്നും തന്നില്ലല്ലോ അച്ഛൻ തിരുമനസ്സെ എന്ന് പറഞ്ഞു സാഷ്ടാംഗം കാലിൽ വീണ് കരഞ്ഞരംഗം നിർവികാരനായി കേട്ടുനിന്ന് തന്റെ കണ്ണുനീർ ആരും കാണാതെ ഇറുക്കി അടച്ചുകൊണ്ട് പറഞ്ഞു ഈ ഉടവാളും, ഉടഞ്ഞപള്ളിശംഖും നൽകി ധീരന്മാരായ ഭടന്മാരെപോലെ വെട്ടിപ്പിടിക്കാൻ പറഞ്ഞു. ഇന്നത്തെ ആധുനികയുഗത്തിൽ അച്ഛന്റെ സ്വത്ത് വെറുതെ കിട്ടുന്നതും നോക്കി ഇരിക്കുന്ന മടിയന്മാരായ മക്കളായിട്ടല്ല, അധ്വാനിച്ച് ജീവിക്കാൻ ഉപദേശിച്ച ഈ മഹാരാജാനെപ്പോലെ ഒരാൾപോലും ഇന്നില്ല. അഞ്ചുവർഷം കിട്ടിയാൽ നൂറുകണക്കിന് ഏക്കറുകൾ കൈവശപ്പെടുത്തിയും ആയിരം കോടികൾ കവർച്ചക്കാരെപ്പോലും അതിശയിപ്പിക്കുമാറ്, അനധികൃതമായി സംഭരിച്ചുകൂട്ടിവെച്ച് മക്കൾക്കു കൊടുക്കുന്ന പ്രവണതയാണ് ഈ യുഗത്തിൽ കണ്ടുവരുന്നത്.

ഇതിനൊന്നും മുതിരാതെ ആ കാലത്ത് നിലനിന്ന അന്ധവിശ്വാസത്തിന് കീഴടങ്ങി ഒരു സാധാരണക്കാരനെപ്പോലെ മരിച്ചു. അതുകൊണ്ടാണ് ഇന്നും രണ്ടായിരം വർഷങ്ങൾക്കുശേഷവും ജനഹൃദയങ്ങളിൽ ചേരമാൻ പെരുമാൾ എന്ന യുഗവരധീരനെ നമിക്കുന്നത്. തങ്ങളുടെ ഭരണകാലം കഴിഞ്ഞ് ഇറങ്ങുമ്പോൾ ഇന്നത്തെ ജനാധിപത്യ മഹാരഥന്മാർ ജയിലറകളിൽ, കോടതി വരാന്തകളിൽ കുടികിടപ്പുകാരായി മാറ്റപ്പെട്ടുവരികയാണ്. ജയിലിൽ ജനങ്ങൾക്കുവേണ്ടി കിടന്ന രാജാക്കന്മാരായി, ജനാധിപത്യ സമരവീരന്മാർ നമുക്കും ഉണ്ടായിരുന്നു. ഇന്ന് രാജാക്കന്മാരായി വരുന്ന ജനതക്കുവേണ്ടി ജയിലിൽ പോയിട്ടില്ലാത്ത ജനാധിപത്യക്കാർ ഭരണം കൈവിട്ടു കഴിയുമ്പോൾ, കുറ്റവാളിയായി ജയിലിൽ ഇരുമ്പഴികൾ എണ്ണുകയാണ്. ഇവിടെയാണ് നമ്മൾ ചേരമാൻ പെരുമാളും ഇപ്പോഴത്തെ ജനാധിപത്യ രാജാക്കന്മാരും തമ്മിലുള്ള അന്തരം കാണുന്നത്.

കാട്ടുനീതി നടപ്പാക്കുന്ന നാട്ടുപ്രമാണികളുടെ ശൊൽപ്പടിയിൽ നിൽക്കുന്ന കൊച്ചുകൊച്ചു രാജ്യങ്ങളും, നാട്ടുരാജാക്കന്മാരും ഭരിക്കുന്ന കാലഘട്ടം, കൊള്ളയും കൊലയും കുലത്തൊഴിലാക്കി അംഗനമാരെ ദിനംപ്രതി മാറിമാറി വേളി കഴിച്ച് രസിച്ചും നാണംകെട്ട കരം ഈടാക്കിയിരുന്നു. ഉദാഹരണത്തിന് 18-ാം നൂറ്റാണ്ടുവരെ മാറിടത്തിനു കരം വാങ്ങിയിരുന്നു കേരളത്തിൽ. ആലപ്പുഴ ചേർത്തലയിൽ ഒരു ധീര വനിത ഇതിൽ പ്രതിഷേധിച്ച് തന്റെ മാറിടം അറുത്തുമാറ്റി കരം പിരിക്കാൻ വന്ന പ്രവർത്തിയാർക്ക് തളികയിൽ വെച്ചു കൊടുത്തുവിട്ട ചരിത്രം ഉണ്ട്. ഇങ്ങനെ പട്ടിണി മാറ്റുന്ന ഭരണതൊഴിലാളികളിൽ നിന്നും ഒരു അക്രമവും ക്നാനായക്കാരായ കുടിയേറ്റക്കാർക്ക് സംഭവിക്കാതിരിക്കാൻ മുന്നമേ കണ്ട ചേരമാൻ പെരുമാൾ അക്കാലത്ത് ആഴ്വാഞ്ചേരി തമ്പ്രാക്കന്മാർക്ക് മാത്രം അനുവദിച്ചിരുന്ന പദവികൾ 72 ഉം കൊടുത്തു. ക്നാനായക്കാരുടെ രക്ഷയ്ക്കായി അവർ സിറിയയിൽ നിന്നും കൊണ്ടുവന്ന പട്ടാളക്കാരെ പിന്നീട് വീരടിയാന്മാർ എന്ന് വിളിച്ചുവന്ന സൈന്യത്തെയും അനുവദിച്ചുതന്ന ചേരമാൻ പെരുമാൾ എന്ന മഹാരഥൻ ചരിത്രത്തിന്റെ സ്വർണ്ണത്താളുകളിൽ എന്നും എന്നും പ്രശോഭിക്കും. അദ്ദേഹം തെളിച്ചിട്ട നീതിയുടെയും സഹിഷ്ണതയുടെയും വഴികളിലൂടെ ആധുനിക തലമുറയും സ്വാതന്ത്ര്യത്തോടെ ജീവിക്കട്ടെ.

ഇതിനൊക്കെയും കാരണഭൂതനായ വണിക് ശ്രേഷ്ഠനും ഭാഗ്യവാനും വിശുദ്ധനുമായ ക്നായിതോമ എന്ന നമ്മുടെ പൂർവ്വപിതാവ് ഏറ്റെടുത്ത ദൗത്യം വളരെയധികം അപകടസാധ്യത ഒഴിവാക്കാനാകാത്തതായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. കാറ്റും കോളും നിറഞ്ഞ സമുദ്രത്തിൽ കൂടെ 400 ൽ പരം കുട്ടികളും സ്ത്രീകളും അടങ്ങുന്ന ജനസമൂഹത്തെ ഒന്നിനും ഒരു കുറവും വരാതെ ആശങ്കാകുലരാകാതെ എത്തിച്ച ധീരകൃത്യത്തെ എത്രപാടി പുകഴ്ത്തിയാലും മതിയാവില്ല. ഒരു ചെറിയ കാറ്റടിച്ചാൽതന്നെ ആടിയുലയുന്ന പായ്ക്കപ്പലിലാണ് യാത്ര. ലക്ഷക്കണക്കിന് ഉള്ള യിസ്രായേൽ ജനത്തെ കനാൻ നാട്ടിലേക്ക് നയിച്ച മോശക്കുശേഷം ചരിത്രത്തിൽ കാണുന്ന രണ്ടാമത്തെ സുവിശേഷ പ്രചരണ ദൗത്യവുമായി ഭാരതത്തിലേക്ക് വന്ന കുടിയേറ്റം. അത് ഒരു സുപ്രഭാതത്തിൽ സിറിയ വിട്ട് ഓടി പോന്നവരല്ല. വാണിജ്യവുമായി ബന്ധപ്പെട്ട് ചേരമാൻ പെരുമാളിന്റെ ഒരു വിശ്വസ്ത കൂട്ടുകാരൻ ആയിരുന്നു ക്നായി തോമ. അദ്ദേഹം രാജാവായ ചേരമാൻ പെരുമാളിനെ ഈ കുടിയേറ്റം മുന്നമേ പറഞ്ഞുറപ്പിച്ച് അനുവാദത്തോടെ വന്നതുകൊണ്ടാണ് കൊടുങ്ങല്ലൂർ തുറമുഖത്ത് വന്നിറങ്ങിയപ്പോൾ തന്റെ സൈന്യം അണി നിരന്ന് ചേരമാൻ പെരുമാൾ ആചാര വെടികൾ മുഴക്കി വരവേറ്റത്. അതിഥി ദേവ ഭവന്തു എന്ന ആർഷ ഭാരതത്തിന്റെ അധിസ്ഥിതമായ വേദമന്ത്രങ്ങളിൽ ഉറച്ചു നിൽക്കുന്ന ഒരു ഭരണാധിപൻ ആയിരുന്നതുകൊണ്ട് കുടിയേറ്റക്കാർ വരുന്നതിനു മുന്നമേ ക്നായി തോമായുടെ മേൽനോട്ടത്തിൽ പാർക്കാൻ വീടുകളും പണ്ടികശാലകളും കെട്ടിയൊരുക്കി കിട്ടിയത്. ഇതുകൊണ്ട് ഒക്കെയാണ് ചരിത്രത്തിൽ ചേരമാൻ പെരുമാളിന്റെ 36 വർഷത്തെ ഭരണത്തെ ഇന്നത്തെ തലമുറ സൽഭരണം എന്ന് തന്നെ സ്വർണ്ണലിപികളിൽ കുറിച്ചിട്ടത്.

36 വർഷം സൽഭരണം കാഴ്ചവെച്ച ഈ മഹാരാജാവിനെ പോലെ ഈ ലോകത്തിൽ മറ്റൊരു തമ്പുരാൻ പ്രജകൾക്ക് അനുഭവിക്കാൻ സാധിച്ചിട്ടില്ല എന്നതിന്റെ തെളിവാണല്ലോ ഓർമ്മക്കായി നിത്യം ആരാധിക്കാൻ കൊടുങ്ങല്ലൂരിൽ തല ഉയർത്തി നിൽക്കുന്ന ചേരമാൻ പെരുമാൾ മുസ്ലിം പള്ളിയും ഹിന്ദുമതസ്ഥർ പൂജിക്കുന്ന തിരുവഞ്ചിക്കുളം ക്ഷേത്രവും. എല്ലാ മതസ്ഥർക്കും പ്രിയപ്പെട്ടവനായിരുന്ന ഈ പൊന്നുതമ്പുരാനെ ദർശിക്കുന്നതു തന്നെ മഹാഭാഗ്യം എന്നു കരുതി 2000 വർഷങ്ങൾക്കു ശേഷവും ഈ പുണ്യസ്ഥലങ്ങളിലേക്ക് ജനകോടികൾ പ്രയാണം ചെയ്യുന്ന ലോകത്തിലെ ഏകരാജാവാണ് ചേരമാൻ പെരുമാൾ മഹാരാജാവ്.

ഈ മഹാനായ രാജാധിരാജന്റെ തിരുമുമ്പിൽ നിന്നും താണുവണങ്ങി ശിരസ്സ് നമിച്ചുകൊണ്ട് നേർക്കു നേർ മുഖം

ആക്കി ഞാൻ പടിയിറങ്ങുന്നു. ഞങ്ങൾക്ക് അന്ന് സ്വീകരണം തന്നപ്പോൾ പിതാക്കന്മാർക്കൊപ്പം ഞാനും കൂട്ടത്തിൽ ഉണ്ടായിരുന്നല്ലോ എന്ന് പാരമ്പര്യമായി ഓർക്കുമ്പോൾ ഞാൻ എത്ര ധന്യനാണ്.

വാൾമുനയിൽ വെട്ടിപ്പിടിച്ച് വലിയ സാമ്രാജ്യം ഉണ്ടാക്കി ലോകം അടക്കി ഭരിച്ച വീരശൂര പരാക്രമികളായ ചക്രവർത്തിമാർ ലോകാരംഭം മുതൽ ഉണ്ടായിരുന്നെങ്കിലും പിൻതലമുറക്കായി അവരുടേതായിട്ടുള്ള കേട്ടുകേൾവിപോലും അവശേഷിക്കാതെ നശിച്ചുപോയപ്പോൾ, വെറും ആചാരരീതികൾ, അന്ധവിശ്വാസത്തിന് കീഴ്പ്പെട്ട് ഭരണം ഉപേക്ഷിക്കാൻ നമ്പൂതിരിമാർ ആവശ്യപ്പെട്ടപ്പോൾ ഉടവാൾ അവർക്ക് മുൻപിൽ സമർപ്പിച്ച് ഒരു സാധാരണക്കാരനായി മാറിയപ്പോൾ, രാജ്യത്തെ പ്രജകൾ അവരുടെ ഹൃദയത്തിന്റെ വാതിൽ തുറന്നിട്ടു കൊടുത്ത്. അതിൽ അവർ സാമ്രാജ്യം ഉണ്ടാക്കി പ്രതിഷ്ഠിക്കപ്പെട്ട ദേവനായി മാറിയ ചേരമാൻ പെരുമാളിന്റെ പ്രഭാവം ലോകാന്ത്യത്തോളം നിലനിൽക്കും എന്നതിന്റെ ശക്തമായ തെളിവാണല്ലോ കൊടുങ്ങല്ലൂരിന്റെ രണ്ടറ്റത്തും പ്രൗഢ ഗംഭീരമായി നിൽക്കുന്ന മുസ്ലീമിന്റെയും ഹിന്ദുവിന്റെയും മതേതരത്തിന്റെ വഴികാട്ടികളായ മുസ്ലീം പള്ളിയും തിരുവഞ്ചിക്കുളം ക്ഷേത്രവും. ഇതുകണ്ട് മതേതരത്വം എന്താണെന്ന് ലോകത്തിന് പഠിക്കുവാനും മനസ്സിലാക്കുവാനും കേരളത്തിന് സാധിച്ചു എന്നതിൽ ഓരോ കേരളീയനും അഭിമാനിക്കാവുന്ന രണ്ട് അഭിമാന സ്തംഭങ്ങളാണ് ഇവ രണ്ടും. കായബലംകൊണ്ടും സൈനികശക്തികൊണ്ടും കുറെ രാജ്യങ്ങൾ വെട്ടിപ്പിടിച്ച് അതിന്റെ ചക്രവർത്തിയായി ഒരുവനു മാറാം. എന്നാൽ പ്രജകളുടെ ഹൃദയത്തെ വെട്ടിപ്പിടിക്കുന്നവനാണ് ചക്രവർത്തി എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

എ.ഡി. 345 ൽ കൊടുങ്ങല്ലൂർ തുറമുഖത്ത് എത്തിച്ചേർന്ന 400 ൽ പരം ക്നാനായക്കാർക്ക് ചേരമാൻ പെരുമാൾ തന്റെ മന്ത്രിസഭയിലെ പ്രമുഖരായ രാജവർമ്മൻ ചെമ്പകശ്ശേരിയും വെട്ടത്തുമന്നനും ഉൾപ്പടെ ഒരു വലിയ സൈന്യം സ്വീകരിച്ചാനയിക്കുന്ന ഭാഗം താഴെ വിവരിച്ചിരിക്കുന്ന ക്നാനായക്കാരുടെ പുരാതന പാട്ടിൽ നിന്നും ഇന്നത്തെ ഭാഷയിൽ ഒരു ഗൺസല്യൂട്ടോടുകൂടിയ ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിച്ച് ആനയിക്കുന്നതായിട്ടാണ വിവരിച്ചിരിക്കുന്നത്.

ക്നായി തൊമ്മന്റെ നേതൃത്വത്തിൽ വന്നിറങ്ങിയ സംഘത്തിൽ ആരാധനയ്ക്കുവേണ്ടി ഉറഹാ എന്ന എഡേസാ തുറമുഖത്ത് നിന്നുള്ള ഒരു ആർച്ചു ബിഷപ്പ് ഉറഹാ മാർ യൗസേഫും, അനേകം വൈദീകരും ശെമ്മാശന്മാരും ഉൾപ്പെടെയാണ് ആഗതരായത് എന്നു മനസ്സിലാക്കാം. അതിപുരാതന കാലത്തുപോലും അതിഥികൾക്ക് രാജകീയ സ്വീകരണം നൽകിയിരുന്നത് നാടിന്റെയും സംസ്കാരത്തിന്റെയും ഭാഗമായിരുന്നു എന്ന് "ഒത്തുതിരിച്ചവർ കപ്പൽ കേറി ....." എന്നു തുടങ്ങുന്ന പുരാതനപ്പാട്ടിൽ കാണാം.

BIJU MATTATHIL

SYRIAN BEATS

KUTTOOR, THIRUVALLA

Mob: 9446035758, 9400361948

Email: mattathilbiju@gmail.com

Marriage, Chantham, Mylanchy,

Holy Qurbana, Funeral.

CA Light & Sounds,

Pandal, Stage, Ambulance, Mobile Mortuary

Margamkali, Dance, Fusion & Musical Events

Scrolling through my Orchard

Manna Reji, Kunnuthara, Chingavanam

I heard the chirping chaos;
And the scenty breeze,
Which I felt
When I tread my orchard.

The grass scrapes basks in the sun
With its dew drops
Sun itself peep through
the leafy shields
Here, it secretly spy out

The pulpy grapes & the berry bunches
Which tilt here & there
They seems to hide behind
the leafy margins

When it slips me,
I just fell on the freeity bed
Which is with the crushed fruits
fall off from the tree blubs

Eventually, felt to had a gulp of juice
While seeing the swampy ground
For a while also felt like an Even
Who scrolls through the Aden

The 'koel' which cirps suddenly rushes
And mourns for it's mate
Near a hidden wood

യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

തങ്കച്ചൻ, കുറിച്ചി

വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

ഒരു വിശ്വാസി, കുറ്റൂർ

വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

ഒരു വിശ്വാസി, കുറ്റൂർ

വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

ഒരു വിശ്വാസി, ചങ്ങനാശ്ശേരി

വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

ഒരു വിശ്വാസി, തുരുത്തിക്കാട്

വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

Jocelyn Joseph, Florida, U.S.A

വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

Jocelyn Joseph, Florida, U.S.A

വി.യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

Joceiyn Joseph, Florida, U.S.A

ഒരു വിശ്വാസി, റാന്നി
ഒരു വിശ്വാസി, റാന്നി
ഒരു വിശ്വാസി, റാന്നി
ഒരു വിശ്വാസി, റാന്നി
ഒരു വിശ്വാസി, റാന്നി

പരിശുദ്ധത്മാവിന്റെ ഉപകാരസ്മരണ

പരിശുദ്ധത്മാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

തങ്കച്ചൻ, കുറിച്ചി

പരിശുദ്ധ ദൈവമാതാവിന്റെ ഉപകാരസ്മരണ

പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

തങ്കച്ചൻ, കുറിച്ചി

വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

ഒരു വിശ്വാസി, കല്ലിശ്ശേരി

വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാരസ്മരണ.

ഒരു വിശ്വാസി, മാമ്പുഴക്കരി

വി. ഇഗ്നാത്തിയോസ് സഹദായുടെ ഉപകാരസ്മരണ

വി. ഇഗ്നാത്തിയോസ് സഹദായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

തങ്കച്ചൻ, കുറിച്ചി

പൗരോഹിത്യ രജതജൂബിലി

പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ഫാ. ജെയിൻ തോമസ് കുളത്തുങ്കലിനെ വി. കുർബ്ബാനയ്ക്ക് ശേഷം ഐത്തല സെന്റ് കുറിയാക്കോസ് ദൈവാലയത്തിൽവച്ച് നടത്തപ്പെട്ട പൊതു സമ്മേളനത്തിൽ കാലം ചെയ്ത കിഴക്കിന്റെ വലിയമെത്രാപ്പോലീത്ത ഏബ്രഹാം മാർ ക്ലീമ്മീസ് തിരുമേനിയുടെ ജന്മശതാബ്ദി സമാചരണത്തിന്റെ ഭാഗമായി മോർ ക്ലീമ്മീസ് അനുസ്മരണ റാന്നി മേഖലാ കമ്മറ്റിയുടെ ഉപഹാരം ജെയിൻ തോമസ് അച്ചനെ പൊന്നാട അണിയിച്ച് ശ്രീ.ആന്റോ ആന്റണി എം.പി. യും അനുസ്മരണ കമ്മറ്റിയുടെ പ്രസിഡന്റ് ശ്രീ. ആലിച്ചൻ ആറൊന്നിൽ എന്നിവർ ചേർന്ന് ആദരിക്കുന്നു. ക്നാനായ അസോസിയേഷൻ മുൻ പ്രസിഡന്റ് വെരി.റവ. എ.റ്റി.തോമസ് കോർ എപ്പിസ്ക്കോപ്പാ അറയ്ക്കൽ, വെരി. റവ. എം. എസ്.ചെറിയാൻ കോർ എപ്പിസ്ക്കോപ്പാ മൂഴിയിൽ, വെരി.റവ. ഫിലിപ്പോസ് കോർ എപ്പിസ്ക്കോപ്പാ മാടത്തേത്ത് എന്നിവർ സമീപം,

ഭവന കൂദാശ

കല്ലിശ്ശേരി വലിയപള്ളി വാച്ചർ ദിവാകരന് ഇടവകയുടെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ കൂദാശയും താക്കോൽദാനവും വികാരി ഫാ. ജോസഫ് എം. കുരുവിള മാതാംപറമ്പിൽ നിർവ്വഹിക്കുന്നു. ഇടവക സെക്രട്ടറി സണ്ണി കൊടിയത്ത്, ട്രസ്റ്റി ബാബു കൊന്നയിൽപള്ളത്ത്, നിർവ്വാഹകസമിതി അംഗങ്ങൾ മുതലായവർ സമീപം.

RESIDENCE FOR RENT

Two furnished Residencial buildings available at Chingavanam in part or full for short term period.

Mob: 9496721795

സ്വാമി വിവേകാനന്ദൻ- ഭാരതത്തിന്റെ മഹാസന്യാസി

എബി

സ്വാമി വിവേകാനന്ദന്റെ ജീവിത്തിൽ അധികമാരും അറിയാത്ത ഒരു അദ്ധ്യായമുണ്ട്. അമ്മയോടുള്ള അഗാധമായ സ്നേഹം. അമ്മയോട് ഇത്രയധികം കരുതലും സ്നേഹവും ഉണ്ടായിരുന്ന മറ്റൊരാൾ ഉണ്ടെങ്കിൽ അത് ജഗദ്ഗുരു ശങ്കരാചാര്യർ മാത്രമാണ്. മഹാജ്ഞാനിയായ സന്യാസിയായി തീർന്നിട്ടും അമ്മയോടുള്ള ബന്ധം മുറിച്ചുകളയാൻ ഇരുവർക്കും സാധിച്ചില്ല. അതുകൊണ്ടായിരിക്കണം വിവേകാനന്ദൻ പറഞ്ഞത് സ്വന്തം മാതാവിനെ ആരാധിക്കാത്തവന് ഒരിക്കലും ഉയരാൻ പറ്റുകയില്ല.

1863 ജനുവരി 12 ന് കൽക്കത്തയിലെ ഗൗർമോഹൻ മുഖർജി തെരുവിലെ പ്രസിദ്ധമായ ദത്തകുടുംബത്തിൽ വിവേകാനന്ദൻ ജനിച്ചു. അച്ഛൻ വിശ്വനാഥ് ദത്ത പ്രസിദ്ധനായവക്കീലും വാഗ്മിയുമായിരുന്നു. അമ്മ ഭുവനേശ്വരി സാഹിത്യ കൗതുകിയും കവയിത്രിയുമായിരുന്നു. അതിസമ്പന്നമായ ഒരു ബംഗാളി കുടുംബത്തിൽ വായിൽ വെള്ളിക്കരണ്ടിയുമായാണ് വിവേകാനന്ദൻ ജനിച്ചത്. കുട്ടിക്കാലത്ത് അദ്ദേഹത്തിന്റെ ചെല്ലപ്പേര് ബിലെ എന്നായിരുന്നു. അമ്മ 'ബിലു' എന്നു വിളിച്ചിരുന്നു. സ്വാമിജിയുടെ യഥാർത്ഥ പേര് ശിവനാമ വിശേഷണമായ 'ബിരേശ്വർ' എന്നാണ്. അദ്ദേഹത്തിന് സഹോദരങ്ങളായി ഒൻപതു പേരുണ്ടായിരുന്നു എന്നും പലർക്കും അറിയില്ല. ഇതിനോട് സദൃശമായിട്ടുള്ളത് സമകാലികനായ രവീന്ദ്രനാഥ ടാഗോറിന്റെ കുടുംബമാണ്. പതിനഞ്ചു സഹോദരങ്ങൾ. ഒൻപതു ആണും ആറു പെണ്ണും.

1891-ലാണ് വിവേകാനന്ദൻ രാജപട്ടാണയിലെ ഖേത്രി രാജാവ് അജിത്സിംഗുമായി പരിചയത്തിലാവുന്നത്. തന്റെ സുദീർഘമായ യാത്രകൾക്കിടയിൽ അവിടെ അഞ്ചുമാസത്തോളം താമസിച്ചു. സഞ്ചാരിയായ കാലത്ത് ഏറ്റവുമധികകാലം ഒരിടത്ത് താമസിച്ചത് അപ്പോളായിരുന്നു. താൻ സ്ഥാപിച്ച ബേലൂർമഠത്തിൽപോലും വിവേകാനന്ദൻ 178 ദിവസമേ താമസിച്ചിരുന്നുള്ളു എന്ന് പറയപ്പെടുന്നു. പിന്നീട് ഖേത്രി മഹാരാജാവ് വിവേകാനന്ദന്റെ ഏറ്റവുമടുത്ത സുഹൃത്തും ആവശ്യഘട്ടങ്ങളിൽ സഹായകനുമായി. അദ്ദേഹമാണ് സ്വാമിജിക്ക് വിവേകാനന്ദൻ എന്ന പേരു നൽകിയത്.

വിദേശ രാജ്യങ്ങളിൽ തന്റെ ഇംഗ്ലീഷിലുള്ള പ്രാഗൽഭ്യത്താലും വാക്ചാതുരിയാലും ജനസഹസ്രങ്ങളെ ആകർഷിച്ച നരേന്ദ്രനാഥിന്റെ സ്ക്കൂൾ കോളജ് റിക്കാർഡുകൾ അത്ര മികവുറ്റതായിരുന്നില്ല. കൽക്കട്ട യൂണിവേഴ്സിറ്റിയിൽ നിന്ന് സെക്കൻഡ് ക്ലാസ്സിൽ ബിരുദം നേടിയെങ്കിലും മാർക്ക് കുറവായിരുന്നു. അഞ്ഞൂറിൽ ഇരുനൂറ്റി അറുപത്തിയൊന്ന്. പ്രസിദ്ധ ബംഗാളി സാഹിത്യകാരനായ ശങ്കർ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. പരീക്ഷകളിൽ വലിയ മാർക്ക് നേടാൻ കഴിയാതെ നിരാശരായി കഴിയുന്ന ഇന്നത്തെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഇതൊരു പാഠമാകേണ്ടതുണ്ട്. യൂണിവേഴ്സിറ്റി പരീക്ഷകളിലെയും ജീവിത പരീക്ഷകളിലെയും ഗ്രേഡുകൾ തമ്മിൽ യാതൊരു ബന്ധവുമില്ലെന്നുള്ള സത്യം ഇന്നത്തെ തലമുറ മനസിലാക്കണം.

ഉത്തിഷ്ഠത, ജാഗ്രത, എന്ന ഉപനിഷത്ത്മന്ത്രത്തെ വിവേകാനന്ദൻ ഭാരത്തിന്റെ മോചന മന്ത്രമായി അവതരിപ്പിച്ചു. അലസരായി കഴിയുന്ന യുവതിയുടെ നേരെ അദ്ദേഹം കൈചൂണ്ടി- നിങ്ങൾ വലിയ കാര്യങ്ങൾ ചെയ്യാൻ പിറന്നവരാണെന്ന വിശ്വാസം വേണം. നായ്ക്കുട്ടികളുടെ കുരകേട്ട് ഭയപ്പെടരുത്. ഇടിത്തീ വീണാൽപോലും ഭയപ്പെടരുത് എഴുന്നേല്ക്കു. പ്രവർത്തിക്കു.

ഒരോ മനുഷ്യനിലും അദ്ദേഹം ഈശ്വരനെ ദർശിച്ചു. സാധാരണ ജനങ്ങൾക്ക് മനസിലാകാതിരുന്ന വേദാന്ത തത്വങ്ങളെ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചു. ഭൗതികമായും അദ്ധ്യാത്മികമായും ഉയർത്താൻ ശ്രമിച്ചു.

1893 സെപ്റ്റംബർ 11ന് അമേരിക്കയിലെ ചിക്കാഗോ നഗരത്തിൽ ലോകമതങ്ങളുടെ മഹാ സമ്മേളനത്തിൽ പ്രസംഗിച്ചതോടെയാണ് വിവേകാനന്ദൻ വിശ്വപ്രശസ്തനായത്. "അമേരിക്കയിലെ എന്റെ സഹോദരി സഹോദരന്മാരെ'' എന്ന സംബോധന കേട്ടതോടെ സദസ് ഇളകിമറിഞ്ഞു. കൊളംബസ് അമേരിക്ക കണ്ടുപിടിച്ചതിന്റെ നാനൂറാം വാർഷികത്തിന്റെ ഭാഗമായിരുന്നു ചിക്കാഗോയിലെ സമ്മേളനം. 17 ദിവസം നീണ്ടുനിന്ന ആ സമ്മേളത്തിൽ വിശ്വ പ്രേമത്തിന്റെ സന്ദേശം പരത്തിയ സ്വാമിജിയുടെ വാക്കുകൾ അവിടെ സർവമത സമന്വയത്തിന്റെയും സാഹോദര്യത്തിന്റെയും പുതിയ വെളിച്ചം പടർത്തി.

ഇത്രയധികം വിദേശയാത്രകൾ നടത്തിയ ഒരു ഭാരതീയ സന്യാസി ഉണ്ടായിട്ടില്ല. 1893 മെയ്മാസത്തിൽ തുടങ്ങിയ വിദേശയാത്ര സിംഗപ്പൂർ, ജപ്പാൻ, ഹോങ്കോങ്ങ്, ചൈന എന്നീ രാജ്യങ്ങളിലൂടെ നീണ്ടു. 1894ൽ ന്യൂയോർക്കിൽ വേദാന്ത സൊ സൈറ്റി സ്ഥാപിച്ചു. 1895ൽ ഫ്രാൻസ്വഴി ഇംഗ്ലണ്ടിലുമെത്തി. അവിടെയെല്ലാം ഭാരതീയ സംസ്ക്കാരത്തിൽ മഹത്വവും നമ്മുടെ വേദാന്ത ചിന്തകളും ലോകത്തിനു മുമ്പി

ലവതരിപ്പിച്ചു.

ഇൻഡ്യയെ നേരിട്ടറിയാൻ വിവേകാനന്ദൻ ഭാരത പര്യടനവും നടത്തി. ഹിമാലയം മുതൽ കന്യാകുമാരിവരെ നീണ്ട ഈ യാത്രക്കിടയിൽ ദുഃഖിതരും പീഡിതരും, അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും പെട്ടുഴലുന്ന ഇൻഡ്യൻ ജനതയുടെ യഥാർത്ഥമുഖം സ്വാമിജി തിരിച്ചറിഞ്ഞു. ഒടുവിൽ കേരളത്തിലും വന്നു. മൂന്നു സമുദ്രങ്ങളുടെ സംഗമസ്ഥലമായ കന്യാകുമാരിയിലാണ് യാത്ര അവസാനിപ്പിച്ചത്. കടലിൽനിന്നും അകന്നു കിടക്കുന്ന കൂറ്റൻ പാറയിലേക്ക് അദ്ദേഹം നീന്തി കയറി. മൂന്നു രാവും പകലും അവിടെ ഏകാന്ത ധ്യാനത്തിലായിരുന്നു. അതാണ് വിവേകാനന്ദപാറ എന്ന പേരിൽ അറിയപ്പെടുന്നത്. (അന്ന് കേരളത്തിന്റേതായിരുന്നെങ്കിലും ഇപ്പോളത് തമിഴ്നാട്ടിലാണ്.)

യുക്തിവാദിയും യുവാവുമായ നരേന്ദ്രൻ ശ്രീരാമകൃഷ്ണ പരമഹംസനെ ഒന്നു പരീക്ഷിക്കാനാണ് ദക്ഷിണേശ്വരിലെത്തിയത്. എന്നാൽ ശിഷ്യനായിട്ടാണ് മടങ്ങിയത്. തുടർന്നങ്ങോട്ടുള്ള ഗുരുശിഷ്യസമാഗമങ്ങളിൽ ശ്രീരാമകൃഷ്ണ പരമഹംസനിൽനിന്നും വിവേകാനന്ദനിലേക്ക് ഒഴുകിയ ആത്മീയ തേജസാണ് അദ്ദേഹത്തെ ലോക പ്രശസ്തനായ സ്വാമി വിവേകാനന്ദനാക്കി മാറ്റിയത്. 1886 ൽ ശ്രീരാമകൃഷ്ണ പരമഹംസൻ സമാധിയായി. പിന്നീടാണ് വരാഹനഗരത്തിലെ ഒരു വാടക കെട്ടിടത്തിൽ വിവേകാനന്ദന്റെ നേതൃത്വത്തിൽ ആദ്യത്തെ ശ്രീരാമകൃഷ്ണാശ്രമം സ്ഥാപിച്ചത്.

ആരോഗ്യം നോക്കാതെയുള്ള നിരന്തരമായ യാത്രകളും ക്രമം തെറ്റിയുള്ള ആഹാര രീതികളും വിവേകാനന്ദനെ രോഗിയാക്കി മാറ്റി. തിരികെ ബേലൂർ മഠത്തിലെത്തുമ്പോൾ 26 തരം രോഗങ്ങൾസ്വാമിജിയെ ബാധിച്ചിരുന്നു എന്ന് എഴുത്തുകാരനായ ശങ്കർ തന്റെ കൃതിയിൽ വിവരിച്ചിട്ടുണ്ട്.

ഇതിനിടയിൽ വർഷങ്ങളായുള്ള കോടതി വ്യവഹാരങ്ങളിലകപ്പെട്ട് ദത്തകുടുംബം തകർച്ചയിലായി. കടുത്ത ദാരിദ്ര്യവും കഷ്ടപ്പാടുകളും അവരെ ഗ്രസിച്ചു. പല മരണങ്ങളും കുടുംബത്തിൽ സംഭവിച്ചു. അമ്മയുടെ പരാധീനതകൾ സ്വാമിജിയുടെ ഉള്ളിൽ ഒരു നിത്യദുഃഖമായി അവശേഷിച്ചു. തന്റെ ശിഷ്യഗണങ്ങളിൽ പലരും ആ അമ്മയെ സഹായിക്കുന്നതായി അദ്ദേഹത്തിനറിയാമായിരുന്നു. അവരിൽ പ്രമുഖയായിരുന്നു പാശ്ചാത്യ വനിതയായ സിസ്റ്റർ നിവേദിത. അവർ സ്വാമിജിയുടെ അവസാനംവരെ കൂടെ നിന്നു.

തന്റെ കണ്ണീരുകൊണ്ട് ക്രിസ്തു ദേവന്റെ കാൽ കഴുകിയ മഗ്ദലനമറിയത്തിന്റെ കഥയറിഞ്ഞപ്പോൾ വിവേകാനന്ദൻ പറഞ്ഞു: അന്നു ഞാൻ ജീവിച്ചിരുന്നെങ്കിൽ എന്റെ ഹൃദയ രക്തംകൊണ്ട് ആ പുണ്യവാന്റെ കാൽ കഴുകുമായിരുന്നു. യേശുവിൽ വിശ്വാസവും കീശയിൽ ആശ്വാസവും കണ്ടെത്തുന്ന ഇന്നത്തെ എത്ര ക്രിസ്തുമത നേതാക്കൾക്ക് ഇങ്ങനെ പറയാൻ കഴിയും.

എല്ലാ മതങ്ങളും നിലനിൽക്കണമെന്ന് വിവേകാനന്ദൻ ആഗ്രഹിച്ചു. ഓരോന്നിലും ഉൾക്കൊള്ളുന്ന മഹത്തായ ആശയങ്ങൾ ലോകനന്മയ്ക്ക് ആവശ്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

ഒരു മിന്നൽ പിണർപോലെ 39 വർഷവും 5 മാസവും 24 ദിവസവും മാത്രം ജീവിച്ച ഭാരതത്തിന്റെ ആ ദിവ്യതേജസ്സ് 1902 ജൂലൈ 4ന് തന്റെ ബേലൂർ മഠത്തിൽ വച്ചുതന്നെ സമാധിയായി. മനുഷ്യനായ ഈ സന്യാസി മാനവഹൃദയ ക്ഷേത്രങ്ങളിൽ കല്പാന്തകാലത്തോളം പൂവിട്ടു പൂജിക്കപ്പെടും.

KGP KOCHUMUTTOM

GYPSUM PLASTERS

Mallappally Ph: 9605462470

kochumuttomplasters@gmail.com

ജർമ്മൻ ടെക്നോളജിയിൽ
ജിപ്സം പൗഡർ ഉപയോഗിച്ച്
ഭിത്തിയും, സീലിംഗും ഗാരന്റിയോടു
കൂടി പ്ലാസ്റ്റർ ചെയ്യുന്നു.
(സിമന്റ്, മണൽ ഉപയോഗിക്കാതെ)

-ഗുണങ്ങൾ-

* പുട്ടി ഫിനിഷിംഗ്
* സിമന്റ് പ്ലാസ്റ്ററിംഗിനേക്കാൾ ചെലവ് കുറവ്
* ദീർഘകാലം ഈടുനിൽക്കുന്നു
* 50% ചൂട് കുറയുന്നു
* നേരിട്ട് പെയിന്റ് ചെയ്യാം
* പൊട്ടലും വിള്ളലും ഉണ്ടാകുന്നില്ല

NAZARETH ASRAMAM, OTHERA

25.05.2018 to 25.06.2018

Ph: 0469-2656416, 2657347

Donations

Fr.P.M.Philip Palathinkal Anikade 7000/-
Mariamma Cherian Pulimmoottil Ranni 1000/-
Abraham Kurikaose Kakkuzhiyil Ranni 19000/-
Binoy Thengelimannil Ranni 1000/-
Lisha Thengelimannil Ranni 1000/-
Miss.Floril Hanna U.S.A 5000/-
Salamma Kurian Kurichittayil Othera 5000/-

Feast

Mariamma Cherian Pulimmoottil Ranni

Sponsorship Ship

A Well wisher Eara 5000/-

Fr.Andrews Kadappanagattu,
Secretary/Director

കർത്താവിന്റെ മലർവാടി

പിയപ്പെട്ട കുഞ്ഞനുജന്മാരെ, കുഞ്ഞനുജത്തിമാരെ,

ദൈവം എത്ര മനോഹരമായിട്ടാണ് ഈ പ്രപഞ്ചത്തേയും പ്രപഞ്ചത്തിലെ വസ്തുക്കളേയും സൃഷ്ടിച്ചിരിക്കുന്നത്. ശാസ്ത്രം ഒത്തിരി വളർന്നു വികസിച്ചതിന്റെ ഫലമായി അനേകം കാര്യങ്ങൾ കൃത്രിമമായി മനുഷ്യന് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ദൈവം സൃഷ്ടിച്ചിട്ടുള്ള ഒരു പൂൽനാമ്പുപോലും തീർത്തും പൂർണ്ണതയുള്ളതാണ്.

ഓരോ പ്രപഞ്ച വസ്തുക്കളും ദൈവത്തിന്റെ ചൈതന്യം കൊണ്ടു നിറഞ്ഞിരിക്കുന്നതുകൊണ്ട് അവയെല്ലാം പരിപൂർണ്ണവും ഭംഗിയുമുള്ളതായിരുന്നത് അവയ്ക്ക് തുല്യമായി ഒന്നുമില്ല ആരുമില്ല. നമ്മിലെ കുറവുകളേയും പൂർണ്ണമാക്കുന്നത് ദൈവമാണ്. ദൈവത്തിന്റെ ആത്മാവ് ഒരുവനിൽ വസിക്കുമ്പോൾ മാത്രമാണ് അവന് ഓജസ്സും തേജസ്സും ലഭിക്കുന്നത്.

ഒരിടത്ത് വളരെ വിദഗ്ദനും പ്രസിദ്ധനുമായ ഒരു ശില്പിയുണ്ടായിരുന്നു. അയാളുടെ ശില്പങ്ങൾ ലോകോത്തരങ്ങളായിരുന്നു. ജീവൻ തുടിക്കുന്ന മനോഹര ശില്പങ്ങളെ കാണുവാനും വാങ്ങുവാനുമായിട്ട് വളരെ അകലെനിന്നു പോലും ആളുകൾ എത്തുമായിരുന്നു. അയാൾക്ക് ലഭിച്ച ആദരവും പ്രശസ്തിയും അയാളിൽ പതുക്കെ പതുക്കെ അഹങ്കാരം ജനിപ്പിച്ചു. തന്നെപ്പോലെ ഒരു ശില്പി ഈ ലോകത്തിൽ ഉണ്ടായിട്ടില്ലെന്നും താൻ നിർമ്മിക്കുന്ന ശില്പങ്ങൾക്കൊത്ത് മറ്റൊരു ശില്പമില്ലെന്നും അയാൾ വീമ്പിളക്കി.

അയാളുടെ അഹന്തയും ധാഷ്ട്യവും അസ്സഹനീയമായപ്പോൾ നാടുഭരിക്കുന്ന രാജാവിനേയും ദൈവത്തെപ്പോലെയും പുച്ഛിക്കുവാൻ തുടങ്ങി. ഇതറിഞ്ഞ രാജാവ് അയാളെ പിടിച്ചുകൊണ്ടുവരുവാൻ രണ്ട് പടയാളികളെ അയച്ചു. പക്ഷെ അയാൾ കടന്നു കളഞ്ഞു. തന്നെ പിടിച്ചുകൊല്ലുവാൻ രാജാവ് കല്പനയിട്ടു എന്നറിഞ്ഞ ശില്പി രക്ഷപെടുവാൻ തന്റെ കൂടാരത്തിൽ തന്റെ തന്നെ അനേകം ശില്പങ്ങൾ നിർമ്മിച്ചു. തന്നെ പിടിക്കുവാൻ വരുമ്പോൾ അദ്ദേഹം ആ ശില്പങ്ങളുടെ ഇടയിൽ നിൽക്കും ഏതാണ് ശില്പമെന്നും ശില്പിയെന്നും തിരിച്ചറിയുവാൻ സാധിക്കാതെ രാജസേവകർ മടങ്ങും.

ഇങ്ങനെ പല പ്രാവശ്യമായപ്പോൾ ബുദ്ധിമാനായ രാജാവ് നേരിട്ടെത്തി അയാളെ പിടിച്ചുകൊണ്ടു പോകുവാൻ വന്നു. പക്ഷെ അനേകം ശില്പങ്ങൾ. എല്ലാം ഒരുപോലെ, ജീവനുള്ളതേത് ജീവനില്ലാത്തതേത് എന്ന് തിരിച്ചറിയുവാൻ പോലും കഴിയുന്നില്ല. ശില്പിയെ കണ്ടുപിടിക്കുവാൻ രാജാവ് ഒരു ബുദ്ധി പ്രയോഗിച്ചു, അദ്ദേഹം ഉറക്കെ വിളിച്ചു പറഞ്ഞു. "എല്ലാം ആ മിടുക്കനായ ശില്പിയെപ്പോലെതന്നെ ഇരിക്കുന്നു. ജീവനുള്ളതുപോലെ എന്നാലും എന്തെങ്കിലും ഒരു കുറവു കാണിക്കാതിരിക്കില്ല."

ഇതു കേട്ട ശില്പി ഉറക്കെ ചോദിച്ചു "എന്തു കുറവ്, ഞാനുണ്ടാക്കുന്നതെല്ലാം ഒരു കുറവുമില്ലാത്തതാണ്" ഇതു കേട്ട രാജാവ് അയാളെ കൈയ്യോടെ പിടികൂടി.

പ്രിയപ്പെട്ട കൂട്ടുകാരെ "വീഴ്ചക്കുമുമ്പ് അഹങ്കാരമെന്ന് വിശുദ്ധ വേദപുസ്തകം പറയുന്നു. തന്നെയുമല്ല ഒരുവന്റെ നാവ് തന്നെ അവനു മരണ ഹേതുവാകുമെന്നും എഴുതിയിരിക്കുന്നു. രാജാവ് പ്രയോഗിച്ച ബുദ്ധി ശില്പി മനസ്സിലാക്കിമിണ്ടാതിരുന്നെങ്കിൽ അവൻ പിടിക്കപ്പെടില്ലായിരുന്നു.

പലപ്പോഴും നമുക്കും പല വീഴ്ചകൾ ഭവിക്കുന്നത് അഹങ്കാരംകൊണ്ടും നാവിൽനിന്നും വരുന്നതായ പല വാക്കുകൾ കൊണ്ടുമാണ്. അതുകൊണ്ട് വിനയാന്വിതരായിത്തീരാം നമ്മുടേയും നമ്മുടെ പ്രവത്തിയിലേയും കുറവുകളെ അംഗീകരിച്ച് നമ്മെക്കാൾ ശ്രേഷ്ഠരെ നമുക്കു ബഹുമാനിക്കാം നല്ലതിനെ നല്ലതായി അംഗീകരിക്കാം. ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

ഒത്തിരി സ്നേഹത്തോടെ

നിങ്ങളുടെ കൊച്ചിച്ചാച്ചൻ

മംഗലാപുരത്ത് അഡ്മിഷൻ

Karnataka Professional College Students Trust (R)
Reg. IV 222/2016-17, Mangalore

മംഗലാപുരത്തും ഉടുപ്പിയിലും സമീപസ്ഥലങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ കോഴ്സുകളിൽ അഡ്മിഷൻ ആവശ്യമുള്ളവർ മംഗലാപുരം ക്നായിത്തൊമ്മൻ എഡ്യുക്കേഷൻ ഗൈഡൻസ് സെന്ററുമായി ബന്ധപ്പെടുക. ഫീസിനങ്ങളിലും മറ്റും ചൂഷണങ്ങൾ ഒഴിവാക്കാനാണ് ഈ ക്രമീകരണങ്ങൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഠന നിലവാരത്തിൽ മികച്ചതായ കുട്ടികൾക്കുള്ള ഫീസിളവുകളും സ്കോളർഷിപ്പും ക്രമീകരിക്കുന്നതാണ്.

ഫാ. ബിനോ ഫിലിപ്പ്, മൂഴിപ്പറമ്പിൽ
Ph. 9495410722, 9447516556

ST. THOMAS KNANAYA CHURCH

11547 93 Street NW, Edmonton, Alberta, Canada-T5G 1C6

www.knanayachurchedmonton.com, E-mail.knanayachurchedmonton@gmail.com

Our New Administration Team-2018-19

Rev. Fr. Manu Punnoose Scariah,
Koithara, Chingavanam
(Vicar & President)

